PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1952.

Thursday, the 3rd July 1952.

Vol. VI OFFICIAL REPORT No. 4

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Thursday, the 3rd July 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number in brackets indicates the number in the list of admitted questions for the day).

ORAL ANSWERS.

Electricity Department.

*151. [1] **Shri P. S. Nataraja Pillai**: Will the Minister for Public Works and Electricity be pleased to state:

(*a*) the value of stock held under suspense account—Electricity (XLI—Budget Head) on 31-3-1952; and

(*b*) the date on which the last stock verification was done in this Department?

Shri P. S. Nataraja Pillai: In that question I think I have committed an error in pointing out the budget head. The correct budget head must be 81 A.

Minister for Works and Transport **(Shri Kalathil Velayudhan Nair)**:

(*a*) Under 81 A the value of stock balance amounts to Rs. 75,27,352-13-2 on 31-3-1952.

(*b*) The dates on which the last stock verification was done under the various stores under the Department are given below. Stocks were verified in the various stores on different dates.

Shri P. S. Nataraja Pillai: I want the different dates on which the verification was made in the different stores.

Shri Kalathil Velayudhan Nair:

Ernakulam—Chingam 1125
Lift Irrigation Stores, Alwaye—Not verified so far.
Trichur—Chingam 1125.
Chittur—Chingam 1125.

Pallivasal Stores—February 1952.
Kothamangalam—March 1951.
Alleppey—December 1951.
Pallom—June 1952.
Alwaye—Not verified so far.
Quilon—Medom 1122,
Mavelikara—Kumbhom 1121.
Trivandrum—Kumbhom 1123.
Paruthipara—Kumbhom 1123.
Thuckalay—Kumbhom 1123.
Sengulam—December 1949.
Poringalkuthu—Verification is in progress.
Madupatty— Do.

Shri P· S. Nataraja Pillai: Were any discrepancies reported to Government after these verifications?

Shri Kalathil Velayudhan Nair: No discrepancies have as yet been reported.

Shri P. S. Nataraja Pillai: Have the Government received reports of these verifications on different dates even from 1125 and 1951?

Shri Kalathil Velayudhan Nair: Yes. I think verification reports have been sent.

Shri P. S. Nataraja Pillai: May I know whether there are discrepancies in the stock?

Shri Kalathil Velayudhan Nair: I am not now in a position to say that.

Shri P. S. Nataraja Pillai: Considering the huge amount of money that lies locked up in these stocks, will the Government be more earnest to have the verification done simultaneously?

Shri Kalathil Velayudhan Nair: That shall be considered.

Caustic Soda Plant.

*152. [3] **Shri P. S. Nataraja Pillai:** Will the Minister for Industries be pleased to state:

(a) whether the Caustic Soda Plant for which a loan of Rs. 21 lakhs was granted to the Fertilisers and Chemicals in 1951, has come into production;

(b) the quantity produced per year; and

(c) whether the loan referred to in part (a) stands as a loan or whether it has been converted into shares of that company?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(a) The Caustic Soda Plant has not come into production.

(b) The estimated annual production is 7,000 tons of caustic soda.

(c) The loan itself was advanced with the ultimate idea of converting it into shares and that has been done.

Shri P. S. Nataraja Pillai: May I know whether the plant has been erected ?

Shri Panampilli Govinda Menon: It is nearing completion.

Shri P. S. Nataraja Pillai: In which year was this amount advanced ?

Shri Panampilli Govinda Menon: I think it was in 1951 or late in 1950.

Shri P. S. Nataraja Pillai: Is it after the estimate of costs for the erection of the plant was prepared, that this loan was advanced ? What is the total cost of the plant ?

Shri Panampilli Govinda Menon: It is run by a Corporation and Government are taking shares in it. Estimates are made by the management.

Shri P. S. Nataraja Pillai: This is called a loan as far as I understand. Now, today it stands as shares in a company. Is it for the shares of the Fertilisers and Chemicals or for the shares of a separate company that the money was advanced ?

Shri Panampilli Govinda Menon: The Caustic Soda factory is being managed by the Travancore-Cochin Fertilisers and Chemicals Ltd. The original idea was that the Fertilisers and Chemicals and the Mettur Chemicals will carry on the work of caustic soda plant. But Government found that it is very necessary that Government should have interest in that matter and therefore Government insisted that they should have shares worth Rs. 40 lakhs and the advance made has been converted into shares.

Shri P. S. Nataraja Pillai: May I know, Sir, whether this concern is separate from the Travancore Fertilisers and Chemicals ?

Shri Panampilli Govinda Menon: Yes.

Shri P. S. Nataraja Pillai: Why was it located at Alwaye?

Shri Panampilli Govinda Menon: Because it will be mostly connected with the matter of production in the F. A. C. T. Ltd. But it is a separate concern.

Shri P. S. Nataraja Pillai: May I know the principal raw materials that go into production of caustic soda ?

Shri Panampilli Govinda Menon: On that technical matter, just at present I am not in a position to say.

Shri P. S. Nataraja Pillai: May I know whether common salt forms part of one of its major constituents ?

Shri Panampilli Govinda Menon: I can accept the statement of the Hon. Member.

Shri P. S. Nataraja Pillai: If that be so, when the location of the industry was under consideration, did the Government enquire about the availability of the raw material ?

Shri Panampilli Govinda Menon: The produce of the factory is required by the Indian Rare Earths Ltd. which is to be established in Alwaye and that is one consideration.

Shri P. S. Nataraja Pillai : May I know whether the managing agents are the same as that of the Fertilisers and Chemicals ?

Shri Panampilli Govinda Menon : Yes.

Shri P. S. Nataraja Pillai : Is it an allied concern ?

Shri Panampilli Govinda Menon : We cannot say whether it is an allied concern or not. Technically there is no such term. But in substance it is very much like the activities that will go in the F. A. C. T., in the Caustic Soda Plant and in the Rare Earths.

Shri P. S. Nataraja Pillai : Is there a report pending before Government by the Government auditor about the management ?

Mr. Speaker : May I point out that the hon. Member is going astray from the question before the House ?

Shri P. S. Nataraja Pillai : No, Sir. On a word of explanation, Sir.

Mr. Speaker : That will take more time.

Shri P. S. Nataraja Pillai : Is not a report from the Government auditor pending before the Government that there was defalcation in the Forest Industries ?

Shri Panampilli Govinda Menon : I do not know exactly what the nature of the report is ; but there is a report ?

Shri P. S. Nataraja Pillai : How old is that report ?

Shri Panampilli Govinda Menon : I want notice.

Shri P. S. Nataraja Pillai : May I know whether the Government are aware that the company is being grossly mis-managed by this managing agency ?

Mr. Speaker : That question does not arise.

Shri P. S. Nataraja Pillai : What is the commission stipulated ?

Mr. Speaker : Order, order.

Shri E. P. Varghese : May I know whether sodium chloride is got from our State or from outside ?

Shri Panampilli Govinda Menon : Production has not begun and therefore I cannot say.

ശ്രീ. പി. വി. അവിരാത്തരകൻ : ഈ കമ്പനിയിലെ ഉൽപ്പാദനങ്ങളുടെ വിതരണകാര്യത്തിൽ ഇൻഡ്യാ ഗവണ്മെൻറ് ഇടപെടുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

Shri M. M. Abdul Khader : May I know whether the technical hands of this Caustic Soda Plant are outsiders, while there are avilable local technicians in the State ?

Shri Panampilli Govinda Menon : I should like to know what the hon. Member means by 'outsiders'-

Shri M. M. Abdul Khader : " Outsiders " means people from outside the State.

Shri Panampilli Govinda Menon : I do not know that because production has not yet begun.

Shri E. Gopalakrishna Menon : May I know whether the Government has control over the working of that concern ?

Shri Panampilli Govinda Menon : Government is the major shareholder and so it has control over its working.

Government investments in industrial concerns and joint stock companies.

*153 [4.] **Shri P. S. Nataraja Pillai :** Will the Minister for Finance be pleased to state :

(*a*) which of the figures, relating to Government investment in Industrial Concerns and Joint Stock Companies, contained in answers to question No. 37 (6) dated 24-9-1951 (*vide* page 661—No- 11 Volume IV Proceedings) and question No. 165 dated 24-9-1951 *vide* page 262 and 321 No. 6 Volume IV Proceedings), is correct ; and

(*b*) why these discrepancies occur and who is responsible for them ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon) :** (a) The figures contained in answers to question No. 37 (6) represent the actual amount invested by Government in the shares, which include transfer and other incidental charges, etc. incurred on the acquisition of the shares. The figures contained in the answers to question 165 show the investment calculated on the face value of the shares.

(b) Does not arise in view of the answer to Part (a)

Shri P. S. Nataraja Pillai ; May I know the date on which question No. 37 was answered and the date on which the other question was answered ?

Shri Panampilli Govinda Menon : Question No. 37 was answered on the 29th of September 1951, and question No. 165 was answered on the 24th September 1951.

Shri P. S. Nataraja Pillai : May I request the Member to read the original question itself and say whether there is any substantial difference in the information called for ?

Shri Panampilli Govinda Menon : Yes. Question No. 165 was as follows:

Shri P. S. Nataraja Pillai : Question No. 37 ?

Shri Panampilli Govinda Menon : Question No. 37 is as follows :

" (x) Will the Minister for Finance be pleased to state :—

(a) the number of Joint Stock Companies in the State in which the Government have taken shares (I) nominal and (II) more than 50 per cent-

(b) additional investments made by Government on them by way of grants and loans, if any ;

(c) the profits earned or loss incurred by such concerns for the last five years ?"

Shri P. S. Nataraja Pillai : Does the hon. Member still hold that part (b) of 165 and part (a) of question No. 37 are different?

Shri Panampilli Govinda Menon : It is evident that they are:

"തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൽനിന്നും നേരിട്ടു നടത്തുന്ന വ്യവസായങ്ങൾ ഏതെല്ലാം ?

അവയിൽ ഗവണ്മെൻറിനു ഓഹരിയുള്ള വ്യവസായസ്ഥാപനങ്ങൾ ഏതെല്ലാം, ഉള്ള ആകെ ഓഹരികളുടെ വിലയെന്താണ്, ഈ സ്ഥാപനങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു നിയമിച്ചിരിക്കുന്ന ഗവണ്മെൻറു പ്രതിനിധികൾ ആരെല്ലാം ?".

ഇതാണ് ആ ചോദ്യം.

മരച്ചീനി കയററുമതിനിരോധനം.

* ൧൭൪. [൬] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മരച്ചീനി കയററുമതിനിരോധനം ഏർപ്പെടുത്തിയതു് എന്നു് ?

(ബി) ഏർപ്പെടുത്താനുള്ള കാരണമെന്തു് ?

(സി) അന്നു് എത്ര ഏക്കർ സ്ഥലത്തു മരച്ചീനിക്കൃഷി ഉണ്ടായിരുന്നു ?

(ഡി) മരച്ചീനി കയററുമതിനിരോധനം നീക്കിയതെന്നു് ?

(ഇ) അന്നു് എത്ര ഏക്കർ സ്ഥലത്തു മരച്ചീനിക്കൃഷി ഉണ്ടായിരുന്നു ?

(എഫ്) നിരോധനം നീക്കാനുള്ള കാരണം എന്തു് ?

(ജി) മരച്ചീനി കയററി അയയ്ക്കാനുള്ള അനുവാദം കൊടുത്തതു് ആൎക്കെല്ലാം ?

(എച്ച്) ൩൧-൭-൧൧൨൬-നുള്ളിൽ എത്ര മരച്ചീനി കയററി അയച്ചിട്ടുണ്ടു് ?

(ഐ) മരച്ചീനി കമ്മിററി അംഗങ്ങൾ ആരെല്ലാം ?

(ജെ) കമ്മററിയുടെ റിപ്പോർട്ടു് എന്നാണു വന്നതു് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) മരച്ചീനി കയററുമതി നിരോധനം ഏർപ്പെടുത്തിയതു് ൧൧൨൪ നവംബർ ൧൭-ാം തീയതിയാണു്.

(ബി) ഭക്ഷ്യക്ഷാമം മൂലമാണു്.

(സി) ഉദ്ദേശം അഞ്ചുലക്ഷം ഏക്കർ സ്ഥലത്തു്.

(ഡി) ൧൧൨൬ ഏപ്രിൽ ൧൦-ാംനു.

(ഇ) ഉദ്ദേശം അഞ്ചര ലക്ഷം ഏക്കർ സ്ഥലത്തു്.

(എഫ്) ധാരാളം മരച്ചീനി നാട്ടിൽ വിററഴിയാതെ കിട ന്നതുകൊണ്ടും തന്മൂലം മരച്ചീനിക്ക് വിലയിടിവ് വന്നതുകൊണ്ടും, പൊതുവെ രാജ്യത്തുള്ള ഭക്ഷ്യനില തൃപ്തികരമായതുകൊണ്ടുമാണ് നിരോധനം നീക്കിയതു്.

(ജി) അനിയന്ത്രിതമായി കയററമതി ചെയ്യാൻ അനുവദിച്ചിരുന്നതുകൊണ്ട് പ്രത്യേകം അനുവാദം ആക്കുംതന്നെ കൊടുക്കേണ്ടിയിരുന്നില്ല.

(എച്ച്) കണക്കെടുത്തിട്ടില്ല.

(ഐ) ൧. ശ്രീ. പി. ജെ. തോമസ്സ് (ചെയർമാൻ)
൨. ശ്രീ. പി. ബാലകൃഷ്ണൻതമ്പി (അംഗം)
൩. ശ്രീ. കെ. ആർ. ഇലങ്കത്ത് ,,
൪. ശ്രീ. കെ. എ. മാത്യു ,,
൫. ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി ,,
൬. ശ്രീ. ററി. എസ്. ബന്ധു ,,
൭. ശ്രീ. പി. എ. കാസിം (റവന്യൂബോർഡ് ദ്വിതീയ മെംബർ)

(ജെ) കമ്മിററിയുടെ അവസാന റിപ്പോർട്ട് ഇതേവരെ കിട്ടിയിട്ടില്ല. ജൂൺമാസം അവസാനം അയക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. കമ്മിററിയുടെ ഒരു ഇടക്കാല റിപ്പോർട്ടു കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: മരച്ചീനി കയററമതി നിരോധനം നീക്കിയ അവസരത്തിൽ ഈ രാജ്യത്ത് ഭക്ഷ്യക്ഷാമം ഇല്ലായിരുന്നുവെന്നാണോ ഗവണ്മെൻറ് വിശ്വസിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്ന് ഞാൻ പറഞ്ഞില്ല. രാജ്യത്ത് മരച്ചീനി അന്ന് ആവശ്യത്തിലധികം ഉണ്ടായിരുന്നുവെന്നും അതു ചെലവാകാത്തതിനാൽ മരച്ചീനികൃഷിക്കാക്ക് വളരെ വൈഷമ്യങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നെന്നും കാണിച്ച് കമ്മിററി റിപ്പോർട്ടു ചെയ്തതിൻെറ ഫലമായി ഗവണ്മെൻറ് അന്വേഷണം നടത്തുകയും അതിൻെറ ഫലമായി അങ്ങനെ ചെയ്യുന്നതുകൊണ്ട് ഭക്ഷ്യനിലയ്ക്ക് യാതൊരു ദോഷവും വരികയില്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യമാകുകയും ചെയ്തുകൊണ്ടാണ് കയററമതി നിരോധനം നീക്കിയതു്.

ശ്രീ. ആർ. ഗംഗാധരൻ: നിരോധനം നീക്കിയതുകൊണ്ട് തീരദേശവാസികൾക്ക് മരച്ചീനി കിട്ടിയില്ല എന്നുള്ള പരാതി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിക്ക താലൂക്കുകളിലും മരച്ചീനി ആവശ്യത്തിനു് ഉണ്ടായിരുന്നുവെന്നാണ് അറിവ്.

ശ്രീ. ആർ. ഗംഗാധരൻ: അങ്ങനെ കിട്ടിയിട്ടില്ല എന്നു ഞാൻ പറഞ്ഞാൽ ഗവണ്മെൻറിനു വിശ്വസിക്കാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബറുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുകയല്ല ഞാൻ ചെയ്യുന്നതു്. ഈ വക കാര്യങ്ങളിൽ ബഹുമാനപ്പെട്ട മെംബർക്ക് മുഴുവൻ കാര്യങ്ങളും അറിഞ്ഞിരിക്കുവാൻ വഴിയില്ല.

ശ്രീ. ആർ. ഗംഗാധരൻ : എന്റെ നിയോജകമണ്ഡലത്തിലെ കാര്യം ഞാൻ പറയുന്നതു് വിശ്വസിക്കാൻ കഴിയുമോ?

(ഉത്തരമില്ല.)

ശ്രീ. കെ. ജെ. താമസ്സ് : മരച്ചീനി കയററി അയയ്ക്കുന്നതിൽ വീണ്ടും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മിഥുനം കർക്കടകമാസങ്ങളിൽ സാധാരണ ക്ഷാമമുണ്ടാകുന്ന പതിവുണ്ടു്. ആ ബുദ്ധിമുട്ടു് വരരുതെന്നു വിചാരിച്ചാണു് വീണ്ടും നിരോധിച്ചിട്ടുള്ളതു്.

ശ്രീ. കെ. ജെ. താമസ് : ഈ നിരോധനയുത്തരവു് എത്രനാളം നീണ്ടുനിന്നു എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒന്നു രണ്ടു മാസം നീണ്ടുനിന്നു.

ശ്രീ. കെ. ജെ. താമസ് : നിരോധനം നീക്കിയശേഷം മരച്ചീനിയുടെ വില വർദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അൽപ്പം വർദ്ധിച്ചു.

ശ്രീ. ഒ. സി. നൈനാൻ : മരച്ചീനി കയററി അയയ്ക്കുന്നതു് നിരോധിച്ചപ്പോഠം കൃഷി വളരെ കുറഞ്ഞിരുന്നുവെന്നുള്ള വിവരം അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മരച്ചീനിക്കു് കുറച്ചു് വില കൂടണമെന്നു് മരച്ചീനികൃഷിക്കാർക്കു് ഉദ്ദേശമുണ്ടായിരുന്നു.

ശ്രീ. എം. എം. അബ്ദുൽഖാദർ : മരച്ചീനികൃഷിക്കാരുടെ കയ്യിൽനിന്നുള്ള മരച്ചീനി മുഴുവൻ, എക്സ്പോർട്ടു ചെയ്യുന്ന മുതലാളികഠം വാങ്ങിയതിനുശേഷമാണു് ഈ നിരോധനം മാററിയതെന്നുള്ളതു് ശരിയാണോ?

Mr. Speaker: All these are assumptions, and hence the question is disallowed.

കയർവ്യവസായസ്തംഭനം.

* ൨൩൩. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങഠംക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കയർവ്യവസായസ്തംഭനത്തേയും തന്മൂലം ഉളവായ തൊഴിലില്ലായ്മയേയുംപററി സംസാരിക്കാൻ അനുവാദം കിട്ടണമെന്നു കാണിച്ചു് ചിറയിൻകീഴ്താലൂക്കു് കയർവർക്കേഴ്സ് യൂണിയൻ പ്രസിഡൻറു് ഒരു കത്തയച്ചിരുന്നോ?

(ബി) ഉണ്ടെങ്കിൽ എന്നാണു്?

(സി) അതിനു് എന്തു മറുപടി നൽകി?

(ഡി) കാണാനുള്ള അനുവാദം കൊടുത്തോ?

(ഇ) ഇല്ലെങ്കിൽ കാരണമെന്തു്?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ. & ബി.) ചിറയിൻകീഴ് താലൂക്ക് കയർവർക്കേഴ്സ് യൂണിയൻ പ്രസിഡൻറിൽനിന്ന് അങ്ങനെയൊരു കത്ത് കിട്ടിയിട്ടില്ല. ഇ-ർ-ഫൻ ഓ വ-ൽ ശ്രീ. ആർ. ഗംഗാധരൻ ബി. ഏ., ബി. എൽ., എം. എൽ. എ. യുടെ ഒരു കത്ത് കിട്ടിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ കത്തിനു മറുപടിയായി ഈ വിഷയത്തെപ്പററി ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം എഴുതി അയച്ചു തരാൻ ആവശ്യപ്പെട്ട് ഒരു കത്തയച്ചിട്ടുണ്ട്. എനിക്ക് അതിനെപ്പററി ഒരു വാക്കുകൂടി പറയാനുണ്ട്. വാക്കാൽ വന്ന് നിവേദനം നടത്തുന്നതിനെക്കാറം കൂടുതൽ പ്രയോജനപ്രദമായിരിക്കും എന്തു വിഷയത്തെക്കുറിച്ചാണ് നിവേദനം നടത്തുന്നതെന്നു നേരത്തെ അറിയിക്കുന്നതു്. അതുകൊണ്ടാണ് ആ നിലയിൽ ഒരു കത്തയച്ചതു്.

(ഡി, ഇ.) ആ കത്തിന് മറുപടി വരാത്തതുകൊണ്ട് വീണ്ടും എന്നാണ് കാണേണ്ടതെന്നുള്ളതിനെപ്പററി എഴുതി അയച്ചിട്ടില്ല. ബഹുമാനപ്പെട്ട മെംബർക്ക് കണ്ടു സംസാരിക്കുന്നതിനു സാധിക്കുന്നതിനു മുമ്പു തന്നെ കയർ വ്യവസായത്തിൻെറ സ്ഥിതിഗതികളെപ്പററി ചർച്ചചെയ്യാൻ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടാൻ നിശ്ചയിച്ചിരുന്നു. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മെംബറോട്ട് യാതൊരു അനാദരവും കാണിക്കണമെന്നുള്ള ഉദ്ദേശം ഉണ്ടായിരുന്നില്ലെന്നുള്ള വിവരം ഞാൻ ഈയവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ആർ. ഗംഗാധരൻ : അങ്ങനെ വിളിച്ചു കൂട്ടാനുദ്ദേശിച്ച കാൺഫറൻസിൽ ആ ബഹുമാനപ്പെട്ട മെംബറെ ക്ഷണിച്ചിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ക്ഷണിച്ചിരുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ : അതിനുള്ള കാരണമെന്താണ് ?

Shri Panampilli Govinda Menon : I regret for the mistake.

ശ്രീ. ആർ. ഗംഗാധരൻ : ചിറയിൻകീഴ് താലൂക്കിലെ കയററു തൊഴിലാളികളുടെ ദുരിതങ്ങറക്ക് എന്തെങ്കിലും പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ കയർവ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള ആളുകളുടെ എല്ലാ കാര്യങ്ങളേയുംപററി വേണ്ട നടപടികറ എടുത്തുവരുന്നുണ്ട്.

നെയ്ത്തുവ്യവസായം.

* ፈ ൭ ന്നു. [വ്വ] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങറക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) നെയ്ത്തു വ്യവസായസ്തംഭനത്തിനുള്ള കാരണമെന്താണ് ?

(ബി) കോട്ടേജ് ഇൻഡസ്ട്രീസുബോർഡ് നെയ്ത്തുവ്യവസായത്തിൻെറ അഭിവൃദ്ധിക്കായി എന്തെങ്കിലും പദ്ധതികറ ഉണ്ടാക്കിട്ടുണ്ടോ ?

(സി) ഉണ്ടെങ്കിൽ എന്താണ് ?

(ഡി) പദ്ധതി എന്നുമുതൽ നടപ്പിൽ വരും ?

ധനകാര്യവും സിവിൾ സപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നെയ്ത്തു വ്യവസായസ്തംഭനമെന്ന ചോദ്യത്തിൽ പറഞ്ഞിട്ടുള്ളതു് എന്താണെന്ന മനസ്സിലാകുന്നില്ല.

(ബി) കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡ് നെയ്ത്തു വ്യവസായത്തിന്റെ അഭിവൃദ്ധിക്കായി പദ്ധതികളൊന്നും ഉണ്ടാക്കിയിട്ടില്ല.

(സി & ഡി) ബി യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ : നെയ്ത്തുതൊഴിലാളികൾക്കു് തൊഴിലില്ലാതെ വന്നിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനു് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നെയ്ത്തുതൊഴിലാളികളിൽനിന്നു ചില പരാതികൾ കിട്ടിയിട്ടുണ്ടു്. അതിന്മേൽ എന്തു നടപടികളാണെടുക്കേണ്ടതെന്നു് ആലോചിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. ജെ. ററി. മൊറായിസ് : നെയ്ത്തു തൊഴിലാളികൾക്കു് നിശ്ചിതവിലയ്ക്കു് നൂൽ കിട്ടുന്നില്ലെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനന്തരനടപടികൾ എടുക്കുമ്പോൾ അതിനെപ്പററി ആലോചിക്കാം.

ശ്രീ. ജെ. ററി. മൊറായിസ് : നിശ്ചിത വിലയ്ക്കു് നൂൽ കിട്ടുന്നില്ലെന്നുള്ള പരാതിയിന്മേൽ ഗവണ്മെന്റു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പരാതി ലഭിച്ചിട്ടുണ്ടോ എന്നുള്ള കാര്യം നോട്ടീസ് കൂടാതെ പറയാൻ നിവൃത്തിയില്ല. എല്ലാ കാര്യങ്ങളെപ്പററിയും ആലോചിക്കാവുന്നതാണു്.

ശ്രീ. പി. രവീന്ദ്രൻ : നെയ്ത്തു തൊഴിലാളികളുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടാമെന്നു് ലേബർ മന്ത്രി സമ്മതിച്ചിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സമ്മതിച്ചിട്ടുണ്ടു്. ആ സമ്മതം ഇപ്പോഴും നിലവിലിരിക്കുകയാണു്.

ശ്രീ. പി. രവീന്ദ്രൻ : മൂന്നാഴ്ചയ്ക്കകം വിളിച്ചു കൂട്ടാമെന്നല്ലേ സമ്മതിച്ചിരുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മൂന്നാഴ്ച എന്നുള്ളതിനു് പ്രാധാന്യം കൊടുക്കരുതു്. അതിന്റെ കാര്യങ്ങളെല്ലാം ശരിക്കു മനസ്സിലാക്കിയശേഷം സമ്മേളനം വിളിച്ചുകൂട്ടുന്നതായിരിക്കും ഉത്തമം.

ശ്രീ. പി. രവീന്ദ്രൻ : ഇത്രയും കാലമായിട്ടും സമ്മേളനം വിളിച്ചു കൂട്ടാത്തതു് എന്തുകൊണ്ടാണെന്നു് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള വിവരങ്ങളെല്ലാം ശേഖരിച്ചു കഴിയാത്തതുകൊണ്ടാണു് വിളിച്ചുകൂട്ടാത്തതു്.

Shri P. S. Nataraja Pillai : Sir, may I know whether there is scarcity of yarn for weaving or whether there is no demand for handloom products ? What is the fact that faces the country?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നാട്ടിൽ ധാരാളം നൂലുണ്ട്. ആ നൂൽ വിൽക്കാൻ സാധിക്കുന്നില്ലെന്നു മുതലാളിമാരും നൂൽ കിട്ടുന്നില്ലെന്ന് നെയ്ത്തു തൊഴിലാളികളും ഒരുപോലെ നിവേദനം നടത്തിക്കൊണ്ടിരിക്കയാണ്.

Shri P. S. Nataraja Pillai : Is there any disparity in prices of yarn obtained in the Madras State and in the Travncore-Cochin State ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എനിക്കു നോട്ടീസ് കൂടാതെ പറയാൻ സാധിക്കയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : നെയ്ത്തു തൊഴിലാളികളുടെ ഏതെങ്കിലും നിവേദനം ഈ ഗവണ്മെന്റിൽനിന്നും കേന്ദ്രഗവണ്മെന്റിലേയ്ക്കു് അയച്ചിട്ടുണ്ടോ?

Mr. Speaker : That is how we wander away from the main question. The question whether the Committee has made a report concerning this has already been put more than once and the answers were invariably in the negative. What is the use of persisting in asking the very same question ?

Waiting shed.

*157 [9.] **Shri K. Madhavan Unnithan** : Will the Minister for Transport be pleased to state whether it is a fact that inconvenience and hardship are experienced by passengers due to lack of a waiting shed at Adoor ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) : Yes Governmsnt are taking necessary steps in the matter.

Shri M. M. Abdul Khader : Will the Government take necessary steps in the matter of constructing waiting sheds at places where waiting sheds are not available ?

Shri Kalathil Velayudhan Nair : That is the object of the Government.

Dispensary at Mezhuveli.

*158 [10.] **Dr. M. Sivaraman Nair** : Will the Minister for Medicine and Public Health be pleased to state :

(a) whether representations have been received in connection with starting a dispensary at Mezhuveli, Thiruvella taluk, and

(b) if so, what steps have been taken ?

Minister for Medicine and Public Health (**Shri V. Madhavan** :)

(a) Yes.

(b) The matter is under consideration.

കയർവ്യവസായസ്തംഭനം.

* ൧൦൯. [൧൧] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ കയർവ്യവസായസ്തംഭനത്തെപ്പററി അന്വേഷിക്കാൻവന്ന കേന്ദ്രഗവണ്മെൻറ് ഉദ്യോഗസ്ഥനു് ഗവണ്മെൻറ എന്തെങ്കിലും വ്യക്തമായ പദ്ധതികളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ?

(ബി) നൽകിയിട്ടുണ്ടെങ്കിൽ അവ എന്തെല്ലാം?

(സി) കയർവ്യവസായസ്തംഭനം പരിഹരിക്കാൻ സംസ്ഥാനഗവണ്മെൻറ അടിയന്തിരമായ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണു് ഉദ്ദേശിച്ചിരിക്കുന്നതു്?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സംസ്ഥാനത്തെ കയർവ്യവസായ സ്തംഭനത്തെപ്പററി അന്വേഷിക്കാൻവന്ന കേന്ദ്രഗവണ്മെൻറ് ഉദ്യോഗസ്ഥനു് വേണ്ട എല്ലാ വിവരങ്ങളും ഗവണ്മെൻറ നൽകിയിട്ടുണ്ടു്. ഈ ഗവണ്മെൻറിൽനിന്നു് പദ്ധതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനു് അദ്ദേഹത്തെ നിയോഗിച്ചിരുന്നില്ല.

(ബി) എ-യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രസ്തുത പരിപാടികൾ ജൂൺമാസം ൧൧-ാംനു ഗവണ്മെൻറിൽനിന്നും പ്രസിദ്ധീകരിച്ച പ്രസ്കമ്യൂണിക്കേയിൽ വിവരിച്ചിട്ടുണ്ടു്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ശ്രീ. കൃഷ്ണയ്യർ ഡൽഹിയിൽ എത്തിയതിനുശേഷം ഇൻഡ്യാഗവണ്മെൻറ് ആഫീസർ മി. കൗൾ ഇവിടെ വന്നതായും അദ്ദേഹം ധനകാര്യമന്ത്രിയുമായി ചർച്ചചെയ്തതായും കേൾക്കുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. കൃഷ്ണയ്യർ വന്നതിനുശേഷം കൗൾ ഇവിടെ വന്നിരുന്നുവെന്നുള്ളതും, അദ്ദേഹം ഇൻഡ്യാഗവണ്മെൻറിലെ ഒരു ഉദ്യോഗസ്ഥനാണെന്നുള്ളതും, എന്നെ കണ്ടു എന്നുള്ളതും വാസ്തവമാണു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ധനകാര്യമന്ത്രിയുമായി അദ്ദേഹം ചർച്ചചെയ്തതിന്റെ ഫലമായി ശ്രീ. കൃഷ്ണയ്യരുടെ റിപ്പോർട്ടിനു പ്രതികൂലമായി റിപ്പോർട്ടുചെയ്തു എന്നൊരു സംസാരമുള്ളതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

Mr. Speaker: The question is disallowed as it is based on rumours.

ബീഡിലൈസൻസ്.

* ൧൬൦ [൧൧] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ ബീഡിതെറുപ്പുകാരിൽനിന്നും കേന്ദ്രഗവണ്മെൻറ ലൈസൻസ്ഫീസിനായി ഒരു തുക ഈടാക്കീട്ടുണ്ടോ?

(ബി) അങ്ങനെ ഒരു ഫീസ് ഈടാക്കേണ്ടതില്ലെന്നു പിന്നീടു തീരുമാനിച്ചിട്ടുണ്ടോ?

(സി) ഈടാക്കിയ തുക തിരിയെ കൊടുക്കേണ്ടതാണെന്നു തീരുമാനിച്ചിട്ടുണ്ടോ?

(ഡ.) ഈ തുക ഈടാക്കിയിട്ട് എത്ര വർഷമായി. ഈടാക്കിയ തുകയെന്ത്?

(ഇ) ഇനിയും ഈ തുക തിരിച്ചുകൊടുക്കാതിരിക്കാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

ഈ ചോദ്യത്തിനു് ഇതിനുമുമ്പ് ഈ സെഷനിൽതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ടി. എ. മജീദ്: ഈ സംസ്ഥാനത്തെ ചെറുതരം വ്യവസായികൾക്ക നഷ്ടം ഉണ്ടാക്കുന്ന കാര്യത്തെപ്പററി ഗവണ്മെൻറ് എന്തുകൊണ്ട് അന്വേഷിച്ചില്ലെന്നു പറയാമോ?

ശ്രീ. വി. മാധവൻ: ഗവണ്മെൻറ് അന്വേഷിച്ചിട്ടില്ലെന്ന് ഇതിനുമുമ്പു പറഞ്ഞിട്ടില്ല. ഗവണ്മെൻറ് ബീഡിത്തൊഴിലാളികളിൽനിന്നും ഈടാക്കിയിട്ടുള്ള ,സംഖ്യ തിരിച്ചുകൊടുക്കണമെന്ന് ഇൻഡ്യാഗവണ്മെൻറിനോട് എഴുത്തുകുത്തു നടത്തിയിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളതു്.

ശ്രീ. ടി. എ. മജീദ്: അറിഞ്ഞുകൂടാ അറിഞ്ഞുകൂടാ എന്നാണു അന്നു ചോദ്യത്തിനു മറുപടി പറഞ്ഞതു്.

Mr. Speaker : That information has been furnished in an answer already given on a previous occasion.

കൂട്ടരിനിർമ്മാണം.

* ൧൬൧ [൧൮] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) ൧൯൫൮-ൽ കൂട്ടരിനിർമ്മാണത്തിനു് (Synthetic rice) എത്ര ആയിരം രൂപാ ചെലവായി?

(ബി) ആ ഇനത്തിൽ എത്ര ആയിരംരൂപാ ഗവണ്മെൻറിനു് വരവുണ്ടായി? അല്ലെങ്കിൽ ഉദ്ദേശം എത്ര രൂപാ വരവുണ്ടാകും?

ചീഫ്മിനിസ്റ്റർ (ശ്രീ. എ. ജെ. ജാൺ) :

(എ) ൧൯,൧൮൯ രൂപാ ൧൦ അണ ൧൧ പൈസ. ഇതിൽ ൧൪൧൨൫ രൂപാ ൧ അണ ൩ പൈസ കൂട്ടരിനിർമ്മാണയന്ത്രങ്ങളുടെ വിലയാണു്.

(ബി) ൯൦൦ രൂപാ ൨ അണ ൯ പൈസ വരവുണ്ടു്, കൂടാതെ ഇപ്പോഴും അവശേഷിക്കുന്ന സ്റ്റാക്കിൽനിന്നും ൮൦൦ രൂപാകൂടി കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ൧൯൫൨, ൫൩ ലക്ഷ എന്തുതുക ഈ ഇനത്തിൽ കൊള്ളിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : ൧൯൫൨-ലെ കാര്യമാണു് ഞാൻ പറഞ്ഞതു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഈ ഇടപാടു് ഇനിയും തുടരണമെന്നാണോ ഗവണ്മെൻറുദ്ദേശിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : കൊച്ചിയുടെ വടക്കഭാഗത്തു് ഇതിനു് ഡിമാൻഡു് ഉണ്ടു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : നമ്മുടെ ഭക്ഷ്യക്ഷാമം പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണോ ഇതു തുടങ്ങിയതു്?

ശ്രീ. എ. ജെ. ജാൺ : അതേ.

ശ്രീ. എൻ. രാജഗോപാലൻനായർ : ൫൦,൦൦൦ രൂപ ൧൯൫൧–൫൨–ലേക്കു് കൂട്ടരിനിർമ്മാണച്ചെലവിലേക്കു് കൊള്ളിച്ചിരിക്കുകയും വെറും നൂറുരൂപാമാത്രം ആ ഇനത്തിൽ വരവു പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നതു് എന്താണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : കൂട്ടരിനിർമ്മാണം ഇപ്പോഴും പരീക്ഷണഘട്ടത്തിലിരിക്കുന്നതേയുള്ളു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : വടക്കു്, കൂട്ടരിനിർമ്മാണത്തിനു് ഡിമാൻറ ഉണ്ടെന്നു പറഞ്ഞതെവിടെയാണു്?

Mr. Speaker : Northen part of the Cochin State. It is a matter of geography.

ശ്രീ. ജോസഫ് വാഴപ്പള്ളി : കൂട്ടരിനിർമ്മാണം ഇപ്പോഴും പരീക്ഷണമായിട്ടല്ലെ ഇവിടെ നടത്തിവരുന്നതു്.

ശ്രീ. എ. ജെ. ജാൺ : അങ്ങിനെതന്നെയാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ : അൻപതിനായിരം രൂപാ ചെലവാക്കിയിട്ടു് വെറും നൂറുരൂപാമാത്രം വരവു പ്രതീക്ഷിക്കുന്നുള്ളു എങ്കിൽ അതങ്ങു നിർത്തരുതോ?

ശ്രീ. എ. ജെ. ജാൺ : അതേപ്പററി ഗവണ്മെൻറാലോചിക്കുന്നതാണു്.

ഡാക്ടർ എൻ. എസ്സ്. പിള്ള : ബഹുമാനപ്പെട്ട മന്ത്രി മരച്ചീനി അരി തിന്നിട്ടുണ്ടോ?

Mr. Speaker : That question is disallowed.

ஸ்ரீ. வி. சங்கர்: மரச்சீனியை அப்படியே சாப்பிடுவதைவிட மரச்சீனியிலிருந்து செய்யப்பட்ட செயற்கை அரிசி (Synthetic rice) *சாப்பிடுவதால் கூடுதல் பிரயோஜனம் ஏதாவதுண்டா?*

ശ്രീ. എ. ജെ. ജാൺ : അതു തിന്നാൽ കുറെ കൂടുതൽ ഗുണമുണ്ടെന്നാണു പറയുന്നതു്.

Mr. Speaker : The Chief Minister is not a nutrition expert.

യാത്രക്കാരുടെ പരാതി.

* ൧൩൨. [൧൭] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

ഏതെങ്കിലും യാത്രക്കാരുടെ പരാതി കിട്ടിയാൽ അതിന്മേൽ തെളിവെടുക്കുന്നതിനു മുമ്പുതന്നെ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ ജീവിനക്കാരെ ഡിപ്പാർട്ടുമെൻറു മേലധികാരികൾ സസ്പെൻറു ചെയ്യുവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) : ഇല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ചങ്ങനാശേരിയിൽ വച്ചു എക്സ്പ്രസ്സ് ബസ്സിൽ ഒരു യാത്രക്കാരനെ കയററാൻ അനുവദിക്കാതെയിരുന്നു എന്നുള്ള സംഗതിക്കു് അതിലെ ഉദ്യോഗസ്ഥനെ യാതൊരു സമാധാനവും ആവശ്യപ്പെടാതെ യാത്രക്കാരൻെറ പരാതി വച്ചുകൊണ്ടു സസ്പെൻറുചെയ്തിട്ടുള്ളതു ശരിയാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങിനെ അന്വേഷണം നടത്താതെ ആരെയും ശിക്ഷിക്കാറില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ആ ഉദ്യോഗസ്ഥൻ തൻെറ നിരപരാധിത്വം തെളിയിച്ചിട്ടും പല തവണയും ഹാജരായിട്ടുപോലും സസ്പെൻഷൻ ക്യാൻസൽചെയ്തുകൊടുത്തിട്ടില്ലെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് അറിയാൻ പാടില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : മററു ഏതെങ്കിലും ഡിപ്പാർട്ടുമെൻറുകളിൽ ഇതുപോലെ പരാതികൾ ഉണ്ടായാൽ അതിന്മേൽ തെളിവെടുക്കുന്നതിനുമുമ്പുതന്നെ ശിക്ഷാക്കാറുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ഡിപ്പാർട്ടുമെൻറിൽ ഇല്ലെന്നാണ പറഞ്ഞതു്. ഏതു് ഡിപ്പാർട്ടുമെൻറിലും പരാതികൾ ഉണ്ടായാൽ ഒരു പ്രാഥമിക അന്വേഷണം നടത്തി അതിനുശേഷം സസ്പെൻറ ചെയ്യുന്ന ഒരു നടപടിയാണു് അനുവർത്തിച്ചു വരുന്നതു്.

ഭക്ഷ്യധാന്യ റേഷൻ വില.

* ൧൬൩. [൧൬] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഫൈനാൻസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗവണ്മെൻറു് ലൈസൻസുള്ള ഭക്ഷ്യധാന്യറേഷൻ ഷാപ്പുകളിൽ വ്യാപാരികൾ ഗവണ്മെൻറു് അപ്പോഴപ്പോൾ ക്ലിപ്തപ്പെടുത്തുന്ന വിലയിൽനിന്നും കൂടുതൽവില ഭക്ഷ്യധാന്യങ്ങൾക്കു് ഈടാക്കിവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറു് എന്തു നടപടി സ്വീകരിച്ചു?

(സി) കഴിഞ്ഞകൊല്ലം പകുതിയിൽ മൂന്നു റേഷൻകടക്കാർ ഭക്ഷ്യധാന്യറേഷനു് ഗവണ്മെൻറു് ക്ലിപ്തപ്പെടുത്തിയിരുന്നതിനെക്കാൾ കൂടുതൽവില ഈടാക്കിവന്നിരുന്നതായി നാട്ടുകാരിൽനിന്നും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെൻറ ലൈസൻസുള്ള ഭക്ഷ്യധാന്യറേഷൻ ഷാപ്പുകളിൽ വ്യപാരികൾ ഗവണ്മെൻറ അപ്പഴപ്പോൾ ക്ലിപ്തപ്പെടുത്തുന്ന വിലയിൽനിന്നും കൂടുതൽ വില ഭക്ഷ്യധാന്യങ്ങൾക്കു് ഈടാക്കിവരുന്നതായി പരാതികൾ കിട്ടിയിട്ടുണ്ടു്.

(ബി) അങ്ങനെയുള്ള പരാതികളെക്കുറിച്ചു് ആവശ്യമായ അന്വേഷണങ്ങൾ നടത്തി കുററക്കാരായ വ്യാപാരികളുടെ ലൈസൻസു റദ്ദു ചെയ്തിട്ടുണ്ടു്.

(സി) കഴിഞ്ഞകൊല്ലം പകുതിയിൽ ഭക്ഷ്യധാന്യറേഷനു് ഗവണ്മെൻറു് ക്ലിപ്തപ്പെടുത്തിയിരുന്നതിനെക്കാൾ കൂടുതൽവില ഈടാക്കിവരുന്നതായി നാട്ടുകാരിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ഡി) അതേപ്പററി അന്വേഷണം നടത്തി അങ്ങനെ ചെയ്തിട്ടുള്ളവരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. കൊച്ചുകുഞ്ഞു്: കച്ചവടക്കാരുടെ ലൈസൻസു് അധികാരികൾ റദ്ദുചെയ്താൽ മന്ത്രിമാർ ഇടപെട്ടു് അവരുടെ ശിക്ഷ ഇളവു ചെയ്തു കൊടുക്കുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: ഈ മാതിരി കാര്യങ്ങളിൽ ഇടപെടേണ്ടതു് മന്ത്രിമാരുടെ ചുമതലയാണു്.

ശ്രീ. കൊച്ചുകുഞ്ഞു്: ഈ മാതിരി ഇളവുകൾ ധാരാളമായി മന്ത്രിമാർ ഇടപെട്ടുനടത്തുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കററം ചെയ്തു എന്നുള്ള ആരോപണംവച്ചുകൊണ്ടു് ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ കച്ചവടക്കാരെ ശിക്ഷിക്കുന്നതായാൽ അവർ ഗവണ്മെൻറിൽ അപ്പീൽ കൊടുക്കുന്ന പക്ഷം അതേപ്പററി മന്ത്രിമാരും ഗവണ്മെൻറും ആലോചിച്ചു ശിക്ഷ ഇളവുചെയ്യുന്നതാണെങ്കിൽ അപ്രകാരം ചെയ്യുന്നതാണ്.

ശ്രീ. കൊച്ചുകുഞ്ഞു് : സംഭവങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടല്ല അപ്രകാരം ഇളവുചെയ്തുകൊടുക്കുന്നതെന്നറിയാമോ ?

Mr. Speaker: It is a matter of opinion.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : മെംബർ ഇളവുചെയ്തു കൊടുക്കുന്നു എന്നാണു പറഞ്ഞതെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അപ്രകാരം ഇളവുചെയ്തു കൊടുത്തില്ലെങ്കിലും പരാതിക്കു കാരണമായിത്തീരും.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : നഗരൂർ പകുതിയിൽ രണ്ടു റേഷൻ കടകളുടെ—

Mr. Speaker: That question is out of order. The original question is about Kadinamkulam.

ശ്രീ. എൻ. രാജഗോപാലൻ നായർ : സർ, ഒരു പായിൻറു് ഓഫ് ആർഡർ; ആ ചോദ്യത്തിൻെറ ഒരു ഭാഗം ജനറൽകചസ്റ്റ്യൻ ആണു്. അതുകൊണ്ടു് ആ ചോദ്യം ഉദിക്കുന്നില്ലേ ?

Mr. Speaker: Yes.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : നഗരൂർപകുതിയിൽ രണ്ടു റേഷൻകടകളുടെ ലൈസൻസു് റദ്ദുചെയ്തിട്ടു് മന്ത്രിമാർ ഇടപെട്ടു് അതു് ക്യാൻസൽ ചെയ്തുകൊടുത്തില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

കൺസഷൻ ടിക്കററു്.

*൧൩൪. [൧൯] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഇക്കഴിഞ്ഞ സ്കൂൾവർഷാവസാനംവരെ വിദ്യാർത്ഥികൾക്കു പ്രൈവററ ബസ്സുകളിൽ അനുവദിച്ചിരുന്ന കൺസഷൻടിക്കററു് ഇപ്പോൾ പല പ്രൈവററ ബസ്സുടമകളും അനുവദിക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) : ഉണ്ടു്.

ശ്രീ. വി. ശ്രീധരൻ : അതിൻെറ കാരണമെന്താണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഗവണ്മെൻറിൻെറ അറിവിൽപ്പെട്ടിട്ടുണ്ടോ എന്നാണ ചോദ്യം. ഉണ്ടു് എന്നു പറയുകയും ചെയ്തു.

ശ്രീ. എൻ. രാജഗോപാലൻനായർ: അതു വീണ്ടും തുടരാൻ ഗവണ്മെൻറ നടപടി നടത്തുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനു ഗവണ്മെൻറിനധികാരമില്ല.

ശ്രീ. ഒ. സി. നൈനാൻ: അതു വീണ്ടും തുടരുന്നതിനു ഗവണ്മെൻറ ശ്രമിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു ശ്രമിക്കാം.

ശ്രീ. സി. അച്യുതമേനോൻ: എറണാകുളത്തുനിന്നും കുട്ടികൾക്കു ബോട്ടിൽ കൊടുത്തുവന്നിരുന്ന കൺസഷൻ നിറുത്തിയിരിക്കുന്നതായി അറിയാമോ?

Mr. Speaker: This is a question about concession tickets in private buses.

ശ്രീ. കളത്തിൽ വേലായുധൻനായർ: അടുത്തകാലംവരെ അതു സൗജന്യമായി അനുവദിച്ചിരുന്നതാണു്. വരുന്ന ഏതാനും കൊല്ലത്തേയ്ക്കുകൂടി അനുവദിക്കാൻ തീർച്ചയാക്കിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻനായർ: കൺസഷൻ ടിക്കററ പ്രൈവററ ബസ്സുടമകളെക്കൊണ്ടനുവദിപ്പിക്കാൻ ഗവണ്മെൻറിനധികാരമില്ലെന്നു പറഞ്ഞു. എന്നാൽ അവരെക്കൊണ്ടനുവദിപ്പിക്കാൻ വേണ്ട നടപടികൾ എടുക്കാൻ ഗവണ്മെൻറിനു സാദ്ധ്യമല്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു് നിയമപരമായ കാരണങ്ങളാൽ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്.

ബോണസ്സു്.

*൧൩൪. [൧൫൨] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ൧൨൨൬-ൽ ചേർത്തല ടി. ബി. യിൽ കൂടിയ ഇൻഡസ്ട്രിയൽ റിലേഷൻ കമ്മററിയുടെ തീരുമാനമനുസരിച്ചു മൂന്നരശതമാനം ബോണസ്സു് കൊടുക്കാതിരുന്ന കയർഫാക്ടറി ഉടമസ്ഥന്മാരെത്ര?

(ബി) അവരെക്കൊണ്ടു ബോണസ്സു് കൊടുപ്പിക്കുന്നതിനു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) ചേർത്തല ടി. ബി. യിൽവച്ചു് ൧൧൨൬ മാർച്ചുമാസം ൩൦-ാംനു- ലേബർ ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ നടന്ന ഇൻഡ

സ്ട്രിയൽ റിലേഷൻ കമ്മററിക്കൂടി ൧൯൪൯-൫൦-ലേയും, ൫൦-൫൧-ലേയും ബോണസ്സിനെക്കുറിച്ച് ഒരു തീരുമാനം ഉണ്ടാക്കിയിട്ടുണ്ട്. ആ തീരുമാനമനുസരിച്ച് എല്ലാവരും ബോണസ്സ് കൊടുത്തിട്ടുണ്ടോ എന്ന് അന്വേഷിച്ചു പറയുവാൻ കുറെ സമയം വേണം.

ശ്രീ. പി. വി. അവിരാത്തരകൻ: തീരുമാനമനുസരിച്ച് ബോണസ്സ് കൊടുത്തിട്ടില്ലെങ്കിൽ വേണ്ട നടപടി നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീർച്ചയായും.

കടലാക്രമണം.

*൧൩൩. [൧൯] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചെല്ലാനം പള്ളിത്തോട്, മുതലായ തീരപ്രദേശങ്ങളിലെ കടലാക്രമണങ്ങളെ തടയുന്നതിന് ൧൯൫൨-ൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്ത്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ചെല്ലാനം തീരപ്രദേശത്തെ സംബന്ധിച്ച് നടപടി എടുത്തിട്ടുണ്ട്. പള്ളിത്തോട്ടു കടലോരത്തെ സംബന്ധിച്ച് ഗവണ്മെന്റ് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്. പള്ളിത്തോടിനെ സംബന്ധിച്ചിടത്തോളം ഉടനെ വേണ്ടതു ചെയ്യുന്നതാണ്.

(ബി) കടലാക്രമണം തടയുന്നതിന് ൧൦൦ അടിയോളം നീളമുള്ള ഗ്രോയിൻസ് പണിചെയ്തുവരുന്നുണ്ട്.

ശ്രീ. പി. വി. അവിരാത്തരകൻ: കടലാക്രമണം മൂലം ഇപ്പോൾ അവിടെ കൃഷി നശിച്ചുവരുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങിനെ പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. ഇ. പി. വർഗ്ഗീസ്: കടലാക്രമണങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഇതുവരെ എടുത്തു നോക്കിയിട്ട് വല്ല ഫലവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: കടലാക്രമണങ്ങൾ തടയാനുള്ള മാർഗ്ഗങ്ങൾ പരീക്ഷിച്ചുനോക്കിയതിനുശേഷമല്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. പി. വർഗ്ഗീസ്: പരീക്ഷണം വല്ലതും അവിടെ നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: പരീക്ഷണം നടത്തിവരികയാണ്.

ശ്രീ. എൻ. രാജഗോപാലൻനായർ : തീരപ്രദേശത്തുനിന്നും മണലെടുക്കാൻ അനുവദിച്ചതുമൂലമാണു് കടലാക്രമണം ഉണ്ടാകുന്നതെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അങ്ങിനെ പരാതികൾ ലഭിച്ചിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻനായർ : അതേപ്പററി ആവശ്യമായ നടപടികൾ എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതേപ്പററി ആലോചിച്ചു് വേണ്ടതു ചെയ്യുന്നതാണു്.

മങ്കോട്ട ഇൻഡസ്ട്രീസിലെ സത്യഗ്രഹം.

* ൫൩൧. [൨൫] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മുൻമന്ത്രി ശ്രീ. ജോൺപീലിപ്പോസിൻെറ വകയും ആലപ്പുഴയിൽ സ്ഥാപിച്ചിരിക്കുന്നതുമായ മങ്കോട്ട ഇൻഡസ്ട്രീസു് എന്ന കയർ ഫാക്ടറിയിൽ ൫൯൪൨ മുതൽ തീരുമാനിക്കപ്പെട്ട ബോണസ്സിനു വേണ്ടി ൫൦൦-ൽപരം തൊഴിലാളികൾ ഒന്നരമാസക്കാലമായി നടത്തിവരുന്ന സത്യഗ്രഹസമരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) ഇതിന്മേൽ ലേബർ ഡിപ്പാർട്ടുമെൻറു് എന്തെങ്കിലും അന്വേഷണം നടത്തിയോ?

(സി) ഇല്ലെങ്കിൽ കാരണം പറയാൻ ദയവുണ്ടാകുമോ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 'മങ്കോട്ട ഇൻഡസ്ട്രീസു്' എന്ന കയർ ഫാക്ടറിയിൽ ൫൯൪൨ മുതൽ തീരുമാനിക്കപ്പെട്ട ബോണസ്സിനുവേണ്ടി ൫൦൦-ൽ പരം തൊഴിലാളികൾ ഒന്നരമാസക്കാലമായി സത്യഗ്രഹസമരം നടത്തുന്നുണ്ടെന്ന വസ്തുത ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെട്ടിട്ടുണ്ടു്.

(ബി) അതേപ്പററി ഗവണ്മെൻറു് ആലോചന നടത്തിവരുന്നു.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ : ഈ ചോദ്യം അയച്ചുകഴിഞ്ഞതിൽപ്പിന്നെയാണോ അങ്ങിനെ ഒരു തീരുമാനമുണ്ടായതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ചോദ്യം അയച്ചതോടുകൂടിതന്നെ തീരുമാനിച്ചിട്ടുള്ളതാണു്.

തൊഴിൽ ഇല്ലായ്മ.

* ൫൩൨. [൨൨] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യത്തിനു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

തൊഴിലില്ലായ്മകൊണ്ടു നമ്മുടെ നാട്ടു പട്ടിണിമരണത്തിൽപെടാതിരിക്കാൻ ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള അടിയന്തിരമായ പരിരക്ഷണ നടപടികൾ എന്തെല്ലാമെന്നു പറയുമോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): പട്ടിണിമരണം ഇവിടെ ഉള്ളതായി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. ആർ. സുഗതൻ: അതല്ല ചോദ്യം. തൊഴിലില്ലായ്മകൊണ്ടു പട്ടിണിമരണത്തിൽപെടാതിരിക്കാൻ ഗവൺമെൻറ സ്വീകരിച്ചിട്ടുള്ള നടപടികളെപ്പററിയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ മരണവും ജനനവും ഒന്നും ഗവൺമെൻറിന്റെ ദൃഷ്ടിയിൽപെട്ടിട്ടില്ല.

ശ്രീ. ആർ. സുഗതൻ: അങ്ങിനെ പട്ടിണിമരണത്തിൽപെടാതിരിക്കാൻ ഇൻഡ്യൻ പ്രധാനമന്ത്രി പണമയച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിലീഫ് ഫണ്ടിലേയ്ക്കു ഇൻഡ്യൻ പ്രധാനമന്ത്രി ഒരു തുക അയച്ചുതന്നിട്ടുണ്ട്.

കരളകംപാടത്തെ തോട്.

* ൧൩൯. [൨൩] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ആലപ്പുഴയ്ക്കു വടക്കുകിഴക്കു കൊററംകുളങ്ങര വാർഡിൽപെട്ട കരളകം പാടവും വേമ്പനാട്ടുകായലുമായി ബന്ധിപ്പിക്കുന്ന ഒരു തോടുവെട്ടാൻ സർവ്വെചെയ്തുകഴിഞ്ഞിട്ടും ഇതുവരെ തോടുവെട്ടു തുടങ്ങാത്തതിന്റെ കാരണം പറയാമോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): പ്രസ്തുത തോട് വെട്ടുന്നതിനുവേണ്ടി സർവ്വെ ചെയ്തുകഴിഞ്ഞതനുസരിച്ച് ൧൨൮-ൽ തന്നെ വെട്ടിത്തീർന്നിട്ടുള്ളതാണ്.

ശ്രീ. ആർ. സുഗതൻ: ആ തോടു വെട്ടിത്തീർന്നിട്ടില്ല എന്നു ആ നാട്ടുകാരുടെ പരാതി കിട്ടിയിട്ടുണ്ടോ?

Mr. Speaker: The answer given by the Minister is that it has been completed,

സെൻട്രൽ ഫുഡ് ഡിപ്പോവിന്റെ കീഴിൽ ഉള്ള ലോറികൾ.

* ൧൭൦. [൨൩] ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇരിങ്ങാലക്കുട സെൻട്രൽ ഫുഡ് ഡിപ്പോവിന്റെ കീഴിൽ എത്ര ലോറികൾ ഉണ്ട്?

(ബി) ഈ ലോറികൾ കഴിഞ്ഞ രണ്ടുകൊല്ലമായി ഓടിയിട്ടില്ലെന്നു അധികൃതരുടെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

(സി) പ്രസ്തുത ലോറികൾ ഓടാതിരുന്ന കാലഘട്ടത്തിൽ അവയിലെ ഡ്രൈവർമാർക്കും വേലക്കാർക്കും ശമ്പളമായും ലോറികൾ സൂക്ഷിക്കാൻ സ്ഥലവാടകയായും എത്ര പണം ഗവണ്മെൻറിനു ചെലവായിട്ടുണ്ട്?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൩.

(ബി) താഴെ കാണിച്ചിരിക്കുന്ന തീയതിമുതൽ ഇവ കേടുവന്നു കിടക്കുകയാണ്.

സി. എസ്. ൩൨൭൬	൨൭-൪-൫൦
സി. എസ്. ൨൮൫	൧൮-൬-൫൦
ററി. സി. സി. ൧൧൨൪	൨൬-൧൦-൫൧

(സി) ഈ ലോറികളിലെ ജോലിക്കാർക്ക് ൩൧-൫-൫൨ വരെ ശമ്പളംവകയിലും, ഷെഡിന് ൩൦ രൂപ വീതം രണ്ടുകൊല്ലത്തെ വാടക വകയിലും, ൫൪൪൩ രൂ. ൧ ണ ചെലവു വന്നിട്ടുണ്ട്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ഈ ലോറികൾ അതാതു സമയത്തുതന്നെ നന്നാക്കിയിരുന്നെങ്കിൽ എന്തു ചെലവു വരുമായിരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിൽ കുറച്ചു കാലദൈർഘ്യം വന്നിട്ടുണ്ടെന്നുള്ളതു് സത്യംതന്നെയാണ്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ആരുടെ കുററം കൊണ്ടാണ് ഇങ്ങനെ കാലദൈർഘ്യം വന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം കിട്ടിയതിൽപിന്നെ അതിനെക്കുറിച്ചു അന്വേഷിച്ചുതുടങ്ങി.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ഈ ലോറികൾ കേടുവന്നിട്ടും ഏഡ്ട്രാൻസ്പോർട്ട് അനുവദിച്ചുകൊടുത്തതായിട്ടു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പറയാൻ നോട്ടീസു വേണം.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ഈ ഏഡ്ട്രാൻസ്പോർട്ടു കൺട്രാക്ടർ, അവിടത്തെ ഏററവും ഒരു വലിയ മുതലാളിയും അവിടത്തെ കാൺഗ്രസ്സ് പ്രസിഡൻറും ഒരു റൈസ്മിൽഓണറും ആണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിഞ്ഞുകൂടാ.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : അങ്ങനെയാണെങ്കിൽ ആ കൺട്രാക്ടരുടെമേൽ നടപടി നടത്താമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ കാര്യങ്ങളിൽ നടപടി നടത്താൻ സാധിക്കുകയില്ല. എന്നാൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നടപടി നടത്താവുന്നതാണ്.

തോട്ടങ്ങളിലെ വൈദ്യസഹായം.

* ൪൧൪. [൫൧] ശ്രീ. പി. ഭാസ്കരൻനായർ: താഴെ കാണുന്ന ചോദ്യത്തിന് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

ഈ സംസ്ഥാനത്തെ റബ്ബർ, തേയിലത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന അനേകായിരം തൊഴിലാളികൾക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്നില്ല എന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഇല്ല.

ശ്രീ. പി. ഭാസ്കരൻനായർ : മെഡിക്കൽവകുപ്പുമന്ത്രിയാണ് ഇതിനു ഉത്തരം പറയേണ്ടതു്?

Mr. Speaker : That is immaterial. Members may send questions. Sometimes a question which is to be answered by a particular Minister may be directed to be answered by a different Minister. Only the answer has to be given.

മെഡിക്കൽ രജിസ്ട്രേഷനുള്ള അപേക്ഷകൾ.

* ൪൧൫. [൫൨] ശ്രീ. പി. ഭാസ്കരൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മെഡിക്കൽ രജിസ്ട്രേഷനുള്ള അപേക്ഷകൾ ഈ സംസ്ഥാനത്തു എന്തു മാനദണ്ഡങ്ങൾ ആസ്പദമാക്കിയാണ് അനുവദിച്ചിട്ടുള്ളതു്?

(ബി) അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നിങ്ങനെ വിഭിന്ന ചികിത്സാസമ്പ്രദായങ്ങൾ സമ്മിശ്ര രീതിയിൽ പ്രാക്ടീസു ചെയ്യുവാൻ അനുവാദം നൽകിയിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ അനധികൃതമായി അലോപ്പതി ഔഷധങ്ങൾ രോഗികൾക്ക് കുത്തിവയ്ക്കുന്ന ആയുർവ്വേദ വൈദ്യന്മാരേയും ഹോമിയോ ഡാക്ടറന്മാരേയും വിനാശകരമായ തൽപ്രവൎത്തനങ്ങളിൽനിന്നു പിൻതിരിപ്പിക്കുവാൻ നിർബന്ധിക്കുന്ന എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) തിരുവിതാംകൂർ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ ൫൫-ാംവകുപ്പുപ്രകാരമാണ് മെഡിക്കൽ രജിസ്ട്രേഷനുള്ള അപേക്ഷകൾ അനുവദിച്ചിട്ടുള്ളതു്.

(ബി) ഇല്ല.

(സി) ഇപ്രകാരം അനധികൃതമായി അലോപ്പതി ഔഷധങ്ങൾ കുത്തിവയ്ക്കുന്ന ആയുർവ്വേദവൈദ്യന്മാരുടേയും ഹോമിയോ ഡാക്ടർമാരുടേയും പേരിൽ അവർ തൽപ്രവൎത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്നു ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെട്ടാൽ, നടപടി എടുക്കുന്നതാണ്.

ശ്രീ. പി. ഭാസ്കരൻനായർ: ഈ തോട്ടങ്ങളിൽ ഡാക്ടർമാരായിരിക്കുന്നവർ വെറും കമ്പൗണ്ടിംഗ് മാത്രം പാസായിട്ടുള്ളവരാണെന്ന് അറിയാമോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. പി. ഭാസ്കരൻനായർ: കമ്പൗണ്ടിംഗ്മാത്രം പാസായിട്ടുള്ളവർക്ക് മെഡിക്കൽ രജിസ്ട്രേഷൻ ആക്ടിൻപ്രകാരം ലൈസൻസ് കൊടുത്തിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അത് ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം,

ശ്രീ. പി. ഭാസ്കരൻനായർ: അതും ഈ ചോദ്യത്തിൽ വരുന്നതാകകൊണ്ടു മറുപടി പറഞ്ഞാൽകൊള്ളാം.

ശ്രീ. വി. മാധവൻ: അങ്ങനെ കൊടുക്കാറില്ല.

ശ്രീ. ആർ. സുഗതൻ: എത്രപേർ മരിച്ചതിൽ പിന്നീടാണ് ലൈസൻസു കൊടുക്കുന്നകാര്യത്തിൽ ശരിയായ നിയമം ഉണ്ടാക്കുക?

Mr. Speaker: The question is disallowed.

റേഷൻ.

* ൲൬൩. [൨൰] ശ്രീ. പി. ചാക്കൊ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ?

(എ) സംസ്ഥാനത്ത് സാർവ്വത്രികമായി റേഷൻ നടപ്പാക്കിയത് എന്നുമുതലാണ്?

(ബി) അന്ന് അനുവദിച്ച യൂണിററുകൾ അല്ലേ ഇന്നു നിലവിലിരിക്കുന്നത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂർ വിഭാഗത്ത് ൲൱൰൮-ാമാണ്ടിലും, കൊച്ചിവിഭാഗത്ത് ൲൱൰൯-ലും സാർവത്രികമായ റേഷൻ നടപ്പാക്കി.

(ബി) അന്ന് അനുവദിച്ച യൂണിററുകളല്ല ഇന്ന് നിലവിലിരിക്കുന്നത്. സപ്ലൈ അനുസരിച്ചു യൂണിററുകളുടെ എണ്ണം മാറിമാറിക്കൊണ്ടിരിക്കും.

ശ്രീ. ആർ. സുഗതൻ: മുൻപു അനുവദിച്ചിരുന്നതിനേക്കാൾ ഇപ്പോൾ എത്ര കുറവാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു സ്പഷ്ടമാണ്. മുൻപു നാലര ഔൺസായിരുന്നു. എന്നാൽ ഇപ്പോൾ ആറ് ഔൺസ് ആണ്.

ശ്രീ. എൻ. രാജഗോപാലൻനായർ: മുൻപ് ഏകാധിപത്യം നിലവിലിരുന്ന കാലത്ത് ൻ ഔൺസും ജനകീയഭരണം വന്നതിനുശേഷം ൬ ഔൺസും ആയിട്ടുണ്ടെന്നുള്ളതു് ലജ്ജാകരമാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സപ്ലൈ അനുസരിച്ചു മാറിക്കൊണ്ടിരിക്കുന്നുവെന്നു് ഞാൻ പറഞ്ഞു. അതു് ലജ്ജിക്കേണ്ടതാണെങ്കിൽ ലജ്ജിക്കാം.

ശ്രീ. പി. ചാക്കോ: വീട്ടിൽ കൂടുതൽ അംഗങ്ങൾ വരുന്ന സന്ദർഭത്തിൽ അവക്കുകൂടി റേഷൻ കിട്ടത്തക്കവണ്ണം ഏർപ്പാടു ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾതന്നെ അതിനുള്ള ഏർപ്പാടുകളെല്ലാം ഉണ്ടു്.

ഓവർലോഡു്.

*൧൨൮ [ന ൦] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പ്രൈവററു് ട്രാൻസ്പോർട്ടുസർവീസിൽ ഓവർലോഡു പാടില്ലെന്നു് ഗവണ്മെൻറു് ഉത്തരവു പാസ്സാക്കിയതു് എന്തു കാരണത്തിന്മേലാണു്?

(ബി) ഇപ്പോൾ ഓവർലോഡു് ഇല്ലേ?

(സി) ഓവർലോഡു് നിറുത്തിയെന്ന ന്യായത്തിന്മേൽ ബസ്സു് ഉടമസ്ഥന്മാർ ൨൦ ശതമാനംവരെ ചാർജ്ജു് വർദ്ധിപ്പിച്ചിട്ടുള്ളതു് വാസ്തവമാണോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഓവർലോഡു് കയററുന്നതിനു് അനുവദിച്ചിരുന്ന പരിതസ്ഥിതി മാറിയതുകൊണ്ടു്.

(ബി) ചില ബസ്സുകളിൽ ഉണ്ടെന്നു പരാതിയുണ്ടു്.

(സി) അല്ല.

ശ്രീ. പി. ചാക്കോ: ഇന്നു് ചില ബസ്സുകളിൽ ഓവർലോഡിനു ഓവർചാർജ്ജു് ചെയ്യുന്നതായിട്ടു് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ ഒന്നു രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ടു്. അതനുസരിച്ചു കേസ്സു് എടുത്തിട്ടും ഉണ്ടു്.

ശ്രീ. പി. ചാക്കോ: ഈ ഓവർ ചാർജിനെപ്പററി എന്തെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഉണ്ടു്. ചുമത്താവുന്ന ചാർജിന്റെ പരമാവധി ഇന്നതാണെന്നു് ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. കെ. പി. പ്രഭാകരൻ: ട്രാൻസ്പോർട്ടു ബസ്സുകളിൽഉള്ള മൂട്ടകൾ നശിപ്പിക്കുന്നതിനുള്ള വല്ല നടപടിയും എടുത്തിട്ടുണ്ടോ?

Mr. Speaker: It is an irrelevant question.

ശ്രീ. എൻ. രാജഗോപാലൻനായർ : ബഡ്ജറ്റിൽ "പ്രൈവററ ബസ്സുകളിൽനിന്നുള്ള വരവ്" എന്ന് ഒരിനം ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ഇൻകംടാക്സാണെങ്കിൽ ഓവർചാർജ് അനുവദിച്ചുകൊടുക്കുകയല്ലേ ഗവണ്മെൻറിനു ആദായകരം ?

Mr. Speaker: Question disallowed.

ബസ്സ് സർവ്വീസ്.

* ൧൧൦. [൩൧] ശ്രീ. പി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പല പ്രൈവററ കമ്പനിക്കാർ ഒരേ സ്ഥലത്തുനിന്നും ഒരേസമയത്തു ഒരേ ദിക്കിലേയ്ക്കു ബസ്സുകൾ വിടുന്നതു നിമിത്തം പലപ്പോഴും അപകടം ഉണ്ടാകുന്നതായി ഗവണ്മെൻറിൻെറ അറിവിൽപ്പെട്ടിട്ടുണ്ടോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ :

ഇല്ല.

ശ്രീ. പി. ചാക്കോ : ഒരേസ്ഥലത്തുനിന്നും ഒരേസമയത്ത് ഒരേ ദിക്കിലേയ്ക്ക് ഇങ്ങനെ ബസ്സുകൾ വിടുന്നതായിട്ടറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അറിയാൻ പാടില്ല.

ശ്രീ. പി. ചാക്കോ : തിരുവല്ലാ പ്രൈവററ ബസ്സ്സ്റ്റാൻറിൽ നിന്നും ഇങ്ങനെ വിടുന്നതായി അറിവു ലഭിച്ചാൽ അതിനെക്കുറിച്ച് അന്വേഷിക്കാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : വേണ്ട നടപടി നടത്താവുന്നതാണ്.

ആംബുലൻസ് കാർ.

* ൧൧൧. [൩൨] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ ?

(എ) ഗവണ്മെൻറ് ആശുപത്രികളിലെ ആംബുലൻസുകാറിന് ഇന്നു ഈടാക്കുന്ന മൈലേജ് എത്ര ?

(ബി) ഇന്നത്തെ നിരക്കിൽ കുറഞ്ഞ നിരക്കിന് ആംബുലൻസു കാർ കൊടുത്തിരുന്നോ ?

(സി) മൈലേജുനിരക്ക് കുറഞ്ഞിരുന്നപ്പോഴും ഇപ്പോഴും ശരാശരി എത്ര മൈൽവീതം മാസംതോറും ആംബുലൻസ് ഓടുന്നുണ്ട് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ:)

(എ) ഗവണ്മെൻറ ആശുപത്രികളിൽ ആംബുലൻസുകാറിന് ഇപ്പോൾ മൈലിനു 8ണ. വീതം കൂലി ഈടാക്കുന്നുണ്ട്.

(ബി) ഉവ്വ്.

(സി) മൈലേജുനിരക്ക് കുറഞ്ഞിരുന്നപ്പോൾ ശരാശരി 173 മൈലും ഇപ്പോൾ ശരാശരി 148 മൈലും വീതം മാസംതോറും ആംബുലൻസ് പോകുന്നുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇന്ന് ടാക്സി കാറുകളുടെ ചാർജ്ജ് വളരെ കുറവായിരിക്കുന്നതുകൊണ്ട് ആംബുലൻസ് ഉപയോഗമില്ലാതെയായി തീർന്നിട്ടുണ്ടെന്നറിയാമോ ?

ശ്രീ. വി. മാധവൻ: ടാക്സിക്കുള്ള ചാർജ്ജ് ആംബുലൻസിനെക്കാൾ കൂടുതലാണെന്നാണറിയുന്നത്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ടാക്സി കാറുകൾ വളരെ കുറഞ്ഞ നിരക്കിൽ ഇന്നു കിട്ടുമെന്നറിയാമോ ?

Mr. Speaker: Assertions and counter-assertions may be avoided as far as possible.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ആംബുലൻസ്കാറിന്റെ മൈലേജു കുറയ്ക്കുന്നതു് സാധാരണക്കാർക്ക് പ്രയോജനപ്രദമായിരിക്കുമെന്നറിയാമോ?

ശ്രീ. വി. മാധവൻ: അതുകൊണ്ടാണ് എട്ടണ ആക്കിയിരിക്കുന്നത്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മുൻപ് ഇതിലും കുറവായിരുന്നെന്നു് അറിയാമോ ?

ശ്രീ. വി. മാധവൻ: അന്ന് വളരെ നഷ്ടം ഉണ്ടായതുകൊണ്ട് സ്വല്പം വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇതു് ബിസിനസ്സ് ആയിട്ട് നടത്തുകയാണോ, അതോ സർവീസായിട്ട് നടത്തുകയാണോ ?

ശ്രീ. വി. മാധവൻ: സർവീസ് ആയിട്ടാണ് നടത്തുന്നത്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങനെയാണെങ്കിൽ നഷ്ടത്തെ എന്തിനു പരിഗണിക്കണം ?

ശ്രീ. വി. മാധവൻ: എന്തെങ്കിലും കുറേ തുക ഈടാക്കണം. അതുകൊണ്ടാണ് ഇത്ര ചെറിയ ഒരു തുക ഈടാക്കുന്നത്.

Blackmarketing Cases.

*177. [34] **Shri M. M. Abdul Khader:** Will the Minister for Food be pleased to state:

(*a*) if the depot officer of the Government wholesale depot at Alwaye is involved in any blackmarketing case.

(*b*) if so what is the action taken against him ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) No.

(*b*) In view of the answer to part (a) this does not arise.

F. A. C. T., Alwaye.

*178. [35] **Shri M M. Abdul Khader:** Will the Minister for Industries and Labour be pleased to state:

(*a*) whether the output of sulphate and super phosphate in the F. A. C. T., Alwaye is very much below the rated production even though the factory has been in operation during the last 6 years;

(*b*) the actual output of both sulphate and super phosphate each year and the relation of the same to the rated capacity;

(*c*) is it a fact that the industry is at present facing a financial crisis and that the Industrial Finance Corporation has advanced a loan of Rs. 50 lakhs to the company; and

(*d*) if such a loan is sanctioned what are its terms and conditions and what are the commitments if any made by the Government for the purpose of getting the loan?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon:)**

(*a*) Yes.

(*b*) † It is a long statement and so is placed on the table.

(*c*) The industry is not facing any financial crisis now. But it is a fact that the Industrial Finance Corporation has sanctioned a loan of Rs. 50 lakhs to the concern.

(*d*) The main conditions of the loan are following:

Security. The existing and future fixed assets of the Company.

Interest. 6 per cent. per annum subject to a rebate of ½ per cent. if instalments of principal and interests are paid on due dates.

Repayment. To be repaid within a period of 15 years from the date of execution of the mortgage deed in yearly instalments of three lakhs each, the first instalment being payable in June 1955 and the last instalment in June 1971.

Government have made no commitment.

WRITTEN ANSWERS.

ചേർത്തല നാടൻകയർഫാക്ടറി സ്റ്റാഫിന്റെ ശമ്പളവും ബോണസ്സും.

*൧൭൯. [൨൮] **ശ്രീ. ആർ. സുഗതൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല താലൂക്ക് കയർഫാക്ടറി സ്റ്റാഫിന് (നാട്ടുകാർ നടത്തുന്ന ഫാക്ടറികളിലെ) ബോണസ്സും ശമ്പളക്കയററവും ഇതുവരെ

† See Appendix I.

ഫാക്ടറി ഉടമസ്ഥർ കൊടുത്തിട്ടില്ലെന്നുകാണിച്ച് വല്ല പരാതിയും തൊഴിൽവകുപ്പുമന്ത്രിക്കു കിട്ടിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടിനടത്തി ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആശുപത്രികൾ.

*൧൮൦. [൨൬] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ആലപ്പുഴ വസൂരിആശുപത്രിയും, പാചകശാലയും കേടുപാടിൽ ഇരിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

(ബി) ആലപ്പുഴ സ്ത്രീകൾക്കും, കുട്ടികൾക്കുമായി നടത്തുന്ന ആശുപത്രിയിലെ ശവപ്പുര (Mortuary) യുടെ പടിഞ്ഞാറെമേൽക്കൂര കുറെ ഭാഗം ഓടുപോയി ഉറഞ്ഞുനിൽക്കുന്നതു് മെഡിക്കൽവകുപ്പുമന്ത്രി കണ്ടിട്ടുണ്ടോ ?

(സി) ആശുപത്രിയിൽ കിടക്കയും കട്ടിലും കിട്ടാതെ രോഗികൾ വരാന്തകളിലും വെറുംനിലത്തും കിടന്നു കഴിഞ്ഞുകൂടുന്നവിവരം പരമാർത്ഥമാണോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) മസൂരിആശുപത്രി കെട്ടിടത്തിനു ചില കേടുപാടുകളുണ്ടു്. പാചകശാലക്കു് കേടുപാടുകളൊന്നും ഇപ്പോൾ ഇല്ല.

(ബി) ഇല്ല.

(സി) രോഗികളുടെ എണ്ണം വർദ്ധിക്കുമ്പോൾ ചിലരെ നിലത്തു കിടത്തേണ്ടതായി വരുന്നുണ്ടു്. എന്നാൽ രോഗികളാരും വരാന്തയിൽ കിടക്കുന്നില്ല.

Travel Bureau.

*181. [36] **Shri M. M. Abdul Khader :** Will the Minister for Public Works be pleased to state :

(*a*) whether it is a fact that in the Government Travellers' Bungalows taken over by the Travel Bureau, Ltd., the room rent now being collected is many times higher than before ;

(*b*) if the Government makes any profit under the new system and if so what ?

Chief Minister **(Shri A. J. John :)**

(*a*) The rate is higher now than before.

(*b*) Yes. 10 per cent. of the turn-over.

F. A. C. T. Management.

*182. [40] **Shri M. M. Abdul Khader :** Will the Minister for Industries be pleased to state whether the reason for the lay-off assigned by the F. A. C. T. management namely cut off of electricity is true ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :**

Yes.

പെൻഷൻകാരുടെ ക്ഷാമബത്ത.

* ൧൮൩. [൪൨] ശ്രീ. സി. അച്ച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശിപായിമാർ, പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ, പോലീസുകാർ മുതലായ താഴ്ന്ന പെൻഷൻകാരുടെ ക്ഷാമബത്തയുടെ (ഡീയർനസ് അലവൻസ്) നിരക്കെന്തു്?

(ബി) സർവ്വീസിലുള്ള ഇത്തരം താഴ്ന്ന ശമ്പളക്കാരുടെ ഡീയർനസ് അലവൻസ് ഈയിടെ കൂട്ടുകയുണ്ടായോ? എത്ര വീതം?

(സി) അതേസമയത്തു് പെൻഷൻകാരുടെ അലവൻസും കൂട്ടുകയുണ്ടായോ?

(ഡി) കൂട്ടണമെന്നു് അവരിൽ നിന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായിട്ടുണ്ടോ?

(ഇ) നിവേദനങ്ങൾക്കു് എന്തു മറുപടി നൽകി?

(എഫ്) അതിനെ സംബന്ധിച്ചു് എന്തു നടപടി നടത്തി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) തിരുവിതാംകൂർവിഭാഗത്തിലെ ൩൦ രൂപയിൽകവിയാത്ത പെൻഷൻകാർക്കു് പ്രതിമാസം ൪ സ. രൂപ ഡീയർനസ് അലവൻസും കൊച്ചി വിഭാഗത്തിലെ ൨൦ രൂപയിൽ കവിയാത്ത പെൻഷൻകാർക്കു് പ്രതിമാസം ൧൦ രൂപ ഡീയർനസ് അലവൻസും ലഭിക്കുന്നു.

(ബി) ൧-൪-൧൯൫൧ മുതൽ ൨൫ രൂപയിൽ കവിയാത്ത ശമ്പളക്കാർക്കു് ൨൦-ൽ നിന്നും ൨൨ രൂപയായും ൪൫ രൂപയിൽ കവിയാത്ത ശമ്പളക്കാർക്കു് ൨൪-ൽ നിന്നും ൨൬ രൂപയായും ഡീയർനസ് അലവൻസ് കൂട്ടിയിട്ടുണ്ടു്.

(സി) ഇല്ല.

(ഡി) ഉണ്ടു്.

(ഇ) നിവേദനങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു് മറുപടി നൽകിയിട്ടുണ്ടു്.

(എഫ്) ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ഗവണ്മെൻറ് ഡിസ്റ്റിലറികളിലെ മദ്യവിൽപ്പന.

✱ ൨൮൪. [൪൩] ശ്രീ. സി. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) Tinctures, Culinary Essences മുതലായവ തയ്യാർ ചെയ്യുന്നതിന മദ്യനിരോധനമേഖലക്കകത്തും alcohol മദ്യത്തിന പെർമിററ കൊടുക്കുന്നുണ്ടോ?

(ബി) എറണാകുളത്തുള്ള ക്ലിനിക്കൽ ആൻറ് ഫാർമസ്യൂട്ടിക്കൽ ലാബോറട്ടറീസ് എന്ന കമ്പനിക്ക് പെർമിററ കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ പ്രതിമാസം എത്ര ഗ്യാലനാണ്?

(സി) ഇത്തരം എസ്സൻസുകളിൽ മദ്യാംശം (percentage of alcohol) എത്രയുണ്ട്? ഗവണ്മെൻറ ഡിസ്റ്റിലറികളിൽനിന്നു വിൽക്കുന്ന മദ്യങ്ങളിൽ ആൽക്കഹാളിൻെറ അംശം എത്രയുണ്ട്?

(ഡി) മേൽപ്പറഞ്ഞ കമ്പനിക്കാർ പെർമിററപ്രകാരം കിട്ടുന്ന മദ്യം മദ്യനിരോധന മേഖലയിൽ വ്യാജവിൽപ്പന നടത്തുന്നതായി ഗവണ്മെൻറിന പരാതി ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെപ്പററി എന്തന്വേഷണം നടത്തി? എന്തു നടപടി നടത്തി?

(ഇ) ഇതെ സംബന്ധിച്ച് 'നവലോകം' (എറണാകുളം) പത്രത്തിൻെറ മേയ് ൩ ൨൦൦൩-യിലെ ലക്കത്തിൽ "ശീതളപാനീയത്തിൻെറ രൂപത്തിൽ മദ്യവിൽപ്പനം" എന്ന ലേഖനം ഗവണ്മെൻറ ശ്രദ്ധിച്ചിട്ടുണ്ടോ? അതിൽ പറയുന്ന ആരോപണങ്ങളെപ്പററി അന്വേഷണം നടത്തുകയുണ്ടായോ? ഉണ്ടെങ്കിൽ അതിൻെറ ഫലമെന്ത്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): (എ) ഉണ്ട്.

(ബി) ഉണ്ട്. കഴിഞ്ഞ ആറുമാസങ്ങളിലായി ൪൫൦൦ പ്രൂഫ് ഗ്യാലനുള്ള പെർമിററുകൾ കൊടുത്തിട്ടുണ്ട്.

(സി) എസ്സൻസുകളിൽ ൨൫ മുതൽ ൮൦ വരെ ശതമാനവും ഗവണ്മെൻറ ഡിസ്റ്റിലറികളിൽ നിന്നു വിൽക്കുന്ന മദ്യങ്ങളിൽ ൩൫ മുതൽ ൭൫ വരെ ശതമാനവും മദ്യാംശം ഉണ്ട്.

(ഡി) പരാതി ലഭിച്ചിട്ടുണ്ട്. അവയെക്കുറിച്ച് ശരിയായ അന്വേഷണം നടത്തിയിട്ടുണ്ട്. ഇതുവരെ ൧൨ തരം മദ്യപദാർത്ഥങ്ങളേയും എസ്സൻസുകളേയും നിയന്ത്രിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.

(ഇ) ഇല്ല.

പെൻഷൻപററിയ ഡാക്ടർമാർ.

✱ ൨൮൫. [൪൪] ശ്രീ. സി. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ൫൫ വയസ്സ് പ്രായംകഴിഞ്ഞു പെൻഷൻ പററി പിരിഞ്ഞ ഡാക്ടർമാരെ മെഡിക്കൽ വകുപ്പിൽ വീണ്ടും നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രപേരെ, അവർ ആരെല്ലാം?

(ബി) അവർ ഒടുവിൽ ജോലിയെടുത്തിരുന്നതു് എവിടെ? ഇപ്പോൾ എവിടെ?

(സി) അവരുടെ ഗ്രേഡ് എന്തായിരുന്നു? ഇപ്പോൾ എന്തു്? അവർ ഇപ്പോൾ പററുന്ന ശമ്പളം എന്തു്?

(ഡി) അവക്കു് ഇതുകൂടാതെ പെൻഷൻ ഉണ്ടോ? പെൻഷൻ വാങ്ങിക്കുന്നതു് എത്ര?

(ഇ) അവരുടെ നിയമനത്തെപ്പററിയുള്ള വ്യവസ്ഥകൾ എന്തെല്ലാം?

(എഫ്) മേൽപ്പറഞ്ഞവരുടെ നിയമനത്തിനുശേഷം വീണ്ടും ഡാക്ടർമാർ പെൻഷൻപററി പിരിഞ്ഞിട്ടുണ്ടോ? അവരിൽ എത്രപേരെ നിയമിച്ചിട്ടുണ്ടു്?

(ജി) ഈ നിയമനംമൂലം മെഡിക്കൽ വകുപ്പിലെ മററ ഡാക്ടർമാരുടെ സീനിയോറിററിക്കു് ഹാനി തട്ടിയിട്ടുണ്ടോ?

(എച്ച്) ഈ നിയമനങ്ങളെപ്പററി വല്ല പരാതിയും ആക്ഷേപവും ഗവമ്മെൻറിലേക്കു് ലഭിച്ചിട്ടുണ്ടോ? തിരുവിതാംകൂർ-കൊച്ചിയിലെ മെഡിക്കൽ അസോസിയേഷൻ ഇതു സംബന്ധിച്ച ഒരു പ്രതിഷേധ പ്രമേയം പാസ്സാക്കിയതു് ഗവമ്മെൻറിനു് ലഭിച്ചിട്ടുണ്ടോ? അതിനു എന്തു മറുപടി നൽകി? അല്ലെങ്കിൽ എന്തു നടപടി എടുത്തു?

(ഐ) ഇവരുടെ നിയമനം സിവിൽ സർജ്ജൻെറ കീഴിലാണോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): (എ) ഉണ്ടു്. മൂന്നുപേർ. (൧) ഡാ. എ. കെ. മേനോൻ (൨) ഡാ. ജേക്കബ് തളിയത്തു്. (൩) ഡാ. മിസ്സസ്. ഐ. സായർ.

(ബി) ഡാ. എ. കെ. മേനോൻ എറണാകുളം ജനറൽ ആസ്പത്രിയിലും, ഡാ. തളിയത്തു് തിരുവനന്തപുരത്തു സർജൻ ജനറലായും, ഡാ. സായർ തിരുവനന്തപുരം സ്ത്രീകളുടേയും, കുഞ്ഞുങ്ങളുടേയും ആസ്പത്രിയിലും ജോലിനോക്കിയിരുന്നു. ഇവരിൽ ഡാ. മേനോൻ ഇപ്പോൾ എറണാകുളം ജനറലാസ്പത്രിയിലും ബാക്കി രണ്ടുപേർ ഉള്ളൂർ അവിട്ടം തിരുനാൾ ആസ്പത്രിയിലും ജോലിനോക്കുന്നു.

(സി) പെൻഷൻപററുമ്പോൾ ഉള്ള ഗ്രേഡ്.

ഡാ. ഏ. കെ. മേനോൻ	രൂ.	൫൫൦—൧൫൦
,, തളിയത്തു്	,,	൪൫൦—൧൫൦
,, സായർ	,,	൩൫൦—൪൫൦

ഇവർ പെൻഷൻ പററുന്ന സമയത്തു് വാങ്ങിച്ച ശമ്പളം ഇപ്പോഴും പററുന്നു.

ഡാ. ഏ. കെ. മേനോൻ	രൂ.	൩൧൦
,, തളിയത്തു്	,,	൧൫൦
,, സായർ	,,	൪൨൦

(ഡി) ഇവരുടെ പെൻഷൻ പിന്നീടുള്ള നിയമനക്കാലത്തുള്ള പെൻഷൻതുക തടഞ്ഞിരിക്കുകയാണു്.

ഇവൎക്ക നൽകേണ്ട പെൻഷൻതുക താഴെ കാണുംപ്രകാരമാണ്.

ഡാ. എ. കെ. മേനോൻ രൂ. ൨൱൫–൧൫–൦
,, സായർ ,, ൧൰൯–൧൬–൦

ഡാ. തളിയത്തിൻെറ പെൻഷൻ ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) ഇവരുടെ നിയമന കാലാവധി അഞ്ചുകൊല്ലത്തേക്കോ, അവൎക്ക് ൬൦ വയസ്സ് തികയുന്നതുവരെയോ ആണ്. നിയമനക്കാലത്തു പെൻഷൻ കൊടുക്കുന്നതല്ല. പെൻഷൻ പററിയ അവസരത്തിൽ വാങ്ങിച്ചിരുന്ന ശമ്പളം കൊടുക്കുന്നതാണ്. കൂടാതെ ഇവരെ ഒരു സ്ഥാപനത്തിൻെറയും ഭരണപരമായ ചുമതല ഏൽപ്പിക്കുന്നതല്ല.

(എഫ്) ഇവരുടെ നിയമനത്തിനു ശേഷം ഡാക്ടറന്മാർ പെൻഷൻ പററിയിട്ടുണ്ട്. അവരിൽ ആരെയും നിയമിച്ചിട്ടില്ല.

(ജി) ഈ നിയമനംമൂലം സൎവ്വീസുള്ളവരുടെ സീനിയോറിട്ടിക്കു ഹാനി സംഭവിച്ചിട്ടില്ല.

(എച്ച്) ഈ നിയമനത്തെപ്പററി ഒരാക്ഷേപവും ഗവമ്മെൻറിനു കിട്ടിയിട്ടില്ല. മെഡിക്കൽ അസോസിയേഷൻ പ്രമേയം പാസാക്കിയതായി ഗവമ്മെൻറിന് അറിവില്ല.

(ഐ) അതെ. ഒരു സ്ഥാപനത്തിൻെറ ചുമതല വഹിക്കുന്ന ഡാക്ടരുടെ താഴെയാണ് ഇവരെ നിയമിച്ചിട്ടുള്ളത്.

കേരളവൎമ്മ ആയുൎവ്വേദആശുപത്രി.

❋ ൧൰൩. [൪൫] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കേരളവൎമ്മ ആയുൎവ്വേദ ആശുപത്രിയിൽ എത്ര രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നുണ്ട്? എത്രപേരെ കിടത്താൻ സൗകര്യമുണ്ട്;

(ബി) ഓരോ രോഗിക്കും ഭക്ഷണത്തിനു ദിനംപ്രതി അനുവദിച്ചിട്ടുള്ള സംഖ്യ എത്ര;

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൨൦ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നുണ്ട്. ൨൦ പേരെ കിടത്താൻ സൗകര്യമുണ്ട്.

(ബി) ഓരോ രോഗിക്കും ഭക്ഷണത്തിനു ദിനംപ്രതി ൬ അണ ൪ പൈസ അനുവദിച്ചിട്ടുണ്ട്.

കയർവ്യവസായം.

❋ ൧൮൭. [൪൬] ശ്രീ. എ. എൽ. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഗുരുതരമായി അധഃപതിച്ചിരിക്കുന്ന കയർവ്യവസായത്തെ സമുദ്ധരിക്കുന്നതിന എന്തെങ്കിലും നടപടി ഗവൺമെൻറ് കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഉണ്ട്.

Dental Surgeons.

* 188. [47] **Shri E. P. Varghese:** Will the Minister for Medicine and Public Health be pleased to state:

(*a*) The number of Dental Surgeons attached to the Government Hospitals in the State; and

(*b*) the qualifications if any, fixed by our Government for practising as Dental Surgeons?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) Five (three paid and two honorary.)

(*b*) Degree or Diploma issued by any of the following authorities and one year's practical experience either in a public institution or in a private clinic.

1. Board of Examiners, Calcutta Dental College and Hospital, if granted before 1-1-1940.
2. State Medical Faculty, Bengal, Calcutta, if granted after 1-12-1939.
3. The University of Bombay.
4. The College of Physicians and Surgeons, Bombay.
5. The Nair Hospital, Dental Board, Bombay.
6. The Punjab University.
7. The Punjab State Medical Faculty, Lahore.
8. The Board of Examiners, College of Dentistry, Karachi, if granted before 31-12-1943.
9. The Royal College of Surgeons, England.
10. The Royal College of Surgeons, Edinburgh.
11. The Royal Faculty of Physicians and Surgeons of Glasgow.

നെല്ലെടുപ്പു ചിലവ്.

❋ ൧൮൯. [൪൮] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിക്കാരിൽനിന്നും എടുക്കേണ്ട നെല്ല് തിട്ടപ്പെടുത്തി എടുക്കുന്നതിനുവേണ്ടി മാത്രം കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ഓരോ വർഷത്തിലും എന്തു തുകവീതം ചെലവായിട്ടുണ്ട്?

ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :)

൧൯൪൯-൫൦-ൽ (അതായതു് ൧൧൨൫-ലെ ആദ്യത്തെ ഏഴര മാസത്തേക്കു്), ൨,൭൩,൨൦൩. ക. ൧൯൫൦-൫൧-ൽ ൫,൭൪,൫൭൧ ക. ൧൯൫൧-൫൨-ൽ നെല്ലെടുപ്പിനും, റേഷനിംഗിനുംകൂടി ഒരേ സ്റ്റാഫ്മാത്രം ഉണ്ടായിരുന്നതുകൊണ്ടു് നെല്ലെടുപ്പിനു വേണ്ടി മാത്രം ചിലവായ തുക പ്രത്യേകം പറയുവാൻ നിവൃത്തിയില്ല. നെല്ലെടുപ്പിനും, റേഷനിംഗിനുംകൂടി ൧൯൫൧-൫൨-ൽ ആകെ ൧൧,൧൧,൩൪൭ ക. ചിലവായിട്ടുണ്ടു്.

സംസ്ഥാനത്തെ ഭക്ഷ്യനില.

* ൧൦. [൫൦] ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയംമറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭക്ഷ്യനിലക്കു് കഴിഞ്ഞവർഷത്തെ അപേക്ഷിച്ചു് മാററമുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കൂടുതൽ കുറവു് സ്വഭാവം എങ്ങനെ ;

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :)

(എ) ഉണ്ടു്.

(ബി) ൧൯൫൧-ാമാണ്ടു് റേഷനിൽ അരിയുടെ അളവു് നാലരഔൺസുമുതൽ ഏഴുഔൺസുവരെ സ്റ്റാക്കനുസരിച്ചു് കൂട്ടിയും കുറച്ചും വന്നിരുന്നു. ൧൯൫൨-ൽ ആദ്യത്തെ മൂന്നുമാസത്തേക്കു് ൫ ഔൺസു വീതവും, പിന്നീടു് ൩ ഔൺസുവീതവും അരി റേഷൻ മുടങ്ങാതെ കൊടുക്കുവാൻ സാധിച്ചിട്ടുണ്ടു്.

൧൯൫൨-ാമാണ്ടിലേക്കു സംസ്ഥാനത്തിലേക്കു് അനുവദിച്ചിട്ടുള്ള ക്വാട്ടായുടെ ഒരു നല്ലഭാഗം ഇതിനകംതന്നെ ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഗവണ്മെന്റിന്റെ പക്കൽ ഉദ്ദേശം രണ്ടുമാസത്തേക്കു് ആവശ്യമുള്ള സ്റ്റാക്കുണ്ടു്. കഴിഞ്ഞയാണ്ടത്തെ അപേക്ഷിച്ചു് ഈയാണ്ടത്തെ ഭക്ഷ്യനില സാരമായി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്.

ആയുർവ്വേദഉപദേശക കമ്മിററി.

* ൧൧. [൫൧] ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദത്തിന്റെ നാമത്തിൽ ഒരു ഉപദേശകകമ്മിററി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിററിയുടെ ചുമതലകൾ എന്തെല്ലാമാണ്;

(സി) കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമാണ്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഇല്ല.

(ബി, സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ആശുപത്രികൾ.

❋ ൧൱൨. [൩൨] ശ്രീ. ഒ. സി. നൈനാൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുമററൂർ സ്ഥലനിവാസികൾ സ്ഥലവും, കെട്ടിടവും ഒരു ആശുപത്രിക്കു ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടോ ;

(ബി) അവിടെ ഇപ്പോൾ സ്ഥിരമായ ഒരു ഡോക്ടരെ നിയമിച്ചിട്ടുണ്ടോ ;

(സി) അടുത്തുള്ള ആശുപത്രിയിൽനിന്നും ഈ ഡിസ്പെൻസറിയിലേക്ക് എന്തുദൂരമുണ്ട് ;

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ട്.

(ബി) ഇല്ല. മല്ലപ്പിള്ളി ഡിസ്പെൻസറിയിലെ ഡോക്ടർ ആഴ്ചയിൽ രണ്ടു പ്രാവശ്യം എഴുമററൂർ ഡിസ്പെൻസറിയിൽ പോയി രോഗികളെ പരിശോധിക്കുന്നുണ്ട്.

(സി) ആറു മൈൽ.

ചാലക്കുടി പദ്ധതി.

❋ ൧൱൩. [൭൩] ശ്രീ. ജോസഫ് വാഴപ്പിള്ളി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ചാലക്കുടി നദീജലപദ്ധതിയുടെ നടത്തിപ്പിൽ താമസം നേരിട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) പണികൾ കഴിയുന്നത്ര വേഗത്തിൽ അവസാനിപ്പിക്കുവാൻ ഗവർമെൻറ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഒഴിച്ചുകൂടാൻപാടില്ലാത്ത കുറച്ചു് താമസം ഉണ്ടായിട്ടുണ്ട്;

(ബി) കനാൽ പോകുന്ന സ്ഥലം ഉഗ്രമായ കാട്ടുപ്രദേശങ്ങളിലാകയാൽ അടങ്കൽ സംഖ്യയ്ക്കു് പണി തീർത്തുകിട്ടുവാനുള്ള പ്രയാസം കൊണ്ടും നാലാംസെക്ഷനിൽ മണ്ണിനടിയിൽ ഒരുഭാഗത്തു ഏകദേശം നാലു ഫർലോംഗ് നീളത്തിലും ൨ ൫ അടി താഴ്ചയിലും വലിയ കട്ടപ്പ

മുള്ള ചീങ്കൽ പാറക്കെട്ടുകൾ കണ്ടുമുട്ടുകയാലും കനാൽ പണികൾ പ്രതീക്ഷിച്ചിരുന്നതുപോലെ തീർക്കുവാൻ സാധിച്ചിട്ടില്ല.

(സി) മേൽപറഞ്ഞ തടസ്സം നീക്കുവാൻവേണ്ടി ചീങ്കൽ പാറക്കെട്ടുകൾ കഴിക്കുന്നതിനു കൂടുതൽ റേററ് (rate) അനുവദിച്ചു പണി ഊർജ്ജിതമായി നടത്തിപ്പോരുന്നുണ്ട്.

Dispensary at Neriamangalam.

*194. (55) **Shri N. P. Varghese**: Will the Minister for Medicine be pleased to state:

(*a*) whether there was a proposal for opening a Government dispensary at Nariamangalam and whether the amount for the same was included in three successive budgets;

(*b*) was there any difference of opinion between the Peishkar and the Surgeon General about the site;

(*c*) what steps have been taken by Government to construct the building;

(*d*) when was the proposal sanctioned; and

(*e*) what is the cause of the delay to construct the building and who is responsible for it?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) Yes. Provision for this purpose was made in the 1124 budget.

(*b*) No.

(*c*) None.

(*d*) in 1948.

(*e*) The proposal has since been dropped by Government.

Lift Irrigation Scheme

*195. (58) **Shri M. William**: Will the Minister for Finance be pleased to state:

(*a*) Whether during the time of Shri C. P. Ramaswami Iyer, the lift irrigation scheme at Vizhasari in Pacode pakuthy in Vilavancode taluk was investigated;

(*b*) Whether the Government have prepared any estimate in regard to that scheme, if so what has become of that;

(*c*) Will the Government explore the possibilities of starting such a scheme;

Chief Minister (**Shri A. J. John**):

(*a*) No.

(*b*) Yes; An estimate amounting to Rs. 10,600 for the electrical portion of the work has been prepared by Government. Steps are being taken to prepare an estimate for the connected civil portion of the work also. Further action will be taken on receipt of the estimate for the civil portion.

(*c*) Yes.

നെല്ലെടപ്പ്.

* ൨൱൯. [൩൨] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ലെവിസമ്പ്രദായം നടപ്പാക്കിയതെന്ന്;

(ബി) നെല്ലെടപ്പിനു മിച്ച അടിസ്ഥാനം മാററി ലെവി ഏർപ്പെടുത്താനുണ്ടായ കാരണമെന്ത്;

(സി) നെല്ലെടപ്പു സമ്പ്രദായത്തിൽ പുതുതായി വല്ല മാററവും വരുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) ഉണ്ടെങ്കിൽ എന്ത്?

(ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൧൯൫൧ ഫെബ്രുവരിമുതൽ.

(ബി) ൧൦–൨–൧൯൫൧-ൽ ഗവണ്മെൻറ് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്നോട്ടിൽ വിശദമാക്കിയിട്ടുണ്ട്. അതിലേക്ക് മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(സി, ഡി) ഈ കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

നാടൻ വ്യവസായങ്ങൾ.

* ൨൱൧. [൩൩] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ:

വിദേശമൂലധനത്തിൻെറ മാത്സര്യംകൊണ്ട് വികസിക്കുവാൻ സാധിക്കാത്ത നാടൻ വ്യവസായങ്ങളെയും വ്യവസായികളെയും ഈ മാത്സര്യത്തിൽനിന്നു രക്ഷിക്കുവാൻ ഗവണ്മെൻറിനു എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതു് എന്തെന്ന് പ്രസ്താവിക്കുമോ?

(ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഇങ്ങനെയുള്ള ഏതെങ്കിലും വ്യവസായങ്ങളുടെ വിവരങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നാൽ, അതേപ്പററി അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സർവീസ് ബസ്സ്.

* ൨൱൪. [൩൪] ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇരിങ്ങാലക്കുട തൃശ്ശിവപേരൂർ പൂരം, ആറാട്ടുപുഴ പൂരം എന്നീ വിശേഷങ്ങൾക്ക് ആ ഭാഗങ്ങളിലേയ്ക്കു ഓടുന്ന സർവീസു ബസ്സുകൾക്ക് ചാർജ്ജ് വർദ്ധിപ്പിക്കാൻ ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇത്തരം വിശേഷദിവസങ്ങൾക്ക് ഗവണ്മെൻറ ട്രാൻസ്പോർട്ടു ബസ്സുകളിൽ ചാർജ്ജ് വർദ്ധിപ്പിക്കാറുണ്ടോ ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഇല്ല.

(ബി) നാഷനലയിസ്ഡ് റൂട്ടുകളിൽ ഇല്ല.

ആസ്പത്രിയിൽ മരുന്നില്ലായ്മ.

*൧൯൯. [൩൯] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇൻജക്ററ ചെയ്യാൻ ആസ്പത്രിയിൽ മരുന്നില്ലാത്തതുമൂലം "ടെററാനസ്സ് പോയിസൻ" കൊണ്ടു് ഇരിഞ്ഞാലക്കട ആസ്പത്രിയിൽ കിടന്ന ചെറുപ്പക്കാരനായ ഒരു രോഗി അടുത്തു മരണപ്പെട്ടുകയുണ്ടായിട്ടുണ്ടോ ;

(ബി) സാധുക്കളായ രോഗികൾക്കു് ആസ്പത്രികളിൽ സൗജന്യമായി വൈദ്യസഹായം നൽകുന്നതിനു് വല്ല വ്യവസ്ഥയുമുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഇല്ല.

(ബി) ഉണ്ടു്.

എനൂമറേഷൻ.

*൨൦൦. [൭൦] ശ്രീ. എൻ. രാജഗോപാലൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണത്തിനുവേണ്ടി ഓരോ കുടുംബത്തിലുമുള്ള അംഗങ്ങളെ നിശ്ചയിക്കുന്നതിനു എനൂമറേഷൻ നടത്തിയതു് എന്നാണു്;

(ബി) ഓരോ കുടുംബത്തിലേയും അംഗസംഖ്യ കണക്കപ്പെടുത്തുന്നതു് എത്ര കൊല്ലത്തിലൊരിക്കലാണെന്നു് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ആദ്യമായി റേഷൻ തുടങ്ങിയപ്പോഴും പിന്നീടു് പുതുതായി അപേക്ഷ വരുന്ന മുറയ്ക്കും.

(ബി) ഇല്ല.

കയർ മിനിമം വേജസ് കമ്മിററി.

*൨൦൧. [൭൨] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യത്തിനു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ മിനിമം വേജസ് കമ്മിററി പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ ; ഗവൺമെൻറ് എന്തു നടപടിയാണു് റിപ്പോർട്ടിന്മേൽ എടുത്തിട്ടുള്ളതു് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : കയർ മിനിമം വേജസ് കമ്മിററിയുടെ പ്രവർത്തനം തുടർന്നു വരുന്നതേയുള്ളു.

റിലീഫ് വേലകൾ.

*൨൦൨. [൭൩] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

കയർ തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹാരാർത്ഥം പറവൂർ താലൂക്കിൽ ഏന്തെങ്കിലും റിലീഫ് വേലകൾ ചെയ്യിക്കാൻ ആലോചിക്കുന്നുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : കയർതൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹാരാർത്ഥം പ്രത്യേക റിലീഫ് വേലകൾ ഒന്നും ഇപ്പോൾ ആലോചനയിലില്ല.

Appointments in Transport Department.

*203. (74) **Shri C. Sankar:** Will the Minister for State Transport Department be pleased to state:

(*a*) whether it is a fact that some persons from outside the transport department have been recruited very recently directly as Supervisors in the department;

(*b*) if so how many appointments have been made so, on what scale of pay and what educational qualifications do the above recruits possess;

(*c*) whether the above recruits possess any previous experience in the line;

(*d*) whether there are any reasons for not recruiting from among the experienced and skilled experts who have long been in the service of the department and are eligible for promotion?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Yes: as Supervisor trainees.

(*b*) 6 Supervisor trainees on probation for one year. There is no scale of pay. They have been appointed on an allowance of Rs. 100 per mensem. All of them possess diploma in Mechanical Engineering of a recognised University which is the prescribed qualification for the post.

(*c*) No; they are only trainees in the Department.

(*d*) There is dearth of qualified supervisory staff in the Department. Skilled persons in the Department with long experience are always being given due preference and their appointment in higher grades is also receiving consideration.

Operating Section of Transport Department.

✻204. (75) **Shri C. Sankar:** Will the Minister for State Transport Department be pleased to state:

(*a*) on what basis promotions are effected in the operating section of the Transport Department;

(*b*) whether it is a fact that the employees of the Ministerial Section are promoted to fill up vacancies of the posts of Inspectors that arise in the operating section;

(*c*) if so, the reasons for doing so.

Minister for Works and Transport **(Shri Kalathil Velayudhan Nair)**

(*a*) On accepted principle of seniority and the proportion of 1: 3 between graduates and non-graduates.

(*b*) Some of the officiating employees of the Ministerial section who were formerly holding permanent places in the operating section and have worked as conductors have been allowed to return to the operating section in their original permanent ranks.

(*c*) This has been allowed on the special ground that the transfer from the operating section to the ministerial section was not made on the request of the employees but by the Department in the interest of service. Since employees in Government service have always a right to revert to their original permanent (substantive) positions in service wherever it be, the transfers made on this ground were legitimate.

<u>മിനിമം വേജസ്.</u>

✻൨൦൫. [൧൬] <u>ശ്രീ. സി. കെ. വിശ്വനാഥൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

കാർഷികതൊഴിലാളികളുടെ മിനിമം വേജസ് നിർണ്ണയിക്കുന്നതിന് ഗവണ്മെൻറ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>):

കേന്ദ്രഗവണ്മെൻറിൻെറ ആഭിമുഖ്യത്തിൽ അടുത്തകാലത്തു ഇവിടെ നടന്ന കാർഷിക തൊഴിലാളി അന്വേഷണത്തിൻെറ ഫലമായി ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് കാർഷികതൊഴിലാളികളുടെ മിനിമംവേജസ് നിശ്ചയിക്കുന്നതിന് ശ്രമിച്ചു വരുന്നു.

<u>വ്യവസായകുഴപ്പങ്ങൾ.</u>

✻൨൦൬. [൧൮] <u>ശ്രീ. കെ. കരുണാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്രിമമായ വ്യവസായ മാന്ദ്യത്തിൻെറ പേരിൽ വ്യവസായങ്ങൾ ഭാഗികമായും ചിലപ്പോൾ മുഴുവനമായും പൂട്ടിയിടുകയോ താൽ

കാലികമായി നിറുത്തി വയ്ക്കുകയോ ചെയ്യുന്നതായി ഗവണ്മെൻറിലേയ്ക്കു് ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടോ ;

(ബി) ന്യായരഹിതമായ പൂട്ടിയിടലും പിരിച്ചുവിടലും തടയുവാൻ ഗവണ്മെൻറ് വല്ല നടപടിയും നടത്തിയിട്ടുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിടുന്നതായി ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടു്.

(ബി) ഉണ്ടു്. ശരിയായ കാരണങ്ങൾ കൂടാതെ പൂട്ടിയിടുന്ന വ്യവസായസ്ഥാപനങ്ങളെ സംബന്ധിച്ചു് വേണ്ട അന്വേഷണങ്ങൾ നടത്തുകയും അനുയോജ്യമായ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ടു്.

തൊഴിലാളികൾക്കു് റേഷൻകാർഡുകൾ.

*൨൦൭. [൭൯] ശ്രീ. കെ. കരുണാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടങ്ങളിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികൾക്കു് മററുള്ളവരെപ്പോലെ റേഷൻകാർഡു് അനുവദിക്കണമെന്നു വല്ല അപേക്ഷയും ഗവണ്മെൻറിലേയ്ക്കു് കിട്ടുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു നടപടിയാണു് എടുത്തിട്ടുള്ളതു് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) മുൻ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

Travel Bureau.

*208. (81) ¶ **Shri E. P. Varghese:** Will the Minister for Works and Transport be pleased to state :

(*a*) how many Government buildings have been handed over to the Travel Bureau and which are they ;

(*b*) what are the terms and agreements, if any, entered into by Government with this Travel Bureau ?

(*c*) who are the share-holders, if any, of this Bureau ?

Chief Minister (**Shri A. J. John**) :

(*a*) 16.

(1) Cape Hotel.
(2) Cape Rest House.
(3) Quilon Additional Government-House.
(4) Bolghotty Palace.
(5) Trichur Guest House.
(6) Rest House, Varkalai.

(7) Rest House, Alleppey.
(8) Rest House, Alwaye.
(9) Rest House, Ernakulam.
(10) Rest House, Thekkadi.
(11) Campshed, Kottayam.
(12) Rest House, Munnar.
(13) Sri Mula Vilasam Palace, Varkalai.
(14) Scorpion Hall, Courtallam.
(15) Palace, Courtallam.
(16) Mascot Hotel. (This has been leased out to Sri K. R. G. Menon up to 31-8-1952 after which the Travancore-Cochin Travel Bureau will take charge.)

(*b*) They are under consideration.

(*c*) The following are the names of share-holders:

FIRST LIST.

Sri N. Sundaresan
" B. V. D. Menon
" M. Balakrishna Pillai
" M. Krishna Kurup
" S. Chellappan Pillai
" V. V. A. Nair
" S. Aiyappan Pillai
" Tricumdas Deoji
M|s. Mani & Co., Ltd.
Dr. E. S. R. Menon
Sri Ampalappattu Karunakara Menon, B. A., B. L.
" T. V. Kochu Vareed
" S. Gurunathan
" N. K. Narayana Pillai
" P. R. Rama Varma Raja
" K. P. Gopala Menon
" K. M. Augustine
Mrs. Sarojini Menon
Sri K. R. Elenkath
" K. R. G. Menon
" K. S. Sankara Pillai
" K. G. Unnithan
" C. K. Menon
" Krishna Iyer
" V. Paul
" Ramachandra Warrier
" K. Raman Nair
" Parayath Raman Menon
" A. V. George
" T. Appukutta Menon
" P. J. Thomas
" S. Chellappan Nair
" Vincent Joseph
" K. Gopala Pillai
" T. M. Antony
" P. G. Narayana Pillai
" Bomanji Narojini Vakil
" Elenkath K. Narayana Pillai.

SECOND LIST.

1 Sri P. Sreedhara Menon
2 „ P. K. Laksmanan, B. A., B. L.
3 „ J. M. B. Roche
4 „ A. P. Tampi
5 „ P. Raghava Panicker
6 „ C. V. Damodaran Nair
7 „ M. V. Damodaran Nair
8 „ P. Ananthanarayanan
9 „ S. Jagadeeshan
10 „ M. Balakrishna Pillai
11 „ E. Modumoulavi
12 „ K. Narayanan
13 „ K. N. Nambiar
14 Mr. & Mrs. H. R. Thanawalla
15 Sri Keshakoot Madhava Menon
16 „ K. Subramonian Pillai
17 Mrs. K. Sarada
18 Sri C. A. Gopala Panicker
19 „ K. N. V. Nambisan
20 Mrs. Shanta Balakrishnan
21 Dr. M. G. K. Menon
22 Sri Arthur Fernandez
23 „ V. Halley Mathew
24 „ T. W. Namboodiri
25 „ E. Padmanabha Kurup
26 „ K. Ramakrishna Pillai
27 „ S. Narayana Pillai
28 „ M. Thotekat Sudhakara Menon
29 „ M. D. Narayana Iyer
30 „ C. Balakrishna Puduval
31 „ M. J. Varkey
32 Dr. T. K. Varghese, L. M. & S.
33 Sri T. J. Kottiparampen
34 „ K. S. Ramohan Nair
35 „ A. Nanoo
36 „ T. K. Mathew
37 „ K. V. Narayanan, M. A., B. L.
38 „ D. A. Rama Warriar
39 „ K. N. Parameswara Varma, B. A., B. L.
40 „ P. M. Kurup
41 „ A. Kunjukrishna Pillai
42 „ N. S. Vaidyanathan
43 „ P. K. S. Kutty
44 „ V. K. Girija Vallabha Menon
45 „ Ittynath Kunjukrishna Menon
46 „ Padmanabha Bhaskaran Pillai

Irrigation Projec s.

*209. (84) **Shri A. Samraj:** Will the Minister for Works be pleased to state:

(a) the total cost of each of the major irrigation projects in the State started after 1948; and

(b) when will they be completed?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(a) 1. Peechi Irrigation Project Rs. 196·50 lakhs.
2. Chalakudy Irrigation Scheme Rs. 153·25 lakhs.
3. Kodayar Extension Scheme (Perinchani Dam and Tripparappu Weir Rs. 68·00 lakhs.
4. Vazhani Scheme Rs. 57·50 lakhs.
5. Vembanad Scheme Rs. 140·00 lakhs.
6. Neyyar Rs. 221·00 lakhs.

(b) 1. Peechi 1953-54.
2. Chalakudy 1953-54.
3. Kodayar Extension 1953-54.
4. Vazhani 1953-54.
5. Vembanad I Stage 1954-55.
„ II Stage 1957-58.
6. Neyyar 1955-56.

Establishment charges.

*210. (85) **Shri R. Kesava Pillai:** Will the Minister for Finance be pleased to state:

The approximate cost or expense for running the establishment for food and other controls in the State?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

Food Supplies.	Rs. 14,05,000
Textile.	Rs. 82,400
Other controlled commodities	Rs. 22,200
Total	Rs. 15,09,600

The figures relate to the year 1951-52. The expenditure noted against Food Supplies is exclusive of the cost of running the Depots which is debited to Capital Outlay on Schemes of State Trading.

The Travancore Rubber Works.

*211. (90) **Shri Chengarappally P. Narayanan Potti:** Will the Minister for Finance and Civil Supplies be pleased to state:

(a) whether the Government of India has placed any orders with the Travancore Rubber Works;

(*b*) if the answer to (*a*) is in the negative, whether the Travancore-Cochin Government has made any representation to the Government of India on the subject ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :**

(*a*) The Government of India are placing orders with the Travancore Rubber Works occasionally for some items.

(*b*) The question does not arise.

ഭക്ഷ്യധാന്യറേഷനിംഗ്.

* ൨൫൨. [൩൫] ശ്രീ. കെ. ആർ. ഗൌരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

ഭക്ഷ്യധാന്യങ്ങളുടെ റേഷനിംഗ് എടുത്തുകളയുവാൻ ഗവണ്മെൻറ് ആലോചിക്കുന്നോ ?

ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഇല്ല.

വിഷവൈദ്യശാലകൾ.

൨൫൩. [൩൨] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് വിഷവൈദ്യശാലകൾക്കു വാടകയായി എന്തു തുക നൽകിവരുന്നുണ്ട് ;

(ബി) വിഷവൈദ്യശാലകളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൌകര്യമില്ലാത്തതിനെപ്പററി വല്ല ആവലാതിയും ഗവണ്മെൻറിനു കിട്ടീയിട്ടുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) വാടകയൊന്നും കൊടുത്തുവരുന്നില്ല.

(ബി) ഇല്ല.

ബസ്സ് ചാർജ്ജ്.

* ൨൫൪. [൩൩] ശ്രീ. ജയിംസ് തറയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോട്ടയം—ഏററുമാനൂർ ലൈനിൽ സ്റ്റേററ്ട്രാൻസ്പോർട്ട് ബസ്സിനു ൪ ണ. ചാർജ്ജുള്ളപ്പോൾ പ്രൈവററുബസ്സുകാർ ൩ അണയും ൧ അണയും ഈടാക്കി വരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെപ്പററി ഗവണ്മെൻറിൽനിന്നും എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ കെ. വേലായുധൻ നായർ):

(എ) ഉണ്ട്.

(ബി) കൂടുതൽ ചാർജ്ജ് ഈടാക്കിയതിനു ൧൫ കേസുകൾ കണ്ടുപിടിച്ച് ചാർജ്ജ് ചെയ്തിട്ടുണ്ട്. കേസുകൾ കോടതിയുടെ വിചാരണയിൽ ഇരിക്കുകയാണ്.

ട്രാവൻകൂർ ക്രെഡിററ് ബാങ്ക്.

*൨൧൫. [൯൫] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ട്രാവൻകൂർ ക്രെഡിററ് ബാങ്കിൽനിന്നും വായ്പകൾ അനുവദിക്കുന്നത് ഏതെല്ലാം പരിഗണനകളുടെ അടിസ്ഥാനത്തിൽ ആണ്;

(ബി) ൧൯൪൯, ൧൯൫൦, ൧൯൫൧ ഈ വർഷങ്ങളിൽ ഈ ബാങ്കിൽനിന്നും വായ്പകൾ അനുവദിച്ചിട്ടുള്ളവരുടെ വിശദമായ പേരുവിവരം ഈ സഭയെ അറിയിക്കുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) (i) വായ്പ വാങ്ങിക്കുന്നതിന്റെ ഉദ്ദേശം ക്രെഡിററ്ബാങ്ക് ആക്ടിലെ ഒന്നാംപട്ടിക ഒന്നാം ഭാഗത്തിൽ കൊടുത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.

(ii) നൽകുന്ന സെക്യൂരിററിയുടെ വില. വിലയുടെ ൫൦ ശതമാനമോ അതിൽ കുറച്ചോമാത്രമേ വായ്പ നൽകുകയുള്ളൂ.

(iii) വായ്പ തിരിച്ചു തരുന്നതിനുള്ള അപേക്ഷകന്റെ കഴിവ്. മുതലും പലിശയും ൨൦ കൊല്ലം കൊണ്ടു അടച്ചു തീർക്കുന്നതിന് മതിയായ മുതലെടുപ്പ് സെക്യൂരിററി തരുന്ന വസ്തുവിൽനിന്നും കിട്ടണം. കൂടാതെ അപേക്ഷകനും കുടുംബത്തിനും ജീവിതത്തിന് ആവശ്യമായ മററു വരുമാനങ്ങളും ഉണ്ടായിരിക്കണം.

(ബി) കടം കൊടുത്തിട്ടുള്ളവരുടെ പേരുവിവരം മുതലായവ ബാങ്കു രഹസ്യമായതിനാൽ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

Prohibition Offences.

*216. (96) **Shri K. Bhanu:** Will the Minister for Medicine and Public Health be pleased to state:

How many cases of prohibition offences have been tried and convicted in the State during the year 1951-52?

Minister for Medicine and Public Health **(Shri V. Madhavan):**

During the year 1951-52, 1086 Prohibition cases were detected out of which 756 cases ended in conviction, 3 were acquitted and 22 were struck off the register. The remaining 305 cases are pending disposal

Electricity.

*217. (97) **Shri K. Bhanu:** Will the Minister for Works and Transport be pleased to state:

(*a*) what was the quantity of electricity produced in the State during 1951-52;

(*b*) what is the quantity of electricity expected to be produced during 1952-53;

(*c*) to what extent rural electrification would be proceeded with during 1952-53;

(*d*) whether any of the pakuthies of Kandalloor, Keerikad, Muthukulam and Pathiyur of the Muthukulam constituency can expect rural electrification in 1952-53?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) During 1951-52. 158·5 million units of Electricity were generated within the State and 11·5 million units of electricity were purchased from the Madras Electricity System.

(*b*) It is estimated that the total units of electricity produced and purchased during 1952-53 will be about 195 millions.

(*c*) If sufficient materials become available in time, it is expected that about 200 additional villages could be supplied with electricity during this financial year.

(*d*) The question of extending lines to the localities referred to is under consideration.

Grain Allotment.

*218. (98) **Shri K. Bhanu:** Will the Minister for Civil Supplies be pleased to state:

(*a*) the present amount of grain allotment to this State by the Central Government;

(*b*) what percentage of the total requirements of this State will that allotment cover?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) 4,25,000 tons foodgrains for 1952.

(*b*) 74 per cent. of the total requirements, but not of rice.

Road Development Fund.

*219. (99) **Shri O. C. Ninan:** Will the Minister for Works be pleased to state:

(*a*) what is the total amount of contribution received from the Government of India in 1951 from the Roads Development Fund;

(*b*) are those amounts earmarked; if so for what;

(*c*) what is the total amount spent in 1952 and for what all purposes;

(*d*) what are the works which the Government proposes to do with the contribution of this year;

(*e*) what is the total amount allotted and received this year; and

(*f*) could any portion of this amount be utilised for the construction of the bridges in the Village Roads?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) The allocation for 1951-52 has not been made and communicated by the Government of India.

(*b*) In view of the answer to (*a*) above this question does not arise.

(*c*) The total amount of expenditure during the year 1951-52 is Rs 2,26,702. Information on work-war details is being collected.

(*d*) The works proposed to be taken up during this year (1952-53) are those detailed in App. C of the printed Budget for the year.

(*e*) No amount has so far been allotted by the Government of India.

(*f*) Yes. With the prior approval of the Ministry of Transport, Government of India.

ഭക്ഷ്യനിയന്ത്രണം.

*൧൧൦. [൫൦൦] ശ്രീ. കെ. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

മദ്രാസ് സംസ്ഥാനത്ത് ഭക്ഷണസാധനങ്ങളിന്മേലുള്ള നിയന്ത്രണങ്ങൾ നീക്കിയതിനെ അടിസ്ഥാനപ്പെടുത്തി ഇവിടെ വല്ല മാററവും വരുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും സിവിൾസപ്ലൈയുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

റേഷനിംഗ് നിറുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

കാളിയാർ തൊമ്മൻകുത്തു പദ്ധതി.

*൧൧൫ [൫൦൧] ശ്രീ. ഏ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) കാളിയാർ തൊമ്മൻകുത്തു പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

(ബി) ഈ പദ്ധതിക്കു് ഇപ്പോൾ എത്ര ചെലവായിട്ടുണ്ട്?

(സി) ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) അണകെട്ടുന്നതിനുള്ള പ്രാരംഭജോലികൾ ഉൾപ്പെടെ സകല ജോലികളും താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്.

(ബി) ൨൫,൭ ൭൩ രൂപ.

(സി) പുനരന്വേഷണത്തിനുശേഷം തീരുമാനിക്കുന്നതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മദ്യവില്പന.

* ൨൨൨. [൫൦൩] (ശ്രീ എം. സി. മാത്യു) : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

(എ) മദ്യനിരോധന മേഖലയിൽ വല്ലവർക്കും മദ്യവില്പനയ്ക്കു അനുവാദം നൽകിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ആർക്കാണ് ?

(സി) അങ്ങനെ അനുവാദം നൽകാൻ കാരണമെന്ത് ?

(ഡി) അപ്രകാരം അനുവാദം കൊടുക്കുന്നതിൽ വല്ല പ്രത്യേക വ്യവസ്ഥകളുമുണ്ടോ ?

(ഇ) അപ്രകാരം അനുവാദപ്രകാരം മദ്യവില്പന നടത്തുന്നവർ അവർക്ക് അനുവദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുന്നതായി വല്ല പരാതിയും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ?

(എഫ്) ഉണ്ടെങ്കിൽ എന്ത് നടപടി എടുത്തു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ട്.

(ബി) (൧) തിരുവനന്തപുരം ക്ലബ്ബ് ആണററി സെക്രട്ടറിക്കും (൨) തിരുവിതാംകൂർ-കൊച്ചി ട്രാവൽബ്യൂറോ ക്ലിപ്തത്തിനും, (൩) തെന്മല കൽതുരുത്തി വാലി ക്ലബ്ബ് സെക്രട്ടറിക്കും, (൪) പാങ്ങോട്ട് സൈനിക കൺട്രാക്ടറന്മാരായ മെസ്സേഴ്സ് ഡകിൽചന്ദ് ജോഹർ ആൻറ് സൺസിനും, ലൈസൻസുകൾ കൊടുത്തിട്ടുണ്ട്.

(സി) മദ്യനിരോധനപ്രദേശങ്ങളിൽ വിദേശമദ്യം ഉപയോഗിക്കാനുള്ള പെർമിററ് കൈവശമുള്ളവർക്കും, സംസ്ഥാനസന്ദർശകരായ യാത്രക്കാർക്കും തിരുവനന്തപുരത്തു താമസിക്കുന്ന സൈനിക ഉദ്യോഗസ്ഥന്മാർക്കും വിദേശമദ്യം നൽകുന്നതിന്.

(ഡി) ക്ലബ്ബുകൾക്കു നൽകിയിട്ടുള്ള ലൈസൻസുകൾപ്രകാരം ക്ലബ്ബിലെ അംഗങ്ങളായുള്ളവർക്കു മാത്രവും, ട്രാവൽ ബ്യൂറോയുടെ സംഗതി

യിൽ, യാത്രക്കാരെന്നു് ഉത്തമവിശ്വാസമുള്ളവർക്കു മാത്രവും ജോഹാർ ത്തൻവ് സൺസിൻെറ കാര്യത്തിൽ സൈനിക ഉദ്യോഗസ്ഥന്മാർക്കുമാത്രവും മദ്യം നൽകുവാൻ പാടുള്ളു.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

Unstarred questions.

ചാലക്കൽ തോട്.

൩൬. [൧] ശ്രീ. എൻ. രാഘവക്കുറപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചങ്ങനാശേരി താലൂക്കിൽ കറിച്ചി പകുതിയിൽ ഇത്തിത്താനത്തുകൂടിയുള്ള ചാലക്കൽ തോട് പണിയാരംഭിച്ചിട്ടു് എത്ര വർഷമായി?

(ബി) ഈ തോട്ടപണി പൂർത്തിയാക്കുന്നതിനു ഇനിയും എന്തു് ചെലവുണ്ടു്? എന്തുകൊണ്ടാണതു് ഇതുവരെ പൂർത്തിയാക്കാത്തതു്?

(സി) ഈ തോട്ടു് പൂർത്തിയാക്കുന്നതു് ഭക്ഷ്യധാന്യവർദ്ധനവിനു് അത്യാവശ്യമാണെന്നു് ചങ്ങനാശേരി താലൂക്കിലെ ഉദ്യോഗസ്ഥന്മാരിൽ നിന്നും റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഏകദേശം ൩൨ വർഷമായി.

(ബി) ൧,൭൨,൦൬൩ രൂപ ചെലവുണ്ടു്. തോടിൻെറ ഒരു ഭാഗത്തു് ഒരു വലിയ പാറ തുരക്കേണ്ട ആവശ്യമുണ്ടായതിനാലാണു് താമസം നേരിട്ടതു്.

(സി) ഉണ്ടു്.

പുത്തൻചിറ വില്ലേജിൽ ഡിസ്പെൻസറി.

൩൭. [൨] ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) പുത്തൻചിറ വില്ലേജിൽ ഗവണ്മെൻറ് അനുവദിച്ച ഡിസ്പെൻസറിയുടെ പണി പൂർത്തിയായിട്ടു് എത്ര നാളായി?

(ബി) ടി ഡിസ്പെൻസറിയിലേയ്ക്കു് സ്ഥിരമായി ഒരു ഡോക്ടരെ വെച്ചുകിട്ടാനും, മരുന്നുകൾ കിട്ടുവാനും നാട്ടുകാരുടെ എന്തെങ്കിലും നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ?

(സി) താമസത്തിനുള്ള കാരണമെന്താണു്? ആരാണു് ഉത്തരവാദിയെന്നു് ദയവായി പറയാമോ?

ഉത്തരം

(എ) ഡിസ്പെൻസറിയുടെ പ്രധാനകെട്ടിടം പണികഴിഞ്ഞിട്ട് രണ്ടുമാസം കഴിഞ്ഞു.

(ബി) ഉണ്ട്.

(സി) ഡിസ്പെൻസറി കെട്ടിടം മാത്രമേ പണികഴിഞ്ഞിട്ടുള്ളു. പോസ്റ്റ്മാർട്ടം ഷെഡ്ഡ്, ക്ലാസ്സ് മുതലായവ പണിയുവാനുണ്ട്. പണിയെല്ലാം പൂർത്തിയാക്കി ഡിസ്പെൻസറി ആരംഭിക്കുവാൻ വേണ്ട നടപടികളെടുക്കുന്നുണ്ട്.

ജി. എം. എഫ്. ഇലക്ട്രിക്ക് വർക്സ്.

൩൮. [൬] ശ്രീ. ഒ. സി. നൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജി. എം. എഫ്. കല്ലൂപ്പാറ-കീഴ്‌വായ്പൂർ വല്യമുണ്ടകപ്പാടത്ത് തോടിന്റെ സിവിൾവർക്സ് എന്നാരംഭിച്ചു?

(ബി) അതിന്റെ ഇലക്ട്രിക്കൽ വർക്സ് അനുവദിച്ചിട്ട് എത്ര നാളായി?

(സി) അതിന്റെ പണി തുടങ്ങുന്നതിനുള്ള താമസത്തിന്റെ കാരണം എന്താണ്?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (൧൧൨൬-൨൭)
(ബി) അനുവദിച്ചിട്ടില്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

Latrine.

39. [7] **Shri. N. P. Varghese :** Will the Minister for Transport be pleased to state :

(*a*) Is it a fact that the public latrine near Muvattupuzha Transport Office constructed by the Village Union was dismantled for hygienic reasons,

(*b*) Is there any proposal to open a public comfort station attached to the Transport Office for the convenience of the travelling public?

Answer

(*a*) Yes.
(*b*) Yes.

നെല്ലെടുപ്പ്.

൪൦. [൯] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൧൨൬-൨൭ മുതൽ പിന്നോക്കം ൪ കൊല്ലങ്ങളിൽ തിരുവിതാംകൂർവിഭാഗത്തുനിന്നും കൊച്ചിവിഭാഗത്തുനിന്നും ഓരോ

കൊല്ലവും എത്ര നെല്ലുവീതം ഗവണ്മെൻറിലേക്ക് എടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് ?

(ബി) എത്ര നെല്ലുവീതം തിരുവിതാംകൂറിലും, കൊച്ചിയിലും നിന്ന് കൊല്ലംതോറും പ്രക്യൂവർ ചെയ്യണമെന്നാണ് സെൻട്രൽഗവണ്മെൻറ് ആവശ്യപ്പെട്ടിരിക്കുന്നത് ?

ഉത്തരം.

(എ)

കൊല്ലം.	തിരുവിതാംകൂർ.	കൊച്ചി.
൧൯൪൯	൮൦,൨൩,൧൭൪ പറ.	൩൨,൨൯,൪൪൦ പറ.
൧൯൫൦	൭൫,൦൫,൭൬൮ ,,	൫൯,൬൯,൯൦൦ ,,
൧൯൫൧	൭൦,൨൧,൦൧൫ ,,	൫൬,൧൮,൧൩൮ ,,
൧൯൫൨	൪൭,൦൧,൪൬൫ ,,	൬൦,൮൨,൯൯൦ ,,

(൧൪-൩-൫൨-വരെ.)

(ബി) കൊല്ലംതോറും ഇത്ര നെല്ല് പ്രക്യൂവർ ചെയ്യണമെന്ന് സെൻട്രൽ ഗവണ്മെൻറ് ആവശ്യപ്പെട്ടിട്ടില്ല.

Marketing Society

41. [10] **Shri. Ambat Eachara Menon:** Will the Minister for Finance and Civil Supplies be pleased to state:

(*a*) what is the amount advanced by the State to the Marketing Society ;

(*b*) What interest do they pay ;

(*c*) Do they function for the purpose (finding markets for finished goods) for which the institution was started ;

(*d*) Do they purchase finished goods ;

(*e*) If not. in what manner do they assist textile industry;

(*f*) Do they supply yarn to textile Co-operative Societies of Chittur;

(*g*) Do they not take the quota for Chittur also to Trichur and charge the Chittur for carriage from Trichur to Chittur ?

Answer.

(*a*) Rs. 50,000.

(*b*) 2 per cent. per annum.

(*c*) Yes they have also business dealings in lines other than finding markets for finished goods.

(*d*) The Society purchases on a large scale production of handloom cloth in the Trichur District and the main business and bulk of the trade of the Society is handloom cloth next to cotton yarn.

(*e*) This question does not arise in view of the answers to (d) above.

(*f*) The Society now supplies yarn to all licensed Co-operative Societies in the Trichur and Kottayam Districts including such Societies in Chittur.

(*g*) The Society does not charge transport or any other expenses when yarn is sold either to weavers or Societies in Chittur or to Societies in other parts of the Trichur and Kottayam Districts. All such carriages and delivery charges are being borne by the Society itself.

എസ്. പി. ഡബ്ലിയു. ആർ. ഫണ്ട്.

൪൨. [൫൪] ശ്രീ. എം. ഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കേന്ദ്രഗവണ്മെൻറിൽ നിന്നും ലഭിച്ച എസ്. പി. ഡബ്ലിയു. ആർ. ഫണ്ട് എത്ര ?

(ബി) അതിൽ എത്ര ചെലവായി ?

(സി) ചെലവിൻെറ ഇനം തിരിച്ചുള്ള പട്ടിക ?

(ഡി) ഏതാണ്ടിൽ ഫണ്ട് ലഭിച്ചു ?

(ഇ) ഈ ഫണ്ട് എങ്ങനെ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു ?

(എഫ്) വിനിയോഗിക്കുന്നതു സംബന്ധിച്ച് വിശദമായ പദ്ധതി വല്ലതും ഗവണ്മെൻറിന് ഉണ്ടോ ?

(ജി) പദ്ധതിയുടെ സ്വഭാവം വിശദമാക്കുമോ ?

ഉത്തരം.

(എ) തിരുവിതാംകൂർ വിഭാഗത്തേക്ക് ൩൩,൪൫,൯൬൯ രൂപയും, കൊച്ചി വിഭാഗത്തേക്ക് ൧,൬൫,൫൫൮-കയും.

(ബി. സി) ൧. പരസ്പരസഹായസംഘങ്ങൾക്കു കൊടുത്ത സംഖ്യ. ക. ൪,൭൧,൫൩൫-൬-൭

൨. വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതന്മാർക്കും വിദ്യാഭ്യാസസൗജന്യം ക. ൩,൦൦,൨൨൬-൫-൬

൩. വിമുക്തഭടന്മാരുടെ ആവശ്യാർത്ഥം ആസ്പത്രികൾ പണിയുവാൻ ക. ൪൮,൭൦൬-൩-൮

൪. ആഫീസ് ജീവനക്കാരുടെയും പരസ്പരസഹായസംഘം സെക്രട്ടറിമാരുടെയും ശമ്പളം ക. ൩൬,൫൩൬-൮-൨

൭. സ്റ്റാമ്പ്, സ്റ്റേഷനറി, കെട്ടിടവാടക മുതലായവകൾക്ക് ക. ൩,൫൮൯-൫൦-൦

൯. കമ്മററിമെമ്പറുടെ സഞ്ചാരബത്ത ക. ൧൨൫.൦-൦

ആകെ രൂപ ൮,൪൮,൬൫൧-൫-൯

(ഡി) തിരുവിതാംകൂർ വിഭാഗത്തേ സംഖ്യ ൫൫൨൩-ലും, കൊച്ചിവിഭാഗത്തേ സംഖ്യ ൫൫൨൪-ലും ലഭിച്ചു.

(ഇ) വിമുക്തഭടസഹകരണസംഘങ്ങൾക്ക് കടമിനത്തിൽ ധനസഹായം, വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതന്മാർക്കും വിദ്യാഭ്യാസസൗജന്യം വിമുക്തഭടന്മാരുടെ ആവശ്യാർത്ഥം ആശുപത്രിനിർമ്മാണം ഈ വിവിധാവശ്യങ്ങൾക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്) ഉണ്ട്.

(ജി) ഈ ഫണ്ട് വിനിയോഗിക്കുന്നതിനെ സംബന്ധിച്ച് ഇൻഡ്യാഗവൺമെൻറിൽനിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് ഫണ്ട് താഴെ പറയുന്ന ഇനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

൧. വിമുക്തഭടന്മാരുടെയും അവരുടെ കുട്ടികളുടെയും വിദ്യാഭ്യാസത്തിനുള്ള സ്കാളർഷിപ്പുകൾ സ്റ്റൈപ്പൻറ ഇവ കൊടുക്കുക.

൨. ഡിഫൻസ് സർവീസിലേക്കു വളരെ അധികം ആളുകളെ റിക്രൂട്ടു ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ ലൈബ്രറികളും പൊതു ആവശ്യത്തിനുള്ള കെട്ടിടങ്ങളും നിർമ്മിക്കുക.

൩. വിമുക്തഭടന്മാരുടെയും അവരുടെ കുടുംബങ്ങളുടെയും ആരോഗ്യത്തെ ഉദ്ദേശിച്ചു ഹോസ്പിററൽ വാർഡ് മുതലായവ പണിചെയ്യുക.

൪. സഹകരണാടിസ്ഥാനത്തിലുള്ള വർക്ക്ഷാപ്പുകൾ കോവപ്പറേററീവ് ബിൽഡിംഗ്സ്, സഹകരണാടിസ്ഥാനത്തിലുള്ള കൃഷികേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കുന്നതിലേയ്ക്കു ധനസഹായം ചെയ്യുക.

൫. വിമുക്തഭടന്മാർ നടത്തുന്ന റൂറൽഹൗസിങ്ങ് പദ്ധതികൾക്കു സഹായിക്കുക.

൬. യുദ്ധംമൂലം ഉണ്ടായിട്ടുള്ള അംഗവൈകല്യം മുതലായ കാരണങ്ങളാൽ സഹകരണാടിസ്ഥാനത്തിലുള്ള പദ്ധതികളിൽ പങ്കെടുക്കുവാൻ സാധിക്കാതെ വരുന്ന വിമുക്തഭടന്മാർക്ക് സഹായധനം നൽകുക.

മേൽ വിവരിച്ചതാണ് പദ്ധതികളുടെ സ്വഭാവം.

Roads

43. [16] **Shri. A. Samraj:** Will the Minister for Works be pleased to state what are the road improvement works allotted under first and second five year plan in the taluks of Thovala. Agasteeswaram, Kalkulam and Vilavancode ?

Answer.

A copy of the printed book containing the information is placed on the table*

Food.

44. [17] **Shri. R. Kesava Pillai:** Will the Minister for Food be pleased to state :

(*a*) The quantity of food imported into the State during the years 1950, 1951 respectively ;

*The book is available in the Legislative Library.

(*b*) Quantity of paddy procured in the State during the years 1950 and 1951 respectively ;

(*c*) The quantity of paddy procured in the different districts of the State for years 1950, 1951 respectively.

Answer.

(*a*) *1950*

1.	Rice	2,48,672 tons
2.	Wheat	44,929 ,,
3.	Milo	999 ,,
4.	Jowar	2,000 ,,

1951

1.	Rice	2,71,382 ,,
2.	Wheat	69,143 ,,
3.	Milo	19,072 ,,

(*b*) *1950* 1,34,45,638 paras.

1951 1,23,39,183 paras.

(*c*)

	1950 (in paras)	*1951* (in paras)
Trivandrum	26,93,962	24,46,632
Quilon	22,17,413	22,09,153
Kottayam	17,93,249	17,50,504
Trichur	67,41,014	59,32 894
Total	1,34,45,638	1,23,39,183

Note :—200 paras of paddy make one ton of rice.

വടക്കാഞ്ചേരി ആസ്പത്രി.

൮൭. [എൻ] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) വടക്കാഞ്ചേരി ആസ്പത്രിയിലുള്ള മൂന്നു ഡാക്ടർമാരിൽ ഒരാൾ സ്ഥലംമാറി പോയിട്ടു ഒരുകൊല്ലമായിട്ടും ഇതുവരെ പകരം ആളെ നിയമിച്ചിട്ടില്ല; അതിനുള്ള കാരണമെന്തു് ?

(ബി) പകരം ഡാക്ടരെ നിയമിക്കുന്നതു് എന്നാണു് ?

ഉത്തരം.

(എ) വടക്കാഞ്ചേരി ആസ്പത്രിയിലുള്ള ജോലി ഇപ്പോഴുള്ള ഡാക്ടർമാരെക്കൊണ്ടു് നിർവിഘ്നം നടന്നുവരുന്നതുകൊണ്ടും മറ്റു ആസ്പത്രികളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇപ്പോഴുള്ള ഡാക്ടറന്മാരുടെ എണ്ണം മതിയെന്നുതോന്നുകയാലും പകരം ആളിനെ നിയമിച്ചില്ല.

(ബി) ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ആശുപത്രിയിലെ കിടക്കകൾ.

൪൬. [൨൦] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വടക്കാഞ്ചേരിയിലേയും പഴയന്നൂരിലേയും ആസ്പത്രികളിൽ എത്ര കട്ടിൽവീതം ഉണ്ട്?

(ബി) ഓരോ ആശുപത്രിയിലും കഴിഞ്ഞ ഒരു വർഷത്തെ കണക്കുനോക്കിയാൽ ശരാശരി എത്ര രോഗികളെ ദിനംപ്രതി കിടത്തി ചികിത്സിച്ചിട്ടുണ്ട്?

(സി) ഓരോ ആശുപത്രിയിലും കഴിഞ്ഞ കൊല്ലത്തിൽ എത്ര രോഗികളെ ഔട്ട്പേഷ്യൻറായി ചികിത്സിച്ചിട്ടുണ്ട്?

(ഡി) എത്ര രൂപായ്ക്കുള്ള മരുന്നാണ് ഓരോ ആശുപത്രിക്കും കൊടുത്തുവരുന്നത്?

ഉത്തരം.

(എ) വടക്കാഞ്ചേരി ആശുപത്രിയിൽ ൩൬; പഴയന്നൂർ ആശുപത്രിയിൽ ൨൨.

(ബി)—(സി) കണക്കുകൾ ശേഖരിച്ചുവരുന്നു.

(ഡി) ഓരോ ആശുപത്രിയിലും കൊടുക്കുന്ന മരുന്നുകളുടെ വില ഇന്നതെന്നു പ്രത്യേകമായി കണക്കെഴുതി സൂക്ഷിക്കാറില്ല.

Irrigation.

47. [21] **Shri A. Kunjan Nadar:** Will the Minister for Public Works be pleased to state :

(*a*) The reason why an Irrigation Section office at Neyyattinkara was abolished ;

(*b*) The number of irrigation tanks in Neyyattinkara taluk; and

(*c*) The number improved in 1950 and 1951 respectively.

ഉത്തരം.

(*a*) There were two Irrigation Sections at Neyyattinkara and one is continuing. The other Section has been temporarily held in abeyance and the Section Officer has been posted to supervise some urgent work. When this is over the second Irrigation Section at Neyyattinkara will be re-formed.

(*b*) 738.

(*c*) 149 in 1949-50 and 185 in 1950-51.

വ്യവസായസ്ഥാപനങ്ങൾ.

൪൮. [൨൮] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗവമ്മെൻറു ഷെയറുകൾ ഉള്ള എത്ര വ്യവസായസ്ഥാപനങ്ങൾ ഈ രാജ്യത്തു് (ററി. സി. എസ്.) ഉണ്ടു്?

(ബി) അവയിൽ ഓരോന്നിൽനിന്നും കഴിഞ്ഞ സാമ്പത്തിക വഷത്തിൽ എന്തു വരുമാനം ഉണ്ടായിട്ടുണ്ടു്?

(സി) വരുമാനം ഇപ്പോൾ കുറവോ കൂടുതലോ?

(ഡി) വല്ല വ്യവസായസ്ഥാപനവും മുടങ്ങിക്കിടക്കുന്നുണ്ടോ?

ഉത്തരം.

(എ) ആൻഡ് (ബി) ഇരുപത്തിമൂന്നു്. * ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) വരുമാനം ഇപ്പോൾ കുറവോ കൂടുതലോ എന്നു് ഈ കൊല്ലത്തിൽ ഡിവിഡൻറു ലഭിച്ചതിനുശേഷം മാത്രമേ പറയാൻ സാധിക്കൂ.

(ഡി) ഇപ്പോൾ ലിക്വിഡേഷനിൽ ഇരിക്കുന്ന സ്റ്റീം നാവിഗേഷൻകമ്പനി മാത്രം. വേറെ ഒന്നും മുടങ്ങികിടപ്പില്ല.

Shop & Estahlishment Act.

49. [29] **Shri C. K. Kumara Panicker:** Will the Minister for Labour be pleased to state:

(*a*) whether Government contemplate extending the scope of the Shop and Establishment Act to Shertallai;

(*b*) have Government received any memorandum to the effect from the employees in the shops at Shertallai;

(*c*) what action has been taken on the memorandum;

ഉത്തരം.

(*a*) Government do not contemplate extending the scope of the Act to Shertallai at present.

(*b*) No.

(*c*) Does not arise.

ബസ്സുകളിൽ ഓവർലോഡു്.

൫൦. [൩൦] ശ്രീ. എം. സി. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പൊൻകുന്നം പാലാലൈനിൽ ഓടുന്ന ബസ്സുകളിൽ ഓവർലോഡു കയററുന്നതായി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

---

* See Appendix No II,

ഉത്തരം.

(എ) ഉണ്ട്.

(ബി) പരാതികൾ അന്വേഷണത്തിൽ ഇരിക്കുകയാണ്.

പൊതുശ്മശാനം.

൭ ൫. [൯ ൫] ശ്രീ. വി. വി. വർക്കി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചങ്ങനാശ്ശേരിതാലൂക്ക് ചിറക്കടവുപകുതിയിൽ കെ. കെ. റോഡു ൨൨-ാം മൈലിൽ സ്ഥിതിചെയ്യുന്ന കാഞ്ഞിരപ്പള്ളി ഡിസ്ട്രിക്ട് ആശുപത്രിവക ചേപ്പുംപാറ പൊതുശ്മശാനത്തെപ്പറ്റി പൊതുജനങ്ങളിൽനിന്നും എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഉണ്ട്.

(ബി) പരാതിയെപ്പറ്റി ആവശ്യമായ നടപടികൾ എടുത്തുവരുന്നു.

POINT OF ORDER *re* ANSWERING OF QUESTIONS

12 Noon] ശ്രീ. സി. കെ. കുമാരപ്പണിക്കർ: സർ, ഒരു പായിൻറ് ഓഫ് ആർഡർ. ഇവിടെ ഞങ്ങളയയ്ക്കുന്ന ചോദ്യങ്ങളിൽ പലതിനും മന്ത്രിമാരിൽനിന്നും ശരിയായ മറുപടി ലഭിക്കുന്നില്ല.

Mr. Speaker: That is not wholly correct.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: എൻെറ അഭിപ്രായമാണു ഞാൻ പറയുന്നതു്. എനിക്കനുഭവപ്പെട്ടിട്ടുള്ള സംഗതിയെ—

Mr. Speaker: But the House is not in possession of that "അനുഭവം" (Laughter). Almost all the questions are answered.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: ശരിയായ മറുപടി പറയാതെ ഒഴിഞ്ഞുമാറുന്ന ഒരു സമ്പ്രദായം മന്ത്രിമാർ സ്വീകരിച്ചുകാണുന്നുണ്ട്.

Shri M. M. Abdul Khader: Sir, a point of order. I had tabled three questions each day, but today it happens that more than three questions—nearly 7 or 8,—have been put in against my name. Such irregularities may be looked into.

Mr. Speaker: It is a matter between the Speaker and the hon. Member. If the Member would enquire at the office he will know the exact position.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ അസംബ്ലിയിൽ ഉത്തരം മുഴുവൻ പറയുവാൻ സാധിക്കാത്ത ചില ചോദ്യങ്ങൾക്കു പറയാറുള്ള മറുപടിയിൽ "ഉത്തരം മേശപ്പുറത്തു വച്ചിരിക്കുന്നു" എന്നു പറയാറുണ്ട്. മേശപ്പുറത്തുപോയി നോക്കുമ്പോൾ അതു് കാണാറില്ല.

Mr. Speaker: The traditional Table of the House is here in front of me. You can find the answer here.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അവിടെയും നോക്കാറുണ്ട്.

Mr. Speaker: Please look for the answer today. Then complain to me. I am sure the answer will be laid on the Table of the House.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ മേശപ്പുറത്തും കാണാൻ കഴിഞ്ഞിട്ടില്ല.

Mr. Speaker: There is no necessity for a complaint. I always see to it that the answers to questions already answered in this House and the answers which were available later are placed on the Table of the House.

POINT OF ORDER *re*: FINANCE MINISTER'S BROADCAST.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഇവിടെ ഇന്നലെയും ഇന്നുമായിട്ട് ബഡ്ജററിനെക്കുറിച്ചുള്ള പൊതുവിമർശനങ്ങൾ ഉണ്ടായി. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആൾഇൻഡ്യാ റേഡിയോവിൽ ഇവിടെ നടന്ന വിമർശനങ്ങളെപ്പററിയും ഒരു പ്രസംഗം ചെയ്യുകയുണ്ടായി. അങ്ങനെ ചെയ്യുന്നത്, ഈ സഭയിൽ നടക്കുന്ന ബിസിനസ്സിനെ ബാധിക്കുന്ന കാര്യമായതുകൊണ്ട്, ശരിയാണോ എന്നുള്ളതിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു റൂളിംഗ് ഞാൻ ആവശ്യപ്പെടുന്നു.

Mr. Speaker: No ruling is required for that. If the hon. Minister has mis-stated the budget estimate, or led the country astray by not giving the correct information, that is a matter which will affect the privileges of the hon. Members. If the Minister's speech, on the other hand, enlightened the general public, you will have to thank him. Anyhow unless the Member can convince me that that speech was deliberately made, apart from the budget estimates, to mislead the people, then it will come, as a matter of course, for a ruling before the House.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അങ്ങനെയാണെങ്കിൽ ഈ ബഡ്ജററിനെ വിമർശിച്ചുകൊണ്ടു റേഡിയോമുഖേന പ്രസംഗം നടത്തുവാൻ ഞങ്ങൾക്കും അവസരം നൽകുമോ?

Mr. Speaker: That is a matter between you and the All India Radio. I have no control over the All India Radio.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഒരു പായിൻറ് ഓഫ് ഓർഡർ. ഈ സഭയുടെ ആലോചനയിൽ ഇരിക്കുന്ന ഒരു പ്രത്യേക വിഷയത്തെപ്പററി എനിക്കു ഈ അവസരത്തിൽ പറയുവാനുണ്ട്.

Mr. Speaker: Are you translating the representation made by the hon. Member, Mr. Narayanan Potti? Do you assert that the radio talk of the hon. Minister was made deliberately to mislead the public of Travancore-Cochin.?

Shri M. M. Abdul Khader : We do assert.

Mr. Speaker : When the matter is before me in the proper form I will consider.

Order, order. I have to make a statement.

STATEMENT BY THE SPEAKER REGARDING ELECTIONS TO CERTAIN (ESTIMATES COMMITTEE, Etc.)

Mr. Speaker : Before proceeding to the business on the agenda I have to make a statement regarding the elections to be conducted by this House to certain committees.

Under Rule 53 of the Assembly Rules an Estimates Committee, and under Rule 54 a Public Accounts Committee have to be constituted for the current financial year. The House has to elect six members to each of these committees excluding the Finance Minister who is the Chairman of both the Committees.

Under the Library Rules, the House has to elect five members to the Library Advisory Committee.

Government have requested that six members of this House may be elected to the Standing Advisory Committee for Works and Communications, and one member to the Ex-South Indian Railway Local Advisory Committee.

These elections will be conducted according to the principle of proportional representation by means of the single transferable vote.

The following programme is fixed for the elections -

Nominations to be filed before the Secretary.	Before 2 p. m. on 14th July 1952.
Scrutiny of nominations	Will be held in the Speaker's Chamber in the evening of 14th July, after the House adjourns for the day.
Time for withdrawal of nominations	Before 12 noon on 15th July.
Poll, if necessary	For the Estimates Committee and the Public Accountes Committee-on the 16th July, and for the others, on the 17th July 1952 after the regular business for the days is over.

In this connection let me draw the attention of the House to the fact that the Estimates Committee and the Public Accounts Committee are both statutory committees. They are committees of the Legislature, responsible to this House and are expected to present their reports to this House. It is a matter for regret that although both the Estimates Committee and the Public Accounts Committee were constituted and, as I understand, were functioning during the last Assembly, no report, so far as I know, was

[Mr. Speaker]

presented to that House. I am afraid it may have been due to a lack of proper appreciation of the functions of these committees. We have to remember that in a parliamentary system of Government like ours, where the legislature as a sovereign body is ultimately responsible to the people,the executive constitutes the agency through whom the legislature has to discharge that responsibility. The executive is responsible to this House and has, therefore, to be guided and controlled by this House. It is this work that the legislature is expected to perform mainly through its financial committees which would maintain constant contact between the House and the Government. Let me therefore, give, for the benefit of the hon. Members, especially of those who may be functioning as Members of these committees, what I have tried to learn about the work that is expected of these committees, more particularly of the Estimates Committee which I find is more effective in controlling public expenditure.

The functions of these committees and their procedural part are broadly outlined in Rules 53 and 55. The committees can also frame their own rules for their work. As the hon. Members will find, the Public Accounts Committee is intended to hold a sort of post mortem examination of the accounts of the State, but the work of the Estimates Committee is more onerous and important as it has to deal with current expenditure, that is, the estimates that are proposed by Government and to suggest economies in money, time and energy. An efficient examination by the estimates Committee of departmental estimates will create consciousness in governmental machinery that there is some one who will scrutinise what is proposed. This will be a great check on the executive and will lead to general efficiency of the administration. In order to be able to have such an examination of departmental estimates the Estimates Committee need not try to cover the whole field of administration in a year. I find that in the United Kingdom it takes about five years for the Estimates Committee to cover the whole range of governmental administration. The Committee may, therefore, select a few departments each year, try to do some intensive work and have its impress on the policies and expenditure of Government. The rules also provide for the appointment of sub committees in order to facilitate close study by division of work. After going in detail into the proposed estimates of the departments selected for study and after taking such evidence as they may desire, the committee will make a report which will also form the basis on which proposals for expenditure in future should be framed. While working within the framework of the policy laid down by Government and this House, the Estimates Committee's business is to see that only the minimum expenditure is incurred for the purpose of fulfilling the objectives of Government.

For the proper functioning of these two committees, *viz.*, the Public Accounts Committee and the Estimates Committee, the Secretary to the Legislature will be the Secretary to these Committees and their Convener.

Shri A. Thanu Pillai: On a point of order. That is in relation to committees that are not statutory committees or committees of this Legislature. I wish to know whether simply because Government wants this House to elect Members to committees, constituted by them, this House should accede to their request. I can understand on a motion by a Member, may be a Minister, this House may elect a committee for specific purposes, but simply because the Government wants certain committees to be formed and asks this House to elect Members, we should do so, is a matter in which I have my own doubts. Should we respond in a case of this kind ?

Mr. Speaker: That is a matter which the House is competent to consider. There is a proposal from the Government to elect a few Members to the Works Committee and I, though there was a demand, rather a grievance, ventilated before this House that the representatives of this House are not able to have consultations when important matters are considered and decided. Government took the initiative and I placed that before the House. The House may elect or may not elect.

Shri P. S. Nataraja Pillai: It would be better for the conventions of this House, to have a motion from the official bench to set up such a committee. Now a kind of indirect request to this House is made, and without a positive motion before this House to set up a committee and to elect and call for nominations and all that, will, it seems to me, not be regular. Whether it will be regular, in view of the standing orders and rules, is a matter which may be considered.

Mr. Speaker: I have already given my views. I am sure that the matter will be further considered.

GENERAL DISCUSSION OF THE BUDGET (*contd*).

Mr. Speaker: We will resume discussion on the budget. I have to bring to the notice of the hon. Members one fact, that is, many Members want to take part in the discussions, and even though I tried my best to keep to the time-table, it has not been possible within the limited time to give every Member a chance to speak. Many Members have yet to take part in the discussion. Therefore, I propose to impose a time limit of ten minutes for every speech and I hope the House will agree to that.

(*The House signified its assent*)

ശ്രീ. കൊച്ചുകുഞ്ഞു്: (തുടർച്ച) സർ, ഉള്ളവരെന്നും ഇല്ലാത്തവരെന്നും ഉള്ള രണ്ടുകൂട്ടരാണു് ഈ രാജ്യത്തുള്ളതു്. അതിൽ ഇല്ലാത്തവരുടെ കഥ ഇവിടെ വളരെ കുഴപ്പത്തിലാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സർ, നമ്മുടെ രാജ്യത്തു് ഇന്നു് നിലവിലിരിക്കുന്ന പബ്ലിക്ക സർവ്വീസ് കമ്മീഷനിൽ ഇവിടത്തെ പിന്നോക്കവർഗ്ഗങ്ങൾക്കു് പറയത്തക്ക യാതൊരു പ്രാതിനിധ്യവും ഇല്ലെന്നു പറയേണ്ടിവന്നതിൽ എനിക്കു

[ശ്രീ. കൊച്ചുകുഞ്ഞു്]

വളരെ വ്യസനമുണ്ടു്. സർ, പിന്നോക്കസമുദായക്കാക്കു് നൽകിയിരുന്ന പബ്ലിക്കു്സർവ്വീസിലെ പ്രാതിനിദ്ധ്യം പാടെ അവഗണിച്ചുകൊണ്ടു് അവക്കു ലഭിക്കുവാനുള്ള പല സ്ഥാനങ്ങളും മററു ചില ആളുകൾക്കായിട്ടു് കൈകാര്യംചെയ്യുന്ന ഒരു പതിവു് ഇന്നത്തെ കമ്മിഷനിൽ നടക്കുന്നുണ്ടെന്നുള്ള പരമാത്ഥം മറച്ചുവയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. അതു് ഇവിടെ പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതിനു് ഒരു ഉദാഹരണംതന്നെ ഞാൻ ഈ സഭയുടെ മുമ്പാകെ വയ്ക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ പബ്ലിക്കു്സർവ്വീസു്കമ്മിഷനിൽ നടക്കുന്ന കൈക്കൂലിയും അഴിമതിയും എത്രത്തോളമാണെന്നു ഞാൻ പ്രസ്താവിക്കുന്ന വിശദീകരണംകൊണ്ടു് സഭയ്ക്കു മനസ്സിലാക്കുവാൻ സാധിക്കും. ഒരു പാവപ്പെട്ട അദ്ധ്യാപകനെ പത്തനാപുരം താലൂക്കിൽ ഒരു സ്കൂളിൽ ഒരദ്ധ്യാപകനായി നിയമിച്ചിരിക്കുന്നു എന്നു് പബ്ലിക്കു്സർവ്വീസു്കമ്മിഷനിൽനിന്നു് ഒരു മെമ്മോ കിട്ടി. ആ മെമ്മോ അനുസരിച്ചു് ആ അദ്ധ്യാപകൻ സ്കൂളിൽചെന്നു് ജോലിയിൽ പ്രവേശിച്ചു. 24 ദിവസം ജോലിനോക്കി. അദ്ദേഹത്തിനു് പബ്ലിക്കു് സർവ്വീസു്കമ്മിഷനിൽനിന്നും വീണ്ടും ഒരു മെമ്മോ കിട്ടി. ആഫീസിനു പററിയ തെററുമൂലമാണു് നിങ്ങളെ നിയമിച്ചതെന്നും ആ സ്ഥാനത്തു് വേറെ ഒരാളെ നിയമിച്ചിരിക്കുന്നു എന്നുമായിരുന്നു ആ മെമ്മോ. ആ മെമ്മോ അനുസരിച്ചു് അദ്ദേഹത്തെ ജോലിയിൽനിന്നും പിരിച്ചയച്ചു. അദ്ദേഹം ജോലിനോക്കിയ 24 ദിവസത്തെ ശമ്പളംകൂടി കൊടുക്കാതെയാണു് അദ്ദേഹത്തെ പിരിച്ചയച്ചതു്. ഇതു് ന്യായമാണോ; നീതിയാണോ; ഇങ്ങനെയുള്ള പ്രവൃത്തികൾ നടത്തുമ്പോൾ ഈ രാജ്യത്തെ ജനങ്ങൾക്കു്, അഥവാ പിന്നോക്കവർഗ്ഗങ്ങൾക്കു് ഇവിടത്തെ ഗവണ്മെൻറിൻെറ നേരെ അമർഷം തോന്നുന്നതു് തെററാണോ എന്നു ഞാൻ ചോദിക്കുന്നു. ഈ വിധത്തിലുള്ള പ്രവൃത്തി ജനായത്തസിദ്ധാന്തത്തിനു് യോജിച്ചതല്ല. ഞാൻ പ്രസ്താവിച്ച കഥയുടെ എല്ലാ വിവരങ്ങളും എൻെറ പക്കൽ ഉണ്ടു്. കമ്മീഷനിൽനിന്നു് കൊടുത്ത റിക്കാർഡുകൾ വച്ചുകൊണ്ടാണു് ഞാൻ ഇതു പറയുന്നതു്. വേണമെന്നുണ്ടെങ്കിൽ ഇതിൻെറ എല്ലാ വിവരങ്ങളും അധികാരസ്ഥാനത്തു സമർപ്പിക്കുവാൻ ഞാൻ ഒരുക്കമാണു്. ഇതുപോലെ എത്രയെത്ര അനീതികളാണു്, ന്യായരഹിതപ്രവത്തനങ്ങളാണു് നമ്മുടെ രാജ്യത്തു നടക്കുന്നതു്? ഈമാതിരി അനീതികളും കൈക്കൂലിയും അഴിമതിയും അവസാനിപ്പിക്കാതിരുന്നാൽ നമ്മുടെ രാജ്യത്തു വിപ്ലവങ്ങളും കലാപങ്ങളും ഉണ്ടാകുവാനുള്ള പരിതഃസ്ഥിതി നാംതന്നെ സൃഷ്ടിക്കുകയല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഈ രാജ്യത്തെ ഹിന്ദുക്കളുടെ ആരാധനാകേന്ദ്രമായിരുന്ന ശബരിമലക്ഷേത്രം അഗ്നിക്കിരയാക്കിയതിനെക്കുറിച്ചു് അന്വേഷിച്ച റിപ്പോർട്ടു സമർപ്പിക്കുവാൻ ഗവണ്മെൻറു് ഇതുവരെ തയാറായിട്ടില്ല. ഗവണ്മെൻറിൻെറ കഴിവുകേടുകൊണ്ടല്ലേ ഈമാതിരി അഴിമതികൾ, കുഴപ്പങ്ങൾ നമ്മുടെ രാജ്യത്തു നടക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു. ഈവിധത്തിലുള്ള പ്രവത്തനങ്ങൾ അങ്ങനെ തുടരുവാൻ അനുവദിക്കുന്നതുകണ്ടിട്ടു് ക്ഷമിക്കുവാനും സഹിക്കുവാനും വയ്യാഞ്ഞിട്ടാണു് പല പല സമുദായങ്ങളും സമൂഹങ്ങളും ശബരിമല ക്ഷേത്രദഹനത്തെ സംബന്ധിച്ചു് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഗവണ്മെൻറിലേക്കു് മെമ്മോറാണ്ടങ്ങളും മററും സമർപ്പിച്ചിട്ടുള്ളതു്. അതിനു് ശരിയായ ഒരു മറുപടി,

പരസ്യമായ ഒരന്വേഷണം നടത്തി അതിനു ശരിയായ സമാധാനം ജനങ്ങൾക്ക് കൊടുക്കുവാൻ എന്തുകൊണ്ട് ഗവണ്മെൻറ തയ്യാറില്ല എന്നു ഞാൻ ചോദിക്കുന്നു.

പിന്നോക്കസമുദായക്കാരെ ഉദ്ധരിക്കുവാൻവേണ്ടി ഒരു ഡിപ്പാർട്ടുമെൻറിനെ ഇവിടെ നിയമിച്ചിട്ടുണ്ട്. ആ ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന അഴിമതികളെ സംബന്ധിച്ച് പറയുവാൻ പ്രയാസമാണ്. കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് ഇക്കൊല്ലത്തെ ബഡ്ജററിൽ ആ ഡിപ്പാർട്ടുമെൻറിലേക്ക് കൊള്ളിച്ചിട്ടുള്ള തുക വളരെ കുറവാണ്. ഹരിജനങ്ങളെ ഉദ്ധരിക്കുവാനല്ല ആ ഡിപ്പാർട്ടുമെൻറ പ്രവർത്തിക്കുന്നത്; ഇവിടത്തെ ഹരിജനങ്ങളുടെ കൂട്ടത്തിൽ മററുള്ളവരെക്കൂടി പ്രവേശിപ്പിക്കുന്നതിലാണ്. ആ ഡിപ്പാർട്ടുമെൻറിൽനിന്ന് പിന്നാക്കസമുദായക്കാർക്ക് വേണ്ടത്ര ആനുകൂല്യം കിട്ടുന്നില്ല. ആ ഡിപ്പാർട്ടുമെൻറിലേക്ക് കൂടുതൽ തുക കൊള്ളിച്ച് കൂടുതൽ ആനുകൂല്യം പിന്നാക്കസമുദായക്കാർക്ക് കൊടുക്കുവാൻ നോക്കാതെ ആ പാവപ്പെട്ടവരെ സമാധാനിപ്പിക്കുവാൻവേണ്ടി മാത്രമല്ലേ ഇന്ന് ഒരു ഹരിജൻമന്ത്രിയെ ഈ കാൺഗ്രസ്സ് മന്ത്രിസഭയിൽ ഉൾപ്പെടുത്തിയത് എന്നു ഞാൻ ചോദിക്കുന്നു. ഒരു ഹരിജൻമന്ത്രി ഇവിടെ വന്നതുകൊണ്ട് ഇവിടത്തെ പാവപ്പെട്ടവൻെറ അസമത്വങ്ങൾ നീങ്ങുവാൻ പോകുന്നില്ല. ഈമാതിരി അസമത്വങ്ങൾ നീങ്ങണമെങ്കിൽ നമ്മുടെ മന്ത്രിസഭ കാര്യക്ഷമമായും വളരെ ധൈര്യത്തോടും നീതിയോടും ചെയ്യേണ്ട കൃത്യങ്ങൾ വളരെ ഭംഗിയാംവണ്ണം ചെയ്യണം. അപ്രകാരം പ്രവർത്തിക്കാതെ അഴിമതിയും കൈക്കൂലിയും ശുപാർശയും അക്രമവും നമ്മുടെ രാജ്യത്തുനിന്നും മാററുവാൻ സാദ്ധ്യമല്ല. സർ, ഒരു കാര്യംകൂടി പറഞ്ഞ് എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ഞാൻ പ്രതിനിധീകരിക്കുന്ന ചടയമംഗലം നിയോജകമണ്ഡലത്തിൽ നാട്ടുകാരുടെ ശ്രമഫലമായി ഒരു ഹൈസ്കൂൾ അനുവദിച്ചു കിട്ടിയിട്ടുണ്ട്. ഈ ഹൈസ്കൂളിന് ഗവണ്മെൻറിൽനിന്നു ആവശ്യപ്പെട്ട തുകയും കെട്ടിവച്ചു. പള്ളിക്കൂടത്തിനു വേണ്ട കെട്ടിടവും സ്ഥലവും നാട്ടുകാർ കൊടുത്തിട്ടുണ്ട്. അതിൻെറ അടുത്തു ഒരു പ്രൈമറിസ്കൂളും ഉണ്ട്. ഈ ഹൈസ്കൂളിലും പ്രൈമറിസ്കൂളിലും ഒരേ ഒരു ഹെഡ്മാസ്റ്ററാണ് ജോലി നോക്കുന്നത്. പള്ളിക്കൂടത്തിലാണെങ്കിൽ അവിടെ ആവശ്യമുള്ള ഉപകരണങ്ങൾ ഒന്നും ഇല്ല. ഹൈസ്കൂളിൽനിന്ന് പ്രൈമറിസ്കൂളിലേക്ക് ഒരുമൈൽ ദൂരമുണ്ട്. ഒരുമൈൽ ദൂരമുള്ള രണ്ടു സ്കൂളുകളിലുംകൂടി ഒരു മാസ്റ്റർതന്നെ ജോലി നോക്കണമെന്നു പറഞ്ഞാൽ അതു എങ്ങനെ സാധിക്കും. ഇപ്രകാരമുള്ള അവശതകൾ നമ്മുടെ നാട്ടിൻെറ നാനാഭാഗങ്ങളിലും ഉണ്ട്. ഈ കുറവുകളെല്ലാം പരിഹരിച്ച് നാട്ടിനു വേണ്ട മേന്മകൾ ഉണ്ടാക്കി കൊടുക്കുന്നതിനു വേണ്ടിയാണ് ജനപ്രതിനിധികളായ ഞങ്ങൾ ഇവിടെ സന്നിഹിതരായിരിക്കുന്നത്. അതുകൊണ്ടു ജനപ്രതിനിധികളായ ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള സംഗതികൾക്കെല്ലാം പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ ഗവണ്മെൻറു നടത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. പൊതുജനങ്ങൾക്ക് കാൺഗ്രസ്സിനോടുള്ള അവിശ്വാസം ഇല്ലാതാക്കുവാനായിട്ടെങ്കിലും ഞങ്ങൾ ഇവിടെ ഉന്നയിച്ച എല്ലാ പ്രശ്നങ്ങൾക്കും ഗവണ്മെൻറ ഉടനടി പരിഹാരമുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

Shri Anthonie Andrew Daniel Luiz: Sir, it was the solemn promise made by the democratic republic Government of India to eradicate ignorance India has inherited as an ancient legacy. I am not here to state whether all the promises made by them have been entirely carried out. I know some of the promises have been carried out. While making this promise, the Anglo-Indians were not forgotten by the great men of India who drafted and brought into law the Constitution of India. The bare fact that the Constitution of India contains special protections for the Anglo Indians clearly indicates they are a minority community needing protection. Such protections were not made available for the Jews or Parsis because the Governmet of India felt very confident that these two minority communities could stand on their own legs in future India. May I mention what are the chief concessions that this minority community should have immediately. The main facility that this minority community should have and that too immediately is with regard to education. Education alone can wipe out the dark cloud of ignorance that is hanging over this community. It is the duty of Government to have all kinds of educational concessions made available to this minority community. If the Government does not afford or even order compulsory education of the Anglo-Indian youth, I am afraid this community will become a liability to the future and prosperous India. Sir, once Government has contributed educational concessions. I am sure, the educated man will always find a profession and he will make his contributions to science and industry, I am of the opinion that whatever concessions this Government may grant to this minority community the same may be confined to the "destitutes" of this minority community.

Early in November 1951, the Director of Public Instruction was pleased to order that the Anglo-Indians shall have all the concessions enjoyed by the 'backward' communities in India. Well, this is really a very generous act on the part of Government. But I have my own doubts as to what extent the school-going population of this community enjoys these concessions. I must admit that certain scholarships have been instituted for this community. As it is laid down the Anglo-Indians shall get Rs. 19 in all per month for educational purposes. What is this amount for a community that has 99.9 per cent of its members in the category destitutes.

Having mentioned this I should now compare these concessions to those now being granted to this community in the educational institutions in the Mysore and Madras States and in the institutions sponsored by the Central Government. Comparison of concessions obtained in these States are necessary. With the permission of the Chair I would read out a few figures in this connection.

In the Madras State, grant under Art. No. 156 provides a scholarship of a sum of Rs. 18—for every Anglo-Indian boy or girl. I may inform the House that there are several hundreds of Anglo-Indian boys and girls who are enjoying this concession

at present. Grant under Art. 159 provides for amounts payable to Anglo-Indian boys and girls whose parents live in out of the way places where educational facilities are not available. There is no fixed amount. The department decides the amount after going through the merits of each case. I do know of legitimate cases where the grant under this Article is as high as Rs. 35 per month per student. Grant under Art. 166 provides fees and books for the poor Anglo-Indians attending recognised schools. In addition to the above grants there are twenty Government scholarships for the Anglo-Indians of the Middle section and twenty for the High School section and the rate of scholarship is Rs. 8 for the middle section and Rs. 12 for the high school section. These are the main concessions.

Over and above these concessions, the Government have promised some more concessions to be put into force during this period of special protection provided for in the Constitution. Sir, what is the sum of Rs. 19 that we are receiving and when compared to the amount that the Madras State is giving generously today? Well, we shall go to another State, where there are hardly any Anglo-Indians. In the Mysore State today there is a scholarship of Rs. 8 per student per month and almost all the Anglo-Indians who are having education there are getting this concession. Besides this they are also giving special scholarships to Anglo-Indians. Compare these concessions to that of ours totalling to Rs. 19 a month for about 45,000 illiterate destitute Anglo-Indians of this State. Now, I would like to furnish this House with information regarding educational institutions sponsored and controlled by the Central Government. There are sponsored institutions in South India but unfortunately none of the kind exists in this State. I might, at this stage, request our Government to request the Central Government to sponsor at least one or two of our institutions, in this State as they are sponsoring in other States. May I furnish this House with details of the concessions available to Anglo-Indians in these institutions. Children born of parents having a basic income or pay of less than Rs. 80 are exempted from all fees. Children of those who have a basic pay of above Rs. 80 and below Rs. 600 have to pay only thirteen percent of the basic pay for the education of the first child; for the second child, they have only to pay Rs. 3|4 less than what is paid for the first, and for the third child 5|4 less than the second, and so on. Children in excess of four are educated free of all charges. I am mentioning these facts so that our Government may open their eyes and do something for our community. It may not be immediately possible for this Government to secure funds and do things on a scale as Madras and Mysore are doing today; but I humbly request in the name of all the destitutes in my community that the Government may grant education free of fees until such time they can provide for other concessions. Our Government can easily allow free of fee education to the poor Anglo-Indian students who are studying in the schools and colleges today.

[Shri Anthonie Andrew Daniel Luiz]

I wish to avail myself of this opportunity to thank the Government for the Admission of an Anglo-Indian student into the Medical College. I hope the community will continue to receive the same concessions in future also. I fail to understand why there should be any difficulty about admitting Anglo-Indian students in the colleges here. On the 25th of this month, the Chief Minister of Madras, Shri Rajagopalachariar stated that he is reserving 25 percent of the seats in the colleges for "backward" communities and that the Statute permitted such reservations. If the Statute permits such reservations in the Madras State, our Government should also have the same kind of concessions to the backward minority communities here at least for the duration of the period of protection. Promises made by the Government of India have also to be honoured by this Government which is a part and parcel of the Government of India.

I must also avail myself of this opportunity to congratulate the Hon. Minister of Finance for the budget which he has presented. I dare say that this budget indicates an honest intention to carry on great schemes, without waiting for minor considerations. I hope that the Hon. Minister for Finance will be kind enough to mention something about my request for a free fee education to Anglo-Indian community students, during his reply speech.

ശ്രീ. ടി. കെ. ദിവാകരൻ: സർ, കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിച്ച നാലരലക്ഷം രൂപയുള്ള മിച്ചബഡ്ജററ് ഇപ്പോൾ ഏഴുലക്ഷത്തിൽ ചില്വാനം രൂപയുടെ ഒരു കമ്മി ബഡ്ജററായി രൂപാന്തരപ്പെടുത്തി അവതരിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം കാൺഗ്രസ്സ് തന്നെ ഭരണാധികാരം ഏറെറടുക്കണമെന്നു വളരെ വാശിയോടും വീറോടും കൂടി പ്രസ്താവനകൾ നടത്തിയിട്ടുള്ള ധനകാര്യമന്ത്രി തന്നെയാണ് ഇപ്പോൾ ഈ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളതും. രാജ്യക്ഷേമത്തിനും തങ്ങൾ പ്രതിനിധീകരിക്കുന്ന പൊതുജനങ്ങളുടെ ആശ്വാസങ്ങൾക്കും വേണ്ടി കാൺഗ്രസ്സ് ഗവണ്മെന്റ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിൽ, എന്തെല്ലാമാണ് രാജ്യക്ഷേമത്തിനുവേണ്ടി ഇവർ പ്രവർത്തിക്കാൻപോകുന്നതെന്നുള്ളതിനെപ്പററി നോക്കിയതിൽ യാതൊന്നും ഞാൻ കാണുന്നില്ല. മുൻ മന്ത്രിസഭയുടെ പിൻഗാമിയെന്നപോലെ അവർ അനുവർത്തിച്ചിരുന്ന നയവും പരിപാടിയും അനുകരിച്ചു ഒരു ബഡ്ജററു തയ്യാറാക്കി അവതരിപ്പിക്കയാണു ചെയ്തിട്ടുള്ളതു്. ഈ വസ്തുത ധനകാര്യമന്ത്രി തന്നെ സമ്മതിച്ചിട്ടുമുണ്ടു്. ൧൯൫൧-൫൨-ലെ റിവൈസ്ഡ് ബഡ്ജററിനെ ആശ്രയിച്ചു രൂപീകരിച്ചിട്ടുള്ള ഒരു ബഡ്ജററാണിതെന്നു വളരെ വ്യക്തമാകുന്നുണ്ടു്. ൧൯൫൧-൫൨-ൽ ൪ ലക്ഷം രൂപയുടെ കമ്മിബഡ്ജററ് യഥാർത്ഥത്തിൽ ൧൫൦ ലക്ഷം രൂപയുടെ ഒരു മിച്ചബഡ്ജററായി തീരുകയാണു ചെയ്തതു്. ഗവണ്മെന്റ പ്രതീക്ഷിക്കാത്ത ൪൩൨ ലക്ഷം രൂപ, അതായതു് തീർപ്പെട്ടിത്തീരുവയിനത്തിൽ കിട്ടിയ ൧൨൭ ലക്ഷം രൂപയും, ഫെഡറൽ നികുതിയായി കിട്ടിയ ൨൫൦ ലക്ഷം രൂപയും, ആദായനികുതിയായി കിട്ടിയ ൫൫ ലക്ഷം രൂപയും ഉൾപ്പെടെ

൪൬൨ ലക്ഷം രൂപ കിട്ടിയില്ലെങ്കിൽ യഥാർത്ഥത്തിൽ ഈ ബഡ്ജററ് ൫ കോടി രൂപയുടെ ഒരു കമ്മിബഡ്ജററാകുമായിരുന്നു. പൊതുജനങ്ങളോടു വാഗ്ദാനം ചെയ്തിട്ടുള്ള യാതൊരു കാര്യവും ചെയ്യാൻ ഗവണ്മെൻറ തയ്യാറില്ലെന്നു ഈ ബഡ്ജററ് നോക്കിയാൽ മനസ്സിലാകുന്നതാണ്. ഉദാഹരണത്തിനു പഞ്ചവത്സരപദ്ധതിയുടെ കാര്യംതന്നെ എടുക്കാം. ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ളതു ൫൨൦ ലക്ഷം രൂപയാണ്. എന്നാൽ ആ തുകയുടെ ഒരംശംപോലും ഈയാണ്ടിലേയ്ക്കുള്ള ചെലവിനുവേണ്ടി കൊള്ളിച്ചുകാണുന്നില്ല. അഥവാ വല്ല ഭാഗവും കൊള്ളിച്ചിട്ടുണ്ടെങ്കിൽ തന്നെ ഈ ബഡ്ജററിൽ അവ വ്യക്തമാകുന്നില്ല. പൊതുജനങ്ങളുടെ ക്ഷേമോൻമുഖമായ പരിപാടികളിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഈ പദ്ധതിയെ ഗവണ്മെൻറ ബഹുമാനിക്കുന്നില്ലെന്നു മാത്രമല്ല, അവഗണിക്കയും കൂടി ചെയ്തിട്ടുണ്ട്.

സർ, മറെറാരു കാര്യം പറയാനുള്ളതു് ആദായനികുതിയെല്ലാം കേന്ദ്രത്തിനു വിട്ടുകൊടുത്തതുകൊണ്ടു നമുക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി ൧൯൫൧-൫൨-ൽ അവിടെനിന്നും ൫൫ ലക്ഷം കിട്ടിയിട്ടുണ്ടെന്നു ഫിനാൻസു മന്ത്രിതന്നെ പ്രസ്താവിച്ചിട്ടുള്ളതിനെ സംബന്ധിച്ചാണ്. എന്നാൽ ൧൯൫൧-൫൨-ലെ ബഡ്ജററിൽ റിവൈസ്ഡ് എസ്റ്റിമേററിൽ എവിടെയാണു ഈ തുക കൊള്ളിച്ചിട്ടുള്ളതെന്നു മനസ്സിലാകുന്നില്ല. ഒരുപക്ഷെ ബഡ്ജററ് ഹെഡ് ൪൯-ലൊ മറെറാ ആയിരിക്കാം. സർ, ഈ തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെങ്കിൽ തന്നെ, പൊതുജനങ്ങളോടു ചെയ്തിട്ടുള്ള ഏററവും വലിയ ദ്രോഹങ്ങളുടെ ഫലമായിട്ടല്ലേ ഈ നിസ്സാരമായ ൫൫ ലക്ഷം രൂപ നമുക്കു കിട്ടിയിട്ടുള്ളതെന്നു ഞാൻ ചോദിക്കുന്നു. നമ്മുടെ നാട്ടിലെ വ്യവസായങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും മാത്രമല്ല, മറെറല്ലാത്തരത്തിലുമുള്ള ആദായനികുതിയും നാം കേന്ദ്രത്തിനു വിട്ടുകൊടുത്തിരിക്കയാണ്. ഇവയിൽനിന്നെല്ലാം കോടിക്കണക്കിനുള്ള തുക വാങ്ങിച്ചുകൊണ്ടാണ് ഈ ൫൫ ലക്ഷം രൂപ നഷ്ടം തന്നിട്ടുള്ളതെന്നു ഓർക്കുമ്പോൾ എത്രമാത്രം ദ്രോഹമാണു ഗവണ്മെൻറ പൊതുജനങ്ങളോടു ചെയ്തിട്ടുള്ളതെന്നു ബോദ്ധ്യമാവും. ൧൯൫൧-൫൨-ൽ പോസ്റ്റ്-ടെലഗ്രാഫ് സംയോജനം, റയിൽവേ മുതലായവയ്ക്കു് കാമ്പൻസേഷനായി നമുക്കു കിട്ടിയിട്ടുള്ളതു് വെറും ൬൦ ൫ ലക്ഷം രൂപയാണ്. സർ, ഞാൻ മുൻപു പറഞ്ഞതുപോലെ വൻപിച്ച വരവിനങ്ങൾ കേന്ദ്രത്തിനു വിട്ടുകൊടുത്തിട്ടു കാമ്പൻസേഷൻെറ പേരിൽ അവർ തരുന്ന നിസ്സാരമായ സംഖ്യ വാങ്ങിക്കൊണ്ടു ഗവണ്മെൻറ തൃപ്തിപ്പെടുകയാണ്. ഈ വിധത്തിലുള്ള ഒരു ബഡ്ജററ് കേന്ദ്രഗവണ്മെൻറിൻെറ നിർദ്ദേശത്തോടുകൂടിയായാൽതന്നെയും നമ്മുടെ ഫിനാൻസ് മിനിസ്റ്റർ രൂപീകരിച്ചു ഇവിടെ അവതരിപ്പിച്ചതിൽ ഞാൻ ഖേദിക്കുന്നു.

അദ്ദേഹത്തിൻെറ കക്ഷി ഈ രാജ്യത്തെ ജനങ്ങളുടെ സകല താൽപ്പര്യങ്ങളേയും വിററതുകൊണ്ടു് ഉണ്ടായ ഒരവസ്ഥയാണ് നമുക്കു ഇന്നു് വന്നുചേർന്നിരിക്കുന്നതു്. കഴിഞ്ഞകാലങ്ങളിൽ കൊച്ചി തുറമുഖത്തുനിന്നും നമുക്കു് എത്രയോ ലക്ഷം രൂപ കിട്ടിക്കൊണ്ടിരുന്നു. ൧൯൨൫ മുതലാണ് കൊച്ചിൻപോർട്ടിനെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറും കൊച്ചിയും ഇൻഡ്യാഗവണ്മെൻറ ചേന്ന് പാർട്ട്നർഷിപ്പ് ഉണ്ടാക്കി തുറമുഖത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തനം ആരംഭിച്ചതു്. ആ അടിസ്ഥാനത്തിൽ ൧൯൩൬-ൽ ഉണ്ടായ കൊച്ചിൻ ഹാർബർ എഗ്രി

[ശ്രീ. ടി. കെ. ദിവാകരൻ]

മെൻറിൻപ്രകാരം നമുക്ക് ഏകദേശം ൩൫ ലക്ഷം രൂപ കിട്ടാൻ അവകാശമുണ്ടായിരുന്നു. ഇങ്ങനെയുള്ള കൊച്ചിൻ ഹാർബർ എഗ്രിമെൻറ് നിഷേധിച്ചുകൊണ്ടാണ് ഹാർബർ കേന്ദ്രഗവണ്മെൻറിനു വിട്ടുകൊടുത്തിരിക്കുന്നത്. ഇൻറർ പോർട്ടൽ കൺവൻഷൻ അനുസരിച്ച് നമുക്കുള്ള ഇൻടേണൽ കസ്റ്റംസിനുള്ള അധികാരവും വിട്ടുകൊടുത്തിരിക്കയാണ്. അങ്ങനെയുള്ള നമ്മുടെ അവകാശങ്ങളെല്ലാം പോയതുകൊണ്ടാണ് നമുക്ക് ഇത്രമാത്രം സാമ്പത്തികമായി ക്ലേശിച്ച ഒരവസ്ഥയുണ്ടായിട്ടുള്ളത്. നാം കുരുമുളകിന് കണ്ടിക്ക് ൧൫ രൂപാവരെ നികുതി ഈടാക്കിയിരുന്നുവെങ്കിൽ ഇന്ന് ഇൻഡ്യാ ഗവണ്മെൻറ് ൧൨൦൦ രൂപവരെ ഈടാക്കിവരുന്നുണ്ട്. അവർ നികുതിയിനത്തിൽ കൊള്ളലാഭമാണ് അടിക്കുന്നത്. ഈ ബഡ്ജറ്റിൽ ഫുഡ് സബ്സിഡിയെപ്പററി യാതൊന്നും തന്നെ പറയുന്നില്ല. രണ്ടുലക്ഷം രൂപയാണ് ഇക്കൊല്ലം ഗവണ്മെൻറ് അതിലേയ്ക്ക് നീക്കിവച്ചിരിക്കുന്നത്. അതേയവസരത്തിൽ കേന്ദ്രത്തിൽ നിന്നും എത്ര കിട്ടുമെന്നുള്ള കാര്യം കേന്ദ്ര ബഡ്ജററ് വന്നതിനുശേഷമേ അറിയാൻ നിവൃത്തിയുള്ളു എന്ന് ഫിനാൻസ് മന്ത്രി മാർച്ച് സെഷനിൽ പറഞ്ഞിരുന്നു. ഇപ്പോൾ കേന്ദ്ര ബഡ്ജററ് അവതരിപ്പിച്ചിട്ടുണ്ടെങ്കിലും ഇവിടെ സബ്സിഡിയെപ്പററി ഒന്നും പറഞ്ഞിട്ടില്ല. ഇപ്പോൾ അദ്ദേഹം മൗനം അവലംബിക്കുകയാണു ചെയ്യുന്നത്. ഈ കാര്യത്തെപ്പററി നാം പ്രത്യേകം ആലോചിക്കേണ്ടതാണ്. ഇന്ന് കേന്ദ്രം ഭക്ഷ്യനിയന്ത്രണം നീക്കുന്ന ഒരു നയമാണ് സ്വീകരിച്ചുവരുന്നത്. നമ്മുടെ ഗവണ്മെൻറും ആ വഴിക്ക് നീങ്ങിത്തുടങ്ങിയിട്ടുണ്ട്. ഈ ഗവണ്മെൻറ് മൂന്നുലക്ഷം രൂപയുള്ള ചെലവു ചുരുക്കാനായി കൺട്രോൾ വകുപ്പിൽനിന്നും ഉദ്യോഗസ്ഥന്മാരെ കുറവുചെയ്യുന്നതിനു ശ്രമിച്ചുവരുന്നതായി കാണുന്നു. ആറര ഔൺസ് അരികൊണ്ടു ജീവിക്കുന്ന നാം എങ്ങനെയാണ് വിനിയന്ത്രണം നടപ്പിലാക്കുന്നതെന്നു മനസ്സിലാകുന്നില്ല. ഇൻഡ്യയുടെ ഏകീകരണത്തിനും ഭദ്രതയ്ക്കും വേണ്ടി നിലകൊള്ളണമെന്നു ഈ നാട്ടിലെ കാൺഗ്രസ്സുകാരും ഉന്നതന്മാരായ വടക്കെ ഇൻഡ്യൻ നേതാക്കന്മാരും എപ്പോഴും പറഞ്ഞുകേൾക്കുന്നുണ്ട്. ൧൩ ഔൺസ് അരി തിന്നുകൊണ്ട് മിച്ചമുണ്ടെങ്കിൽ തന്നെയും നമുക്കു തരാതെ വെളിയിൽനിന്നു വരുത്തുന്നതായ അരി തന്ന് ൩ ഔൺസ് നമ്മെ ഭക്ഷിപ്പിച്ചശേഷം അവർ പറയുകയാണ്, ഇൻഡ്യയെല്ലാം ഏകമാണെന്ന്. നാം ഈ ൩ ഔൺസ് അരി തിന്നുകൊണ്ട് നമ്മുടെ കാശു ചെലവാക്കി അവിടെച്ചെന്ന് പിച്ചച്ചട്ടിയുമായി നിൽക്കുന്ന ഒരവസ്ഥയാണ് ഇവിടെ സംജാതമായിരിക്കുന്നത്. ഇന്നത്തെ കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയുടെ പ്രസംഗം വായിച്ചുനോക്കിയാൽ കേന്ദ്രത്തിൽനിന്നു കിട്ടുന്ന ഫുഡ് സബ്സിഡിയെ ആശ്രയിച്ചുപോകാൻ നമുക്കു സാദ്ധ്യമല്ലെന്നു കാണാം. ആ നിലയിൽ വിനിയന്ത്രണം നടപ്പിലാക്കിയാൽ ഈ നാട്ടിൽ വിനാശകരമായ ഭവിഷ്യത്തുകളാണ് വന്നുചേരാൻ പോകുന്നതെന്നു ഞാൻ ഭക്ഷ്യമന്ത്രിയെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ൩ ലക്ഷം രൂപ കുറവുചെയ്യുന്നതിന് ഒരു സൂചനയായി ആപത്ത് വിളിച്ചുവരുത്തുകയാണു ചെയ്യുന്നത്. ൩ ഔൺസ് അരിയിൽ കൂടുതൽ കൊടുക്കാൻ സാധിക്കാത്ത ഒരു ഗവണ്മെൻറ് വിനിയന്ത്രണത്തിന് സൂചന നൽകുന്നത് വളരെ ആപത്താണ്. വളരെ കൂടുതൽ അരിയുള്ള നാട്ടിൽ നിന്ന്, അതായത് ൧൩-ം, ൨൦-ം ഔൺസ് ഭക്ഷണം കഴിക്കുന്ന

നാട്ടിൽനിന്ന് നമുക്ക് കൂടുതൽ അരി തരുന്നതിന് ഇൻഡ്യാഗവൺമെൻറ എന്തുകൊണ്ട് സമ്മതിക്കുകയില്ലെന്നു നാം ആലോചിക്കേണ്ടതാണ്. ഈ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെൻറ് ഭക്ഷ്യകാര്യത്തിൽ അങ്ങേയററത്തെ ഒരു ചിററമ്മനയമാണ് അനുവർത്തിച്ചുവരുന്നതു്. ഗ്രോമോർ ഫുഡിന് എന്നു പറഞ്ഞു് എത്രയോ ലക്ഷം രൂപ നമ്മുടെ ഗവൺമെൻറ ചെലവാക്കിവരുന്നുണ്ട്. എന്നിട്ടും ഒരൗൺസ് അരിപോലും കൂട്ടി നമ്മുടെ ഗവൺമെൻറിന് സാധിച്ചിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം.

ശ്രീ. പി. സദാശിവൻപിള്ള: സർ, ഈ ബഡ്ജററ് അവതരിപ്പിച്ചതിൽ ഞാൻ ധനകാര്യമന്ത്രിയെ അനുമോദിക്കുന്നു. വളരെ കരുതലോടുകൂടിയാണ് ഞാൻ അപ്രകാരം പറയുന്നതു്. ഇവിടെ പ്രതിപക്ഷത്തു നിന്നും ധനകാര്യമന്ത്രിയെ പലവിധ സംജ്ഞകൾകൊണ്ട് സംബോധന ചെയ്തുകൊണ്ടുള്ള പല പ്രസംഗങ്ങളും ഞാൻ കേൾക്കുകയുണ്ടായി. ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ ചെയ്തിട്ടുള്ള ഭീമമായ അപരാധം എന്താണെന്നുള്ളതിനെപ്പററി ഒരു പാമരൻെറ നിലയിൽ നിന്നുകൊണ്ട് അപഗ്രഥിച്ചു പഠിക്കുന്നതിന് ഞാൻ ശ്രമിക്കുകയുണ്ടായി. എൻെറ മാന്യസ്നേഹിതൻ ശ്രീ. വി. കെ. ജോസഫ് ഇവിടെ പറഞ്ഞതുപോലെ, അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ പുതിയ നികുതിഭാരങ്ങൾ ഒന്നുംതന്നെ കാണുന്നതിന് എനിക്കു് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ കൊല്ലങ്ങളിലെ യഥാർത്ഥ സ്ഥിതിവിവരങ്ങളെ ആശ്രയിച്ച് ഈ രാജ്യത്തു് ഉണ്ടാകുവാൻ പോകുന്ന വരവിനങ്ങളെ മനസ്സിലാക്കി കൂടുതൽ പുനരുദ്ധാരണപരമായ സംരംഭങ്ങളിലേയ്ക്കു് ഫണ്ടു നീക്കിവച്ചിരിക്കുന്ന ഒരു അപരാധമേ ധനകാര്യമന്ത്രി ചെയ്തിട്ടുള്ളു എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. എന്നാൽ അപ്രകാരം ചെയ്യാൻ കഴിഞ്ഞിട്ടുള്ളതു പരിപൂർണ്ണമാണെന്നു പറയാൻ ഞാൻ തുനിയുന്നില്ല. ഇന്ന് ഒരു ബഡ്ജററ് തയാറാക്കുന്നതിൽ ധനകാര്യമന്ത്രിമാരെ അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങൾ പലതാണ്. അതിനെപ്പററി "ബഡ്ജററ് ഇൻ ഗവൺമെൻറ്സ് ഓഫ് ററഡേ" എന്ന പുസ്തകത്തിലുള്ള ഒരു പാരഗ്രാഫ് സഭയുടെ അറിവിനായി ഞാൻ ഇവിടെ വായിക്കാം.

> "The budget-maker always works within a given frame; his efforts are circumscribed by constitutional and statutory provisions, and his vision is limited by local traditions and policies. Several matters press upon him which give him little or no choice, such as governmental jurisdiction and scope of functions, departmental organisation and methods, obligatory expenditures (like interest, debt, retirement, pensions, and social insurance), established forms of taxation, and formal methods of meeting capital or emergency requirements. But even so, he must secure some flexibility in financial planning in order to meet the economic, industrial, and social conditions, which are for ever changing. These vexatious predicaments are his Scylla and Charybdis; and it is often difficult for him to steer a safe course between financial rocks on one side, and political whirlpools on the other."

[ശ്രീ. പി. സദാശിവൻപിള്ള]

ഇപ്രകാരം സാമ്പത്തിക യാഥാർത്ഥ്യങ്ങളുടെ പരുത്ത പാറക്കെട്ടുകളുടേയും, രാഷ്ട്രീയ പ്രചരണ തന്ത്രങ്ങൾ ഇളക്കിവിടുന്ന കടുത്ത ചുഴലിക്കാററുകളുടേയും ഇടയിൽ നിന്നുകൊണ്ടു് നട്ടംതിരിയുന്ന ഒരു ധനകാര്യമന്ത്രിയാണു് ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളതെന്നു നാം മനസ്സിലാക്കണം. ഈ ബഡ്ജററിൽ പുനരുദ്ധാരണപരമായ സംരംഭങ്ങൾക്കു വേണ്ടി വളരെ അധികം തുകകൾ നീക്കിവയ്ക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. എങ്കിലും ഒരു ബുദ്ധിപൂർവ്വമായ നയം ശരിയായി കൊണ്ടുവരുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ലെന്നു നമുക്കു ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞേക്കാം. ഈ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളതിൽ ഏററവും അസംതൃപ്തനായ ദേഹം ധനകാര്യമന്ത്രിതന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു രാജ്യത്തു നിലവിലുള്ള സാഹചര്യങ്ങളേയും ചുററുപാടുകളേയും പരിമിതികളേയും വച്ചുകൊണ്ടു കഴിവുള്ളിടത്തോളം ജനസാമാന്യത്തിനു് പുരോഗമനപരമായ പല നല്ലകാര്യങ്ങളും ചെയ്യുന്നതിനുതകുന്ന ഒരു ധനവിനിമയമാണു ധനകാര്യമന്ത്രി ഉദ്ദേശിച്ചിട്ടുള്ളതു്. ഈ ബഡ്ജററിനു് ഏററവും പ്രധാനമായ ഒരു കുറവായി നമുക്കു കാണാൻ കഴിഞ്ഞിട്ടുള്ളതു് അതിനു് ഒരു ലാംഗ്ടേം പാളിസിയില്ലെന്നുള്ളതാണു്. ഇന്നീ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുകകൾ മുഴുവൻ നാം ഒന്നു് അപഗ്രഥിച്ചുനോക്കിയാൽ പബ്ലിക്‌വർക്ക്സ്, ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറ് എന്നീ ഡിപ്പാർട്ടുമെൻറുകൾ ഒഴിച്ചു ബാക്കിയുള്ള ഡിപ്പാർട്ടുമെൻറുകളിൽ ശരിയായ സംവിധാനത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതി ഉൾക്കൊള്ളിക്കുന്നതിനു കഴിഞ്ഞിട്ടില്ലെന്നു നമുക്കു കാണാൻ കഴിയും. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറും അതിൽപ്പെട്ടെന്നു വന്നേയ്ക്കാം. രാജ്യത്തു വളരെയധികം ക്രയശക്തി കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ജനങ്ങളുടെ സമ്പാദ്യശക്തി വർദ്ധിപ്പിക്കുന്നതിനാവശ്യമായി ഒരു ദീർഘവീക്ഷണപദ്ധതി ഇന്നത്തെ നിലയിൽ ഈ ബഡ്ജററിൽ ഉൾക്കൊള്ളിക്കുന്നതിനു ധനകാര്യമന്ത്രിക്കു കഴിയാതെപോയിട്ടുണ്ടു്. ഇന്നു രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ പ്രചരണതന്ത്രങ്ങളുടെ ശക്തികൊണ്ടാണു് അതിനു് അദ്ദേഹത്തിനു് കഴിയാതെ പോയിട്ടുള്ളതെന്നാണു് എനിക്കു പറയാനുള്ളതു്.

ഇവിടെ നടന്നിട്ടുള്ള പ്രതിപക്ഷവിമർശനങ്ങൾ മുഴുവൻ നാമൊന്നു് അപഗ്രഥിച്ചുനോക്കുകയാണെങ്കിൽ അവ മിക്കവാറും ഒരു ചട്ടക്കൂട്ടിനുള്ളിൽത്തന്നെ വാർത്തെടുത്തിട്ടുള്ള ചില പ്രസംഗങ്ങളാണെന്നു കാണാൻ സാധിക്കും. അപഗ്രഥനദൃഷ്ട്യാ അവയെ നാം സൂക്ഷിച്ചുനോക്കിയാൽ അവയ്ക്കു് നാലു ഭാഗങ്ങളുള്ളതായി കാണാം. ഒന്നു്, തിരുവിതാംകൂർ-കൊച്ചിയുടെ പരാധീനതയെപ്പററിയുള്ള ഒരു ബധിരവിലാപം; രണ്ടു്, ഈ രാജ്യത്തു് ഇപ്പോൾ ഉള്ള പുനരുദ്ധാരണ സംരംഭങ്ങളെപ്പററി പല കുപ്രചരണങ്ങളും നടത്തി ഇവിടെ യാതൊരു നല്ലകാര്യങ്ങളും നടക്കുന്നില്ലെന്നു ജനങ്ങളെ വ്യാമോഹിപ്പിക്കുന്നതിനും തെററിദ്ധരിപ്പിക്കുന്നതിനും വേണ്ടിയുള്ള മനഃപൂർവ്വമായ ചില പ്രയോഗങ്ങൾ; മൂന്നു്, ഫൈനാൻസ് കമ്മീഷൻ ഈ രാജ്യം സന്ദർശിച്ചപ്പോൾ ഇവിടത്തെ പ്രതിപക്ഷത്തെ അവഗണിച്ചു എന്നുള്ള ഒരു പരാതി. നാലു്, ഇവിടത്തെ ഫൈനാൻസ് മിനിസ്റ്റർക്കു് ഒരു തൊഴി. ഇങ്ങനെയുള്ള നാലു ഭാഗങ്ങളാണു് അതിലു

ള്ളതു്. ആ നിലയിൽ എല്ലാ പ്രസംഗങ്ങളും ഒരു ചട്ടക്കൂട്ടിൽ ഉള്ളതാണെന്നു കാണാൻ വലിയ വൈഷമ്യമില്ല. ഇതിൽ ഫൈനാൻസു് മിനിസ്റ്റർക്കു കൊടുത്തിട്ടുള്ള തെളിവു് എത്രത്തോളം നീതീകരിക്കത്തക്കതാണെന്നുള്ളതു് ഇനിയും ഇവിടെ നടക്കുന്ന പ്രസംഗങ്ങളിൽ നിന്നും അറിയാമെന്നുള്ളതുകൊണ്ടും എന്റെ മുമ്പിലുള്ള സമയം പരിമിതമായതുകൊണ്ടും ഞാൻ അതിലേക്കു കടക്കുന്നില്ല. ഫൈനാൻസ് കമ്മീഷൻ ഈ രാജ്യം സന്ദർശിച്ചപ്പോൾ ഇവിടത്തെ പ്രതിപക്ഷകക്ഷികൾക്കു ഫൈനാൻസുകമ്മിഷനെ സന്ദർശിക്കുന്നതിനു് അവസരം കൊടുത്തില്ല എന്നു പറയുന്നതു് ഏററവും വലിയ ആരോപണമാണു്. ഫൈനാൻസ് കമ്മിഷൻ രഹസ്യമായോ രാത്രിയിലോ അല്ല ഈ രാജ്യം സന്ദർശിച്ചതു്. വളരെ പരസ്യമായ ഒരു സന്ദർശനമായിരുന്നു അതു്. ഈ രാജ്യത്തോടു് സ്നേഹമുള്ളവരും രാജ്യത്തിന്റെ ക്ഷേമത്തെ കാംക്ഷിക്കുന്നവരുമായ പലരും ഫിനാൻസ് കമ്മിഷനെ സന്ദർശിക്കുകയും അവരുടെ മുമ്പിൽ മെമ്മോറാണ്ഡം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഡെൽഹിയിലായിരുന്ന ശ്രീ കുഞ്ഞൻനായർപോലും ഫിനാൻസ്കമ്മിഷനെ ചില വിവരങ്ങൾ ധരിപ്പിക്കാനായി ഇവിടം സന്ദർശിക്കുകയുണ്ടായി. അങ്ങനെയിരിക്കെ തങ്ങൾക്കു പററിയ ജാള്യത മറച്ചുവച്ചുകൊണ്ടു മററുള്ള ആളുകളെ കുററപ്പെടുത്തുന്നതിനുവേണ്ടി മാത്രമാണു് ഒരു വിഭാഗം ആ ആരോപണം ഉന്നയിച്ചിട്ടുള്ളതു്. ഇവരെ ഫിനാൻസു് കമ്മിഷനെ സന്ദർശിക്കുന്നതിനു വിളിച്ചില്ല എന്നു പറയുന്നു. ആരാണു് ഇവരെ വിളിക്കേണ്ടതു്? ഈ രാജ്യത്തെ ജനങ്ങളുടെ പ്രതിനിധികളായി ജനങ്ങൾ തിരഞ്ഞെടുത്തു് ഈ സഭയിലേക്കു അയച്ചിട്ടുള്ള മെമ്പറന്മാരെ ആരാണു് ഈ വക കാര്യങ്ങൾക്കു വിളിക്കേണ്ടതെന്നു ഞാൻ അറിയുന്നില്ല. ഈ രാജ്യത്തെ സാമ്പത്തികഭദ്രത ശാശ്വതമായ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുന്നതിനാവശ്യമായ വിവരങ്ങൾ ഫിനാൻസ് കമ്മിഷന്റെ മുമ്പിൽ സമർപ്പിക്കാൻ ഇവർക്കു കഴിഞ്ഞിട്ടില്ലെങ്കിൽ അതിനു് ഇവിടെയിരിക്കുന്ന ആളുകളാണോ ഉത്തരവാദികളെന്നു ഞാൻ ചോദിക്കുന്നു.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

ശ്രീ. പി. സദാശിവൻപിള്ള: സർ, ഫൈനാൻസുകമ്മിഷന്റെ മുൻപിൽ നിവേദനങ്ങൾ സമർപ്പിക്കുന്നതിനു് ചിലരെ വിളിക്കാതിരുന്നതിനെപ്പററിയുണ്ടായ പരാതികളെപ്പററിയാണല്ലൊ ഞാൻ മുൻപു പറഞ്ഞുകൊണ്ടിരുന്നതു്. എനിക്കു പറയുവാനുള്ളതു് അവരെ വളരെ താമസിയാതെതന്നെ വിളിക്കുന്നതാണെന്നാണു്. എന്തുകൊണ്ടെന്നാൽ ഈ നാട്ടിലെ ബഹുലക്ഷം ജനങ്ങളെ തട്ടിപ്പുകൾ പറഞ്ഞു കബളിപ്പിച്ചാണു് ഇവർ അവരുടെ പ്രതിനിധികളായി ഇവിടെ വന്നിട്ടുള്ളതു്. എന്നാൽ ഈ രാജ്യത്തെ വളരെ തീവ്രമായി അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കു ഒരു പരിഹാരവുംകാണാതെ ഈ പാർട്ടികൾ വളരെ അജാഗ്രത കാണിച്ചു കഴിയുകയാണു്. അതുകൊണ്ടാണു ഞാൻ പറഞ്ഞതു് അടുത്തുവരുന്ന തിരഞ്ഞെടുപ്പിനു ഇവിടത്തെ പ്രബുദ്ധരായ പ്രജാസഞ്ചയം ഇവരെപ്പററി വിധി പറയുവാൻ ഇവരെ വിളിക്കുമെന്നു്. പ്രതിപക്ഷത്തുനിന്നും ഉന്നയിക്കപ്പെട്ടിട്ടുള്ള മററ വിമർശനങ്ങൾ മുഴുവൻ അപ

[ശ്രീ. പി. സദാശിവൻപിള്ള]

ശ്രദ്ധിച്ചു ഇവിടെ മറുപടി പറയുന്നതിനു എനിക്കു സമയം ലഭിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. എന്നാൽ ഒന്നുരണ്ടുകാര്യങ്ങൾകൂടി ഈയവസരത്തിൽ പറയാനുണ്ട്.

ഒന്ന് ഈ രാജ്യത്തു നടപ്പാക്കുവാൻ പോകുന്ന കമ്മ്യൂണിററിപ്രോജക്ടിനെപ്പററിയാണ്. ഇന്നു കമ്മ്യൂണിററി പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലങ്ങൾ ചാലക്കുടിയും നെയ്യാററിൻകരയുമാണെന്നാണു ഞാൻ അറിഞ്ഞിട്ടുള്ളതു. ഇങ്ങനെ രണ്ടു സെൻററുകൾ, ഈ സംസ്ഥാനത്തിന്റെ അങ്ങുമിങ്ങും രണ്ടു സ്ഥലങ്ങളിൽ തുടങ്ങുന്നതിനു ഈ ഗവണ്മെൻറു തെരഞ്ഞെടുത്തതു് എന്തു തത്വത്തെ അടിസ്ഥാനമാക്കിയാണെന്നു മനസ്സിലാകുന്നില്ല. ഇവിടെ കമ്മ്യൂണിററി പ്രോജക്ടുകൾ തുടങ്ങുന്നതിന്റെ ഉദ്ദേശം ജനങ്ങളുടെ ജീവിതത്തോതു ഉയർത്തുക എന്നതാണല്ലോ. അങ്ങനെയാണെങ്കിൽ, ഈ രാജ്യത്തു എവിടെയെങ്കിലും ഈ പദ്ധതി ആരംഭിക്കുകയാണെങ്കിൽ അതു സമുദ്രതീരപ്രദേശത്തായിരിക്കണമെന്നു പറയുന്നതിനു ഞാൻ മടിക്കുന്നില്ല. കന്യാകുമാരി മുതൽ വടക്കെയററംവരെ കിടക്കുന്ന സമുദ്രതീരപ്രദേശത്തെ ജനങ്ങൾ ദാരിദ്ര്യത്തിലും പട്ടിണിയിലും കഴിഞ്ഞുകൂടുകയാണ്. അതുകൊണ്ടു അവർക്കു ഒരു താൽക്കാലിക പരിഹാരത്തിനായിട്ടെങ്കിലും ഈ കമ്മ്യൂണിററി പ്രോജക്ടുകൾ അവിടെ ആരംഭിക്കുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു.

മറെറാരു കാര്യം എനിക്കു ഈ സഭയുടെ മുൻപിൽ വയ്ക്കുവാനുള്ളതു് ഈ സംസ്ഥാനത്തെ ഫുഡ്കൺട്രോൾ പാളിസിയെപ്പററിയാണ്. ഏതാനും ദിവസങ്ങൾക്കുമുൻപ് ഈ രാജ്യത്തെ ഭക്ഷ്യധാന്യനിയന്ത്രണം ഭാഗികമായി പിൻവലിച്ചു എന്നുള്ള പ്രസ്സുനോട്ടു നമ്മുടെ ഗവണ്മെൻറ് പുറപ്പെടുവിച്ചതു് നാം കാണുകയുണ്ടായി. എന്നാൽ ഭാഗികമായി പിൻവലിച്ചെങ്കിലും പിന്നാലെ അതിന്റെ പൂർണ്ണരൂപം സമർപ്പിക്കുന്നതാണെന്നു നമുക്കു വിശ്വസിക്കാവുന്നതാണ്. അപ്രകാരം പൂർണ്ണമായ രൂപം ഈ രാജ്യത്തെ ജനങ്ങളുടെ മുൻപിൽ സമർപ്പിക്കുമ്പോൾ എനിക്കു ഗവണ്മെൻറിനെ അറിയിക്കുവാനുള്ളതു്, ഈ രാജ്യത്തെ സ്റ്റാററ്യൂട്ടറി റേഷനിംഗ് ഇവിടെ നിറുത്തൽചെയ്യരുതെന്നാണ്. ഭക്ഷ്യധാന്യത്തിൽ ൩൦ ശതമാനം കമ്മിയുള്ള ഈ രാജ്യത്തു് സ്റ്റാററ്യൂട്ടറി റേഷനിംഗ് നിറുത്തലാക്കാനുള്ള പദ്ധതികളാണു തുടങ്ങുന്നതെങ്കിൽ നമ്മുടെ രാജ്യത്തെ ജനങ്ങൾ പട്ടിണികിടന്നു വിഷമിക്കുന്നതാണെന്നു മുന്നറിയിപ്പു നൽകാൻ ഞാൻ മടിക്കുന്നില്ല. ഇന്നു് ഈ രാജ്യത്തു നിലവിലുള്ള കൺട്രോൾ ശാശ്വതമായി നിലനിറുത്തിക്കൊണ്ടുവരുന്നതിനുള്ള ഒരു അപേക്ഷയായിട്ടല്ല ഞാൻ ഇതു പറയുന്നതു്. ഈ രാജ്യത്തെ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കേണ്ടതും, കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതും ആവശ്യമാണ്. ഇന്നത്തെ ഭക്ഷ്യധാന്യവിതരണസമ്പ്രദായം ഒന്നുകൂടി പരിഷ്കരിച്ചു നടത്തണമെന്നാണു എനിക്കു ഈയവസരത്തിൽ പറയാനുള്ളതു്. അതായതു മുന്നൂറു രൂപയിൽ കൂടുതൽ വരുമാനമുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ റേഷൻകാർഡുകൾ ക്യാൻസൽ ചെയ്തിട്ടു് ഭക്ഷ്യധാന്യങ്ങൾ വാങ്ങാൻ ശക്തിയില്ലാത്ത ആളുകൾക്കുമാത്രം സ്റ്റാററ്യൂട്ടറി റേഷനിംഗ്

അനുസരിച്ചു വിതരണം നടത്തണമെന്നാണു എനിക്കു പറയാനുള്ളതു്. ഈ രാജ്യത്തു് അധിവസിക്കുന്ന ബഹുലക്ഷം ജനങ്ങളുടെ പട്ടിണിക്കു ഒരു പരിഹാരമുണ്ടാക്കുന്നതിനു നമ്മുടെ ഗവണ്മെൻറു പലവിധത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. വാസ്തവത്തിൽ ഇതേക്കുറിച്ചു വളരെ ഇരുന്നു ചിന്തിക്കേണ്ട പല പ്രശ്നങ്ങളും ഇതിൽ കാണാൻ കഴിയുന്നുണ്ടു്.

ഈ അടുത്തകാലത്തു എടുത്ത സെൻസസു അനുസരിച്ചു ൯൩ ലക്ഷം ജനങ്ങൾ ഈ രാജ്യത്തുള്ളതായി കാണുന്നു. അവർക്കെല്ലാം ജീവിതസൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്നു പറയുന്നതു വളരെ വിഷമമേറിയ ഒരു സംഗതിയാണു്. ഈ വിഷമതകളും കുറവുകളും വച്ചുകൊണ്ടു അധികം മുന്നോട്ടുപോകുവാൻ സാദ്ധ്യമല്ല. അതിലേയ്ക്കു പല പദ്ധതികളും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. അതിനേററവും ആവശ്യമായതു മനുഷ്യശക്തിയാണു്. അതു വേണ്ടുവോളം നമുക്കുണ്ടു്. ആ മനുഷ്യശക്തിയെ വാജീകരിക്കുന്നതിനും അതിനെ കിരണബന്ധമിട്ടുറപ്പിച്ചു മുന്നോട്ടു കൊണ്ടുപോകുന്നതിനും വിലങ്ങുതടിയായി ചില പാർട്ടികൾ ഇന്നു പ്രവർത്തിച്ചുവരുന്നുണ്ടു്. അവർ ഈ പ്രവർത്തനങ്ങൾക്കു യഥാർത്ഥത്തിൽ പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്നു.

Shri M. M. Abdul Khader : Are they agents of Russia?

ശ്രീ. പി. സദാശിവൻപിള്ള : എനിക്കു കൂടുതൽ സമയം അനുവദിക്കുകയാണെങ്കിൽ ചോദ്യങ്ങൾക്കു സമാധാനം പറയാം.

ഈ വക കാര്യങ്ങളെക്കുറിച്ചു വ്യക്തിപരമായ ഒരപേക്ഷ എനിക്കു് ഈ സഭയുടെ മുൻപിൽ വയ്ക്കാനുണ്ടു്. ഇന്നു ഈ രാജ്യത്തെ ഏററവും ഉന്നതനായ ഒരു നേതാവും, എതിർപക്ഷത്തു ചെന്നിരിക്കുന്ന ദേഹവുമായ ശ്രീ. പട്ടം താണുപിള്ളയോടാണു് ഈ അപേക്ഷ എനിക്കു പുറപ്പെടുവിക്കുവാനുള്ളതു്. ശ്രീ. പട്ടം ഈ രാജ്യത്തു് സംജാതമായിട്ടുള്ള രാഷ്ട്രീയ പ്രബുദ്ധതയുടെയും ദേശീയചിന്തയുടെയും പിതാവാണു്. അദ്ദേഹംതന്നെ ഈ മാനുഷശക്തിയെ സംഘടിപ്പിച്ചു നേതൃത്വം നൽകി പ്രവർത്തിക്കേണ്ടതു അദ്ദേഹത്തിൻെറ കടമയാണെന്നു് ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അതാണു ഈ രാജ്യത്തെ ജനങ്ങൾ ഇന്നാവശ്യപ്പെടുന്നതു്. അതിനോടു കാൺഗ്രസ്സും അനുകൂലിക്കുമെന്നാണെൻെറ വിശ്വാസം.

ശ്രീമതി കെ. ആർ. ഗൗരി : സർ, കഴിഞ്ഞ പ്രാവശ്യം ഇവിടെ ഈ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട രണ്ടംഗങ്ങളെ ജയിലിൽ വച്ചുകൊണ്ടാണു് ധനകാര്യമന്ത്രി ബഡ്ജററ് അവതരിപ്പിച്ചതു്. ബഡ്ജററ് അവതരണത്തിനു മുമ്പുതന്നെ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആ മെമ്പറന്മാരെ പുറത്തു കിട്ടണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ ഇന്നു ട്രഷറി ബെഞ്ചുകളിൽനിന്നു പറഞ്ഞ മറുപടി ഇവരെ പുറത്തു വിടുകയാണെങ്കിൽ നിയമസഭ സാമാജികന്മാരെ കുററം ചെയ്യുന്നതിനു പ്രേരിപ്പിക്കുന്ന എന്നു തെററായിരിക്കും അവർ ചെയ്യുന്നതെന്നായിരുന്നു. ഞങ്ങൾക്കു് ഈ സഭയുടെ മുമ്പിൽ വയ്ക്കുവാനുള്ളതു് ഇന്നു് ഈ ട്രഷറി ബെഞ്ചുകളിലിരിക്കുന്ന മന്ത്രിമാർ ഇതിനുമുമ്പു് ഈ മാതിരി കുററങ്ങൾക്കായി ശിക്ഷിക്കപ്പെട്ടിട്ടുള്ളവരല്ലേ എന്നും അവരുടെ ശിക്ഷകൾ കഴിയുന്നതിനു മുമ്പായിട്ടല്ലേ അവരെ അന്നത്തെ ഗവണ്മെൻറു

[ശ്രീമതി കെ. ആർ. ഗൗരി]

കൾ പുറത്തു വിട്ടിട്ടുള്ളതെന്നും, അവർ ഇന്നധികാരത്തിലിരിക്കുന്നതെന്നും ആണ്. ഈ രണ്ടുപേരേയും ഞങ്ങൾ പുറത്തുവിടാൻ ആവശ്യപ്പെടുന്നത്, തീർച്ചയായും അവർ ജയിലിലിരിക്കുന്നതുകൊണ്ട് അവരുടെ നിയോജക മണ്ഡലങ്ങളിലുള്ള ജനങ്ങളോട് അവർ ചെയ്തുതീർക്കേണ്ടതായ കടമ ചെയ്തുതീർക്കാൻ കഴിവില്ലാതെ വരുന്നു എന്നുള്ളതുകൊണ്ടാണ്. പക്ഷെ ഈ ഗവണ്മെൻറ് അതു ചെയ്തില്ല എന്നു മാത്രമല്ല ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട മറെറാരു മെമ്പറായ സഖാവ് സദാനന്ദനേയും വെറും സെക്യൂറിററി മെഷേഴ്സ് മാത്രം വച്ചുകൊണ്ട് ജയിലിൽ വച്ചിരിക്കുകയാണു ഇന്നു ചെയ്യുന്നത്. പച്ചത്തൊണ്ടുതൊഴിലാളികളുടെ സമരം നയിച്ചു എന്നുള്ള കാരണത്താൽ ഇനിയും അദ്ദേഹം വെളിയിൽ വന്നാൽ കുഴപ്പങ്ങൾ ഉണ്ടാകും എന്നു പറഞ്ഞ് ആ സഖാവിനെ സെക്ഷൻ ൫൦ വെച്ച് അറസ്ററുചെയ്ത് ജയിലിൽ വച്ചിരിക്കുന്നു. ഇന്ന് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് ഇവരുടെ ഈ നയം തന്നെ വ്യക്തമാകുന്നു. തൊഴിലാളികൾക്ക് എതിരായിട്ടുള്ള ഒരു ബഡ്ജററ് ആണ് ഇതെന്നും എല്ലാ കാര്യങ്ങളിലും അവരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനുള്ള അടവുമാണ് ഇതെന്നും ഏററവും ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ രാജ്യത്തെ സാധാരണക്കാരായ തൊഴിലാളികളുടേയും മററുള്ളവരുടേയും ഹിതത്തിനെതിരായി ആണ് ഇവർ അധികാര ൽ വന്നത്. ഈ ഗവണ്മെൻറ് അവരുടെ ഭരണം നടത്തിക്കൊണ്ടുപോകുന്നതിനായി ഈ അടുത്ത കാലത്ത് തമിഴ്നാടുകാൺഗ്രസ്സുമായി ഒത്തുതീർപ്പിലെത്തിയിട്ടുപോലും ഇന്നും ഭരണകക്ഷി ന്യൂനപക്ഷമാണ്. എങ്ങനെയെങ്കിലും ഈ ബഡ്ജററ് പാസ്സാക്കിയെടുക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് വെറും നിസ്സാര കാര്യത്തിന് ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട മെമ്പറന്മാരെ അറസ്ററു ചെയ്ത് ജയിലിൽ വച്ചിരിക്കുന്നത്. ഇങ്ങനെയുള്ള ഒരു നയത്തിൻെറ പ്രതിഫലനം മാത്രമാണ് ഈ ബഡ്ജററുകൊണ്ട് അറിയിച്ചിരിക്കുന്നത്.

ബഡ്ജററിനെപ്പററി കാൺഗ്രസ്സ്പാർട്ടിയിൽപ്പെട്ട അംഗങ്ങൾ തന്നെ പറയുകയുണ്ടായി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് ഒരു കമ്മിബഡ്ജററാണെന്നും, അതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നതെന്നും. ഒരു കമ്മിബഡ്ജററാണെന്നുവച്ച് ഞങ്ങൾ വിരളുന്നവരല്ലാ. നാട്ടിലെ national income per capita, കൂട്ടുന്നതിനുവേണ്ടി പണം, നമ്മുടെ നാട്ടിൽനിന്നോ, വിദേശ തന്നെനിന്നോ, രാഷ്ട്രീയപരാധീനത കൂടാതെ കടം വാങ്ങിക്കുന്നതിനുപോലും ഞങ്ങൾ എതിരല്ല. ഈ ബഡ്ജററിൽ ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും, സാധിച്ചു കിട്ടുന്നതിനുവേണ്ടി ഒരു സംഖ്യയും കൊള്ളിച്ചിട്ടില്ലാത്തതുകൊണ്ടാണ് ഞങ്ങൾ ബഡ്ജററിനെ എതിർക്കുന്നത്. ഈ ബഡ്ജററ് ഒന്നു സൂക്ഷ്മമായി പരിശോധിച്ചുനോക്കുകയാണെങ്കിൽ ഈ നാട്ടിലെ ജനങ്ങളുടെ ഏററവും പ്രധാനമായ ആഹാരപ്രശ്നത്തിനും തൊഴിലില്ലായ്മയ്ക്കും പരിഹാരമുണ്ടാക്കാൻവേണ്ടി യാതൊരു പരിപാടിയും ഈ ബഡ്ജററിൽ ഇല്ല എന്ന് തീർച്ചയായും നമുക്കു മനസ്സിലാക്കുവാൻ കഴിയും. ഈ സഭയിലെ അംഗങ്ങൾ ആത്മാർത്ഥതയോടുകൂടി ഈ ബഡ്ജററ് ഒന്നു

പരിശോധിച്ചുനോക്കണം. അമ്പലപ്പുഴ ചേർത്തല മുതലായ സ്ഥലങ്ങളിലെ തൊഴിലില്ലായ്മയ്ക്കു കാരണം അവിടത്തെ പ്രധാന വ്യവസായമായ കയർവ്യവസായത്തിന്റെ അധഃപതനമാണ്. അവിടത്തെ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കണമെന്നുള്ളതിനെപ്പററിയും എന്തെല്ലാം വിധത്തിൽ പ്രവർത്തിക്കണമെന്നുള്ളതിനെപ്പററിയും ആലോചിക്കുന്നതിനു വേണ്ടി പ്രധാനമന്ത്രിയും ലേബർമന്ത്രിയും അവിടെ വരികയും ആലോചന നടത്തുകയും ചെയ്തു. അവിടെ തൊഴിലില്ലാത്തവർക്ക് തൊഴിൽ കൊടുക്കണമെന്നും അല്ലെങ്കിൽ തൊഴിൽ കിട്ടുന്നതുവരെ ആഹാരസാധനങ്ങൾ സൗജന്യമായി കൊടുക്കണമെന്നും ആവശ്യപ്പെട്ട അവസരത്തിൽ പണമില്ല പണമില്ല എന്നുള്ള സമാധാനമാണ പ്രധാനമന്ത്രി പറഞ്ഞതു്. ഈ നാട്ടിൽ എങ്ങിനെ പണമുണ്ടാക്കാനാണ്? വ്യവസായങ്ങൾ കൂടുതൽ സ്ഥാപിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് കൂടുതൽ പണം അനുവദിച്ചെങ്കിൽ മാത്രമേ വ്യവസായങ്ങൾ വർദ്ധിപ്പിക്കാൻ സാദ്ധ്യമാകയുള്ളു. വ്യവസായം വർദ്ധിച്ചാൽമാത്രമേ കൂടുതൽപേർക്കു തൊഴിൽ കൊടുക്കുവാനും, അങ്ങനെ തൊഴിലില്ലായ്മയ്ക്കു ശാശ്വതപരിഹാരം കാണാനും സാധിയ്ക്കുകയുള്ളു.

നേഷൻ ബിൽഡിംഗിന് കൂടുതൽ സംഖ്യ ചെലവു ചെയ്യുന്നു എന്നു കാണിക്കുവാൻ എനിക്കു രണ്ടോ മൂന്നോ വയസ്സുള്ളപ്പോൾ മുതൽ ഇന്നുവരെയുള്ള കണക്കു കട്ടിയിട്ടുണ്ട്. ചെലവു കൂടുതൽ കാണിച്ചിട്ടുണ്ടെങ്കിൽ സാർ, അതുപോലെ വരവും വർദ്ധിച്ചിട്ടുണ്ട്. സാധാരണജനങ്ങൾക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനോ, തൊഴിലില്ലാത്തവർക്ക് സൗജന്യറേഷൻ കൊടുക്കുന്നതിനോ മാത്രം ഈ രാജ്യത്തു് പണം ഇല്ല. ഇവിടെ വ്യവസായങ്ങൾ അതായതു് സാധുജനങ്ങൾക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനു തക്ക വിധത്തിലുള്ള വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനു ഗവണ്മെന്റിനു പണമില്ലെന്നു മാത്രമല്ല ആവശ്യമില്ലാത്ത പല കാര്യങ്ങൾക്കുമായി പണം ചെലവാക്കുകയും ചെയ്യുന്നുണ്ട്. അങ്ങിനെ നമുക്കു ആവശ്യത്തിന് ചെലവാക്കാൻ പണം ഇല്ലാതിരിക്കെ നമുക്ക് കേന്ദ്രത്തിൽ നിന്നും കയർവ്യവസായം പുനരുദ്ധരിക്കുന്നതിന് അനുവദിച്ച ൩൨ ലക്ഷം രൂപ ഗവണ്മെന്റിന്റെ ഉപേക്ഷകൊണ്ടു് കിട്ടാതെപോയതായി വലിയ പരാതിയും വന്നിട്ടുണ്ട്. ഈ നാട്ടിലെ നെയ്ത്തുതൊഴിലാളികൾ ജോലിയില്ല. കയർതൊഴിലാളികൾ ജോലിയില്ല കന്നിട്ടതൊഴിലാളിയ്ക്കു ജോലിയില്ല. അവരുടെ തൊഴിൽ അത്ര മാത്രം ഇല്ലാതായിട്ടുണ്ട്. എന്നാൽ അവരിൽ നിന്നും നിവേദനമോ തൊഴിലില്ലായ്മജാഥകളോ നിയമസഭയിലേയ്ക്കു മാർച്ചുചെയ്കയാൽ ൧൪൪-ാം വകുപ്പു ഉപയോഗിച്ച് അതിനെ തടഞ്ഞുവച്ചിരിക്കുകയാണ് ഗവണ്മെന്റ ചെയ്യുന്നതു്. ബഡ്ജററിൽ Industrial outlay-യ്ക്കു് ഒരു കോടി ഏഴ ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്. ഒരു കോടി ഏഴലക്ഷം എന്നു കേൾക്കുമ്പോൾ ഒരു വലിയ തുകയാണെന്നു് ചിലർക്ക് തോന്നിയേയ്ക്കാം. എന്നാൽ ബഡ്ജററനോക്കിയാൽ കാണാം പുതിയ വ്യവസായത്തിനായി ഇതിൽ ഒരു പൈസപോലുംകൊള്ളിച്ചിട്ടില്ലെന്നു്. ഗവണ്മെന്റ വ്യവസായങ്ങൾ, സിറാമിക്, പ്ലൈവുഡ്, ട്രാവൻകൂർ മിനറൽസ് ഇവയെല്ലാം ഇവയുടെ നിലനിൽപ്പുതന്നെ സംശയാസ്പദമാണ്. കൂടുതൽ തൊഴിലാളികൾ ജോലി കൊടുക്കുവാൻ സാദ്ധ്യമല്ല. ചേർത്തലയിൽതന്നെ ഏകദേശം ൧൩൦൦൦

[ശ്രീമതി കെ. ആർ. ഗൗരി]

കയർ തൊഴിലാളികൾ ഉണ്ടായിരുന്നതിൽ ഇന്നു് ഏകദേശം ൨,൦൦൦ ത്തോളം വരുന്ന ഒരു വിഭാഗത്തിനു് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമേ, ജോലിയുള്ളു. ഈ വിധത്തിലെ തൊഴിലില്ലായ്മ എല്ലാ വ്യവസായത്തിലുമുണ്ടു്. ഇവരെയെല്ലാം എവിടെ absorb ചെയ്യും നാണു്. സ്വകാര്യവ്യവസായങ്ങൾക്കു് പണം കൊടുത്തിരിക്കുന്നതു് മുഖം നോക്കിമാത്രമാണു്. വെറും ൩൨ തൊഴിലാളികളെ മാത്രം ജോലിചെയ്യിക്കുന്ന Sri chitra Mill-നു് ൧൨ ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടു്. അതു് ചാക്കോളായെ തൃപ്തിപ്പെടുത്തുവാനമാണു്.

ഈ വ്യവസായങ്ങളിൽ നിന്നും ഗവണ്മെൻറിനു എന്തു് ആദായം കിട്ടുന്നു എന്നുള്ളതിനെ സംബന്ധിച്ചു ഇപ്പോൾ യാതൊരു കണക്കും ഇല്ല. ഇപ്പോൾ തന്നെ ഈ വ്യവസായങ്ങൾ നഷ്ടത്തിലാണെന്നു് പരാതിയും ഉണ്ടു്. ചാക്കോളായെ പോലെയുള്ള ആളുകളെ തൃപ്തിപ്പെടുത്തുവാൻ വേണ്ടിയാണു ഈ മാതിരി തുകകൾ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ഇങ്ങനെയുള്ള കാര്യങ്ങൾ പറയുമ്പോൾ ഈ ഭാഗത്തുള്ള അതായതു് ഈ പ്രതിപക്ഷത്തുള്ള ഞങ്ങൾ ഈ രാജ്യത്തെ ജനങ്ങൾക്കു വേണ്ടിയല്ല നിൽക്കുന്നതെന്നും അന്യരാജ്യത്തോടാണു് കൂറെന്നും മററും മറുവശത്തു നിന്നു പറയാറുണ്ടു്. ഈ രാജ്യത്തെ ജനങ്ങളോടു് ഞങ്ങൾക്കു യാതൊരു ചുമതലയും ഇല്ലെന്നും, അവരോടു സ്നേഹം ഇല്ലെന്നും അതേസമയത്തു് മറുഭാഗത്തിരിക്കുന്നവർക്കു് രാജ്യത്തിനോടു് കടമയുണ്ടെന്നും സ്നേഹമുണ്ടെന്നും പറയുന്നതു വിചിത്രമായിരിക്കുന്നു. ഇവരുടെ ജനങ്ങളും ഞങ്ങളുടെ ജനങ്ങളും വ്യത്യാസമുണ്ടു്. അരിറേഷൻ മാസത്തിൽ ഒരിക്കൽ ആവശ്യപ്പെട്ട തൊഴിലാളികളെ അതായതു പന്തുമല തോട്ടത്തിലെ തൊഴിലാളികളെ വെടിവച്ചിട്ടാണു് അവരുടെ രാജ്യസ്നേഹം കാണിച്ചിട്ടുള്ളതു്. ഈ വെടിവയ്പുതന്നെ പന്തുമലത്തോട്ടത്തിലെ മാനേജരായ സായ്പിനു് അസുഖമുണ്ടാക്കിയെന്നുള്ള പരാതിയിന്മേലാണു്. പച്ചത്തൊണ്ടു തൊഴിലാളികളുടെ യൂണിയൻ അംഗീകരിക്കണമെന്നു് അവർ ആവശ്യപ്പെട്ടപ്പോൾ മനുഷ്യസ്നേഹം ഒരു വിഭാഗക്കാരുടെമാത്രം കുത്തകെ എന്നു പറഞ്ഞു ലേബർ മന്ത്രി ആ വകുപ്പു ആഭ്യന്തരമന്ത്രിയുടെ ചാർജിൽ വിട്ടുകൊടുക്കുകയാണു് ചെയ്തതു്. ഇങ്ങനെ നോക്കിയാൽ ഈ ഗവണ്മെൻറിൻെറ ജനങ്ങൾ ജന്മിമാരും കരിഞ്ചന്തക്കാരും മാത്രമാണു്. അങ്ങനെ ഞങ്ങളുടെ ജനങ്ങളുമായി വ്യത്യാസപ്പെട്ടിട്ടുണ്ടു്.

വേറൊരു കാര്യംകൂടി എനിക്കു പറയുവാനുണ്ടു്. അതു ഇന്നത്തെ ഏററവും വിഷമം പിടിച്ച വിദ്യാഭ്യാസപ്രശ്നം സംബന്ധിച്ചാണു്. ഇതിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ വിദ്യാർത്ഥികളെ സമരത്തിനും മററും ഉൽസുകരാക്കുന്നതു് കമ്യൂണിസ്ററുകാരാണെന്നാണു് ഗവണ്മെൻറ വക്താക്കൾ പറയുന്നതു്, സർ, നാം ഒന്നാലോചിച്ചുനോക്കണം. വിദ്യാർത്ഥികളുടെ അസ്വസ്ഥതയ്ക്കു് കാരണമെന്താണു്? അതു അന്വേഷിക്കുന്നതിനു് ഗവണ്മെൻറ ഇന്നുവരെ തയാറായിട്ടില്ല. ഈ നാട്ടിലെ ജനങ്ങൾക്കുള്ള എല്ലാ അവകാശങ്ങളും, അവശതകളും, വിദ്യാർത്ഥികൾക്കു് ഉണ്ടു്. വിദ്യാർത്ഥികൾ ഈ നാട്ടിലെ ജനങ്ങളുടെ മക്കളാണു്. സർ, ഉൽപ്പന്നങ്ങളുടെ വില വളരെ വളരെ ഇടിഞ്ഞുകൊണ്ടിരിക്കുമ്പോൾ ഗവണ്മെൻറിൽ നിന്നും കുട്ടികൾക്കു് ഫീസു് കൂട്ടിക്കൊണ്ടിരിക്കയാണു്.

ഉൽപ്പന്നങ്ങൾ വിററ്, ഉള്ള ഫീസുപോലും കൊടുക്കാൻ നിവൃത്തിയില്ലാതെ വിദ്യാർത്ഥികൾ വിഷമിക്കുമ്പോൾ ഇങ്ങനെ ഹൈസ്കൂൾ ഫീസുകൂടിയാൽ അവർ എന്താണു് ചെയ്യുക. ൪൨ രൂപയായിരുന്ന ഫീസ് കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഫീസ് ഏകീകരിച്ചപ്പോൾ ൫൦ രൂപയാക്കി. പരീക്ഷാഫീസായി പിന്നെയും ൨ രൂപാ കൂട്ടിയിട്ടുണ്ടു്. ആണ്ടുതോറും സ്കൂളുകളിലെ ടെക്സ്റ്റ്ബുക്കുകൾ മാറിമാറികൊണ്ടിരിക്കയാണു്. ആണ്ടുതോറും പുതിയ പുതിയ പുസ്തകങ്ങൾ വാങ്ങിക്കണം. ഈ പരിതഃസ്ഥിതിയിൽ എങ്ങനെയാണു് വിദ്യാർത്ഥികൾ സുഗമമായി അദ്ധ്യയനം തുടർന്നുകൊണ്ടുപോകുന്നതു്. ഏതെങ്കിലും കുറെ ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, അവക്കു കുറെ പണം കൊടുക്കുന്നതിനുവേണ്ടി ഇങ്ങനെ ടെക്സ്റ്റ് ബുക്കുകൾ ഗവണ്മെൻറ് മാററിക്കൊണ്ടിരിക്കുകയാണു്. വേറൊന്നു പറയാനുള്ളതു് ജൂനിയർ ക്ലാസുകളിൽപോലും കോളേജിൽ ഡിറെറൻഷൻ വച്ചിരിക്കുകയാണെന്നാണു്. പരീക്ഷയ്ക്കു് ഞങ്ങൾ എതിരല്ല. സീനിയർ ക്ലാസ്സിൽ പബ്ലിക്കു പരീക്ഷ ഉണ്ടായിരിക്കെ ഇങ്ങനെ ജൂനിയർ ക്ലാസിൽ ഡീറെറയിൻ ചെയ്യേണ്ട ആവശ്യമില്ല. ഡീറെറയിൻ ചെയ്താൽ ഒരു കൊല്ലത്തെ ചെലവു നഷ്ടമായും. ഇതിനുംപുറമെ സംഘടനാപ്രവർത്തനത്തിലേർപ്പെട്ടുകൊണ്ടും പ്രത്യേക രാഷ്ട്രീയാഭിപ്രായം പുലർത്തുന്നതുകൊണ്ടും പലരേയും തോല്പിക്കുന്നുണ്ടു്. അററൻഡൻസുപോലും കുറച്ചു് പൊളിററിക്കൽ ആക്ററിവിററീസിൽ പങ്കെടുത്തു എന്നുള്ള കാരണത്താൽ ഡീറെറയിൻ ചെയ്യുന്നുണ്ടു്. അങ്ങനെയുള്ളവക്കു് പ്രവേശനംപോലും അനുവദിക്കുന്നില്ല. ഫസ്റ്റ്ക്ലാസ്സും double ഫസ്റ്റ് ക്ലാസും ഉള്ളവക്കു് ഇന്നു് കോളേജിൽ പ്രവേശനം കിട്ടിയിട്ടില്ല. എന്നാൽ അതെ സമയത്തുതന്നെ ഈ കാര്യങ്ങളിൽ എങ്ങും പങ്കെടുക്കാത്ത വിദ്യാർത്ഥികളെപ്പോലും പരീക്ഷയ്ക്കു് ഇരിക്കുവാൻ സമ്മതിക്കുന്നില്ല. ഈ രീതിയിൽ കാളേജും സ്കൂളും എല്ലാം അവരുടെ പിതൃസ്വത്തുപോലെ വിചാരിച്ചു അധികാരികൾ ഭരണം നടത്തുകയാണു്. ൧൦൦൦ കെട്ടു ചൂരലോ ലാത്തിയോ ഉപയോഗിച്ചാൽ പോലും പിൻതിരിയാത്ത വിദ്യാർത്ഥികളാണു് നമുക്കുള്ളതു് രാജേന്ദ്രനെ ഓക്കണം. രാജേന്ദ്രനെപ്പോലെയുള്ള ആളുകൾ വെടികൊണ്ടിട്ടാണു് ഇപ്പോഴത്തെ ജനാധിപത്യം നമുക്കു കിട്ടിയതെന്നു് ഇപ്പോൾ ഭരിക്കുന്ന കാൺഗ്രസ്സുകാർ മറന്നുപോകുന്നതു് അതിശയം തന്നെയാണു്. വിദ്യാർത്ഥികളുടെ സമരമാണു് നമ്മുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു് സഹായം നൽകിയതെന്നുള്ള സംഗതി നാം മറന്നുപോകരുതു്. ഗവണ്മെൻറ് വിദ്യാഭ്യാസപ്രശ്നത്തിനു പരിഹാരം രാമസ്വാമി മുതലിയാരും പോലീസും മാത്രമായിട്ടാണു് കാണുന്നതു്. രാമസ്വാമിമുതലിയാർ തമിഴനായിട്ടല്ല ഞങ്ങൾ എതിക്കുന്നതു്. ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൽ ജനങ്ങളെ കഴുതയുടെ കാലിൽ കെട്ടിയിട്ടു് റോഡിൽ വലിപ്പിച്ചിട്ടുള്ള ചരിത്രം അദ്ദേഹത്തിനുണ്ടു്. ഗവണ്മെൻറു ഏതായാലും ഈ നിലയിൽ ജനങ്ങളുടെ അഭിലാഷത്തിനു് കടകവിരുദ്ധമായി പലതും പ്രവർത്തിക്കുന്നുണ്ടെന്നുള്ളതിനു് സംശയമില്ല. പുസ്തകം വാങ്ങിക്കാനും മററും നിവൃത്തിയില്ലാത്ത സാധുക്കൾക്കു് പുസ്തകം വാങ്ങിക്കൊടുക്കുന്നതിനും അവക്കു ഉച്ചഭക്ഷണം നൽകുന്നതിനും തക്ക വിധത്തിലുള്ള വ്യവസ്ഥകൾ ഗവണ്മെൻറു ചെയ്തിട്ടില്ല. ഈ വിധത്തിലുള്ള ഒരു ബഡ്ജററു അവതരിപ്പിച്ചതു് തീച്ചയായും ലജ്ജാകരം തന്നെയാണു്.

Shri A. Thanu Pillai: Sir, on this occasion, I wish to refer first to the relations subsisting between the Government of India and this State. The relations existing between the Central Government and our Government here are to my mind not what they ought to be. What I mean is this. The people of this State should feel satisfaction at the way in which this State and the Government here are treated by the Central Government. Now, do we feel that satisfaction ? I am raising this point not in a spirit of any kind of hostility or opposition. I am one of those, Sir, who believe in the unity of India. We, in fact, fought for it. And my only purpose in raising this point here is to emphasise the fact that the relations subsisting between the two Governments should be such as are calculated to promote good feeling between the people of this State and the people in the rest of India. The people in the rest of India deal with us through the Central Government. Therefore the relation between the Government and the people here and the Central Government is what matters. I may be excused for referring to the continuance in force of Article 371 of the Constitution. It may be said that it is after all, a stale matter. Until we get exemption from the operation of that Article, we should be persistently fighting for that exemption. I think the Our Government will agree with me in this. I do not know in what stage the correspondence on this matter between this Government and the Central Government is today. With the backing of all sections of the House, with the backing of all political parties in the land, I want the Government to persistently agitate on this point.

This relation between the Central and our Government affects us in two ways, materially and morally. Morally, it affects our selfrespect. Then it also affects our material interests. Even in the matter of self-respect the relation between the two Governments is not a matter of minor importance. If we should do anything effective, we should certainly have the opportunity of standing erect. We should not allow to be placed in a situation in which we feel that we are treated as a set of inferior people unlike the people in the state of Mysore or Madras or Bombay. I was a member of the Constituent Assembly when this Article was enacted. Then, I specifically raised the point. Though I was a member of the Congress party there, I said, this affected our self-respect and that this provision should not come in. Then, Sirdar Patel, more or less definitely made us understand that States like Travancore and Cochin will be exempted from the operation of the proviso which enables the President to take the necessary action. The President can pass an order exempting the state of Travancore-Cochin. Sir, how is it that it has not been possible for this Government to make any attempt in this direction ? If they have dropped the matter, it is for the people to agitate. And in regard to that, I am one who believes in constitutional and democratic methods. I do not agree with people who say that even in matters of this kind, we should resort to a course of action which will not be democratic or constitutional.

We have got a Constitution on the basis of adult franchise. We have got certain disabilities imposed on us. Those disabilities we should get over constitutionally and in a democratic manner. There is provision in the Constitution itself. There is also more or less a promise to that effect. How is it that we are under the guidance and control of the Central Government unlike the States of Mysore and Bombay ? Mysore has since been exempted from the provision of Art. 371 of the Constitution. I feel really ashamed that I belong to a State which is placed inferior to Mysore. I do not see any justification. The Ministries were responsible. The former Ministries wanted somehow to continue in power and they sold away our rights. We must understand that this is a matter affecting the prestige of this House and today we have an opposition which is not a small opposition as existed then. Now there is a larger and a more effective opposition. It is an insult so far as I can see not only to the Ministry but to the opposition, and to the entire State. This matter should be continually agitated. I should get a categorical statement as to what the Ministers are doing in this respect. It does not matter whether we support the Budget or oppose it. This is a matter affecting the self respect of every citizen. Therefore certainly we should continually agitate. We should respect the Constitution as long as it is there. We can change the Constitution by democratic and constitutional means. There is provision for that. Subject to that we must all ask for our exemption from that article straightaway. That is one thing.

Then we should also make the Central Government understand that our purpose is to continue as a part of one United and strong India and they must also realise that they should not give occasion for any misgiving or any feeling of dissatisfaction on the part of the people of the State. We are all partners in a big enterprise. The Government of India is a big partner and we a small partner. So far as our finances are concerned they ought to take a generous view. The former Ministry that was in power at the time when the financial integration agreement was entered into was to a large extent at fault. Various matters were brought to the notice of the House by previous speakers and I am not going to reiterate those points. If the Government of India had agreed that our losses on account of this financial agreement would be made good for a period of five years what would be the position after the five years ? Of these five years two years have already elapsed. The items of revenues that they have taken were increasing considerably after the integration, for instance the export duty. Why should they take all these ? We can continue to be progressive only if we get the required revenue. It is only as a result of the progress that we make in various directions that we get more and more revenue. We should be given the amount that is required to make up the loss. According to the financial integration agreement they have agreed to give certain amounts for a period of five years. What would be the situation after these five years I ask? The Ministers have to think over that. We ought to be prepared to face the consequences. That is the position. We should not be deprived of

[Shri A. Thanu Pillai]

the benefits that arise from our revenues under the various items such as pepper duty and other excise duties. Other matters were also pointed out in the agreement. I hope that the Finance Commission will make a strong report. They have consulted the Ministry, certain sections of this House, and the people,. But whatever that be we must try to get as much as possible from the Centre. I do not forget that it is our interest to see that the Centre functions properly. The Centre must be given enough revenue. We must get adequate protection from foreign aggression and in all these activities the Centre is interested. But that does not mean that our resources should be crippled. We are in a difficult situation and the difficulty will begin to be felt more seriously five years hence. I ask the Finance Minister what he proposes to do to make good the loss that will really occur only five years hence. Practically the Centre is giving an amount required to fill the gap. Five years hence it will be stopped. Probably the Ministers are now under the impression that by that time our period will be over. That may be the attitude. If there are any suggestions let the Minister come forward with them. The Ministers ought to have placed these matters before the Commission. The Finance Commission should certainly be made fully aware of our difficulties, our requirements, our needs and see how best they can help us.

Now Sir, you have allowed me only ten minutes. I have already come very near to that. I wish to refer to certain other matters. So far as the Government are concerned very many points are raised here against the acceptability of the Budget. Now more money has been allotted for certain expenditures and the Budget which was formerly a surplus Budget has now been made a deficit Budget. Our Budget with a deficit of seven lakhs will result in a surplus of 1½ crores. That was the experience. I have got some figures relating to the previous years. 1949-50 (7½ months) which budgeted for a deficit of 34 lakhs resulted in a surplus of 125 lakhs. 1950-51 budgetted for a deficit of 36 lakhs; the result at the end of the year was a surplus of 125 lakhs. Now 1951-52, a deficit of 4 lakhs was budgeted for. The result was a surplus of 150 lakhs. Thus our budgeting proved to be absolutely meaningless. Now during the last few years they have been consistently withholding the expenditure. We provide large sums for medical aid, irrigation works etc., and at the end of the year large amounts lapse. These Ministers will reply that we unexpectedly got some money from the Centre by way of port receipts and so on. They are not unexpected. The thing is that they did not include these sums in the Budget. They knew that these sums would come forth. They ought to have taken credit for that. It has followed a timid man's careful way of budgeting. Whatever may happen we must have a large surplus. That is their attitude. There is no meaning in the defict or surplus. We want lots of money. But the transactions during the last three years have gone against it. What would the Government of India say in regard to this is that "when you budgeted for a deficit of

seven lakhs you get a surplus of $1\frac{1}{2}$ crores, why should you ask for more and more money." That is the position to which—I may be excused in saying this—the thoughtlessness of our Ministry has led us. I wish that for this year at least Mr. Govinda Menon will see that this deficit budget will not end as a surplus one. We are really starved; many of our departments are starving. I will give some points. What about the Education department? About 300 graduates are recruited as teachers on Rs. 50. For the last two or three years they did not get any increment. They are called temporary graduate teachers. Many of them are married men living in places different from their homes. Government should see that the schools are well maintained. They calculate and allot large sums of money for education year after year. But at the end of the year the amounts lapse. This is how they make surpluses. The teachers should be well paid. Fifty rupees is nothing. The fall in prices does not affect the commodities that we have to purchase. It is only the rich man's pepper, rice and cocoanut but not the poor man's commodities. Therefore we want lots and lots of money. We should have a contented service. We hear complaints from every quarter.

It is a fact that our Public Service Commission was appointed without adequate reference to the high and onerous duties and prestige and position that go along with a Public Service Commission.

Before the Constitution came into effect, the appointments were made. Whatever that be, the Commissioners are there. They ought to function to the best of their ability. Unfortunately the Constitution provides that this Public Service Commission cannot be touched, except by a vote of the Legislature. So, this Public Service Commission enjoys such an exalted position and extraordinary exemptions from all limitations. Now, whatever be their position, a Commission placed in that position should function well. But though they have functioned for the last two and a half years, they have not yet framed the rules. How did they function without rules, I wonder. The categorical answer was given that the rules are with the Chief Minister today. After two and a half years, the rules are with him today! What were the Government doing all these years? No doubt, we can recommend the removal of the Commission, but we certainly can say that we are thoroughly dissatisfied with the way in which the Commission has functioned. There is a provision in the Constitution that backward classes should be brought up to the level of the advanced classes in ten years. They have not got the list of the backward classes and the rules framed for them. When are they going to do it? I am very sorry that the Public Service Commission—I do not want to use a bad word, because they are placed in such a position that their dignity is so great—do not realise the high prestige and the extraordinary exemptions from limitations that they enjoy. They ought to realise that. The Government should make them realise that.

In regard to the integration of Travancore and Cochin personnel, it is another muddle. I asked the Minister, "Will you

[Shri A. Thanu Pillai.]

please agree to appoint a Committee of this House to go into the matter and settle the problem?" He says we have no responsibility. The legislature is responsible. We will shoulder the responsibility. But they say, "No. The time has not come for that. We will do it" They are doing it for the past two and a half years. They will do it in the next five years. In the meantime, Travancore officers fight with Cochin officers and Cochin officers fight with Travancore officers. I tell all my friends, the members of the Travancore-Cochin service, that Travancore-Cochin today is our State. I did not want this integration myself for adequate reasons, and my reasons have been justified subsequently. Anyway, now that we are all one, every Cochin officer should realise that he is an officer of the Travancore-Cochin Government and every Travancore officer should feel that he is an officer of the Travancore-Cochin Government. What is the intention of the N. G. O. Association passing a resolution and issuing a statement that they will shed their blood to the last drop and to the last Cochinite? Have Soviet Russia invaded us? There is nothing like that. That sort of mentality should not have been allowed. I say the Ministers are responsible for it. A hostility has been growing among the services and that is a very, very awkward state of affairs. This matter should be urgently looked into and the problem promptly solved, so that an atmosphere of contentment may be created.

Nextly, what has the Government done in regard to the land policy? I see from the newspapers that the Government of India have asked this Government not to proceed with the land policy. There, I think, the Government of India is wrong. That kind of subordination to the Government of India, we should not allow ourselves to be subject to. Land is a subject—agricultural land particularily—falling within the State list, and therefore land in our State is purely within the competence of the Legislature. Why should the Government not proceed with it? I wish to know from the Government benches whether they have sent up any report to the Central Government. Suppose they want to be friendly—and friendliness means, so far as the Government of India is concerned, some kind of subordination to them, and this Government are not prepared to fight with the Government of India on the right issues—even so, have this Government sent up their views? Have they asked the Government of India to agree, or asked for their views or suggestions? Nothing has been done. Some temporary legislation has been enacted and that has caused a good deal of hardship and difficulty in the Sarte. They ought to proceed with land reform.

Sir, for the excess time allowed to me, I thank you.

ശ്രീ. ടി. എ. മജീദ്: സർ, വളരെ ആകാംക്ഷയോടുകൂടിയാണ് ധനകാര്യമന്ത്രിയുടെ റേഡിയോ പ്രസംഗം ഞാൻ കേൾക്കുവാൻ പോയതു്. അദ്ദേഹത്തിന് ഈ നിയമസഭയിൽ പറഞ്ഞതിൽ കൂടുതൽ എന്തെങ്കിലും ബഡ്ജറ്റിനെക്കുറിച്ചു പറയാൻ ഉണ്ടായിരിക്കുമെന്നു എനിക്കു

പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ എനിക്കു് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ വലിയ നിരാശയാണു് ഉണ്ടായതു്. എന്തിനാണു് അദ്ദേഹം ഈ റേഡിയോപ്രസംഗം ചെയ്തതെന്നാണു് എനിക്കു തോന്നിയതു്. അദ്ദേഹം അവതരിപ്പിച്ച ബഡ്ജററിനെ ആരും അനുമോദിക്കാതിരുന്നതുകൊണ്ടു്, അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മെംബർമാർകൂടി എതിർത്തുകൊണ്ടു് ഇപ്രകാരം ഒരു ബഡ്ജററു് അവതരിപ്പിച്ചതിൽ പനമ്പിള്ളി ഗോവിന്ദമേനോൻ എന്നുള്ള നിലയിൽ ധനകാര്യമന്ത്രിയേയും ധനകാര്യമന്ത്രി എന്നുള്ള നിലയിൽ പനമ്പിള്ളി ഗോവിന്ദമേനോനെയും അനുമോദിക്കാനായിരിക്കും അദ്ദേഹം റേഡിയോ പ്രസംഗം നടത്തിയതു്.

Mr. Speaker : Has he got to praise himself ? (Laughter.)

ശ്രീ. ടി. എ. മജീദ് : സർ, ഈ രാജ്യത്തെ വസ്തുവകകൾ എല്ലാം ഈ ഗവണ്മെന്റിന്റെ കൈയിൽ സുരക്ഷിതമല്ലെന്നു പലതുകൊണ്ടും ഇവിടെ തെളിഞ്ഞു കഴിഞ്ഞിരിക്കയാണു്. നമ്മുടെ സ്വത്തുക്കൾ ഓരോന്നായി നമ്മുടെ മന്ത്രിമാർ കേന്ദ്രത്തിനു കൊടുത്തിരിക്കുകയാണു്. ഇവിടത്തെ കെട്ടിടങ്ങൾ കേന്ദ്രത്തിനു കൊടുത്തിട്ടുള്ളതു് എന്തു് അടിസ്ഥാനത്തിലാണു് എന്നു ചോദിച്ചതിനു് അസ്പഷ്ടമായ മറുപടിയാണു് ഗവണ്മെന്റിൽനിന്നു കിട്ടിയതു്. നമ്മുടെ ഭക്തിവിലാസം കെട്ടിടം എന്തു വ്യവസ്ഥയിലാണു് കേന്ദ്രത്തിനു കൊടുത്തതു്; ലാകാളേജു കെട്ടിടം എന്തു വ്യവസ്ഥയിലാണു് കൊടുത്തിട്ടുള്ളതു് എന്നു ഈ നാട്ടിലെ ജനങ്ങൾക്കു് അറിയേണ്ടതുണ്ടു്. നമ്മുടെ ഗവണ്മെൻറവകയായിട്ടുള്ള പല കെട്ടിടങ്ങളും ഇന്നു കേന്ദ്രത്തിനു കൊടുത്തിരിക്കുകയാണു്. അതുപോലെതന്നെ കേന്ദ്രത്തിൽനിന്നു നമുക്കു് കിട്ടേണ്ട ന്യായമായ എല്ലാ അവകാശങ്ങളും പിടിച്ചു പറവുന്നതിൽ ഈ ഗവണ്മെൻറു പരാജയമടഞ്ഞിരിക്കുകയാണു്. ഈ സംസ്ഥാനം കേന്ദ്രത്തിനു വളരെ അധികം ഡോളർ സമ്പാദിച്ചു കൊടുക്കുന്ന ഒരു സംസ്ഥാനമാണു്. എന്നാൽ ഏററവും കുറഞ്ഞ സഹായധനമാണു് കേന്ദ്രത്തിൽനിന്നു നമുക്കു ലഭിക്കുന്നതു്. ഫൈനാൻസു കമ്മീഷൻ ഇവിടെ വന്നപ്പോൾ ഇവിടത്തെ പ്രതിപക്ഷകക്ഷികളേയുംകൂടി ക്ഷണിച്ചു് അവരുമായി ആലോചിച്ചു കൊടുക്കേണ്ടതായിരുന്നു ഈ ഗവണ്മെൻറിൽനിന്നു ഫൈനാൻസു കമ്മീഷനു കൊടുത്ത മെമ്മോറാണ്ഡം. ഈ രാജ്യത്തിന്റെ പൊതുവായ പ്രശ്നങ്ങൾ ഇന്നതൊക്കെയാണെന്നു കേന്ദ്രഗവണ്മെൻറിനെ അറിയിക്കേണ്ടതു് ഈ രാജ്യത്തെ പ്രതിപക്ഷകക്ഷികളുമായി ആലോചിച്ചതിനു ശേഷമായിരിക്കണം എന്നാണു് ഞാൻ പറയുന്നതു്. ഈ രാജ്യത്തെ പൊതുവായ പ്രശ്നങ്ങളെക്കുറിച്ചു തീരുമാനം ചെയ്യുമ്പോൾ ഇവിടത്തെ പ്രതിപക്ഷകക്ഷികളുമായി ആലോചിക്കണമെന്നുള്ളതു് ഡെമോക്രസിയുടെ ബാലപാഠം അറിയാത്ത കുട്ടികൾക്കുപോലും അറിയാവുന്ന ഒരു സംഗതിയാണു്.

ഈ ഗവണ്മെൻറിനെപ്പററി എന്തെങ്കിലും പറഞ്ഞാൽ അതു ഭരണകക്ഷിയെ ആക്ഷേപിക്കാൻ വേണ്ടി മനഃപൂർവ്വം പറയുകയാണെന്നു് ഗവണ്മെൻറു പറയും. ഗവണ്മെൻറിന്റെ ഭരണരീതിയിലുള്ള ഒരു സംഗതി ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തഴവായിൽ ൩൦ വർഷമായി മുസ്ലിമിങ്ങൾ പ്രാർത്ഥന നടത്തി വരുന്ന ഒരു സ്ഥലമുണ്ടു്. അവിടെ സ്ഥിരമായി ഒരു പ്രാർത്ഥനാലയം പണിയുവാൻ നിശ്ചയിച്ചു.

[ശ്രീ. ടി. എ. മജീദ്.]

അപ്പോൾ അതിനെ എതിർത്തുകൊണ്ടു ചിലർ ഗവണ്മെൻറിനു പെററിഷൻ കൊടുത്തു. ഐ. ജി. സ്ഥലത്തുപോയി അന്വേഷിച്ചതിൻെറ ശേഷം അവിടെ പ്രാർത്ഥനാലയം പണിയുവാൻ വിരോധമില്ലെന്നും അതിനു അനുവാദം കൊടുക്കേണ്ടതാണെന്നും റിപ്പോർട്ടു ചെയ്തു. ഇതു് രണ്ടു വർഷമായി നടന്നു വരുന്ന ഒരു സംഭവമാണു്. ഞങ്ങൾ ആ വകുപ്പു മന്ത്രിയെ കണ്ടു ഈ കാര്യം പറയുകയുണ്ടായി. ഭരണഘടനാപ്രകാരം എല്ലാവർക്കും അനുവദിച്ചിട്ടുള്ള ഒരു സ്വാതന്ത്ര്യമാണു് അതെന്നും ഗവണ്മെൻറ അതിനു അനുകൂലമായ നടപടി എടുക്കണമെന്നും ഞങ്ങൾ മന്ത്രിയെ കണ്ടു പറയുകയുണ്ടായി. എന്നാൽ ആ കാര്യം പരാജയപ്പെട്ടു എന്നു് എനിക്കു ഇന്നലെ ഒരു കത്തു കിട്ടി. ഡിപ്പാർട്ടുമെൻറിൽനിന്നു റക്കമെൻറ ചെയ്ത കാര്യം മന്ത്രി നിരസിച്ചു എന്നാണു് അറിയുന്നതു്. കെ. പി. സി. സി. പ്രസിഡൻറിനെപോലെയുള്ള ആളുകൾ കൈകടത്തിയതുകൊണ്ടാണു് അതു പരാജയപ്പെടാൻ കാരണം. ഇതിൽപരം ലജ്ജാകരമായി എന്താണു് ഉള്ളതു്. കെ. പി. സി. സി. പ്രസിഡൻറ് വിചാരിച്ചാൽ മന്ത്രിമാരെക്കൊണ്ടു് എന്തും പ്രവർത്തിപ്പിക്കുവാൻ സാധിക്കും എന്നുള്ള ഒരവസ്ഥയാണു് ഇവിടെ സംജാതമായിരിക്കുന്നതു്. മന്ത്രിമാർ അധികാരസ്ഥാനത്തിരുന്നു് ഭരിക്കണമെങ്കിൽ ആണത്തത്തോടും ധൈര്യത്തോടുംകൂടി ഭരിക്കണം. ഇവിടത്തെ ദൈനംദിന ഭരണകാര്യങ്ങളിൽ ആർക്കും കൈകടത്താൻ സാധിക്കുമെന്നു വരുന്നതു വളരെ ലജ്ജാകരമായിട്ടുള്ളതാണു്. ഇവിടെ ഇന്നു നടക്കുന്നതു് ഒരു ദുർഭരണമാണു്.

ശ്രീ. വാറുണ്ണി പുളിക്കൽ : സർ, ഇവിടെ നടന്ന വിമർശനങ്ങളിൽ ഈ ബഡ്ജററ് സാധാരണക്കാരൻെറ ബഡ്ജററല്ലെന്നും ഈ ബഡ്ജററ് വെറും ട്രെഡിഷണൽ ബഡ്ജററാണെന്നും പ്രസ്താവിക്കുന്നതു് കേൾക്കാനിടയായി. ഈ ബഡ്ജററിൽ നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് യാതൊന്നും ചെയ്തിട്ടില്ലെന്നും സാധാരണക്കാരനു് ഒരു പൈപോലും നീക്കി വച്ചിട്ടില്ലെന്നും ചില ബഹുമാനപ്പെട്ട മെംബർമാർ പറയുകയുണ്ടായി. ഇങ്ങനെ പല പല ആക്ഷേപങ്ങൾ ബഡ്ജററിനെപ്പററി പറഞ്ഞ കൂട്ടത്തിൽ ഒന്നു രണ്ടു കമ്പനികൾക്കു് ഗവണ്മെൻറ പണം കൊടുത്തിട്ടുള്ളതിനെപ്പററിയും ആക്ഷേപങ്ങൾ എതിർപക്ഷത്തിലെ നേതാക്കന്മാർ പറയുകയുണ്ടായി. അളകപ്പാ ടെക്സ്റ്റയിലിലേയ്ക്കു് ൧൦ ലക്ഷം രൂപാ ഗവണ്മെൻറ കൊടുത്തിട്ടുള്ളതിനെപ്പററി പറഞ്ഞു. ഈ അളകപ്പാ ടെക്സ്റ്റയിൽസ് എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു ഫാക്ടറിയാണു്. ൧൧൨൫-ൽ ഈ കമ്പനിക്കു് സാമ്പത്തികാധഃപതനം വന്നിട്ടു ആറേഴുമാസക്കാലം പൂട്ടിയിടേണ്ടതായിട്ടുവന്നു. കമ്പനി പൂട്ടിയതുകൊണ്ടു് അവിടത്തെ തൊഴിലാളികൾക്കു് തൊഴിലില്ലാതെയായി തീന്നിരിക്കുന്നുവെന്നും അതുകൊണ്ടു് മിൽ തുറന്നു് ജോലിയാരംഭിക്കണമെന്നും പറഞ്ഞു് ചെങ്കൊടിയും പിടിച്ചു് എതിർപക്ഷത്തെ നേതാക്കന്മാർ അവിടെവന്നു തിരക്കുകൂട്ടുകയും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് മിൽ മാനേജുമെൻറിനു് കഴിഞ്ഞില്ലെങ്കിൽ ഗവണ്മെൻറിൽനിന്നും ധനസഹായം ചെയ്യണമെന്നും മററും പറഞ്ഞു് ആർത്തുവിളിച്ചു നടക്കുകയും ചെയ്തതിൻെറ ഫലമായിട്ടാണു് ൧൦ ലക്ഷം രൂപാ അളകപ്പാ ടെക്സ്റ്റയിൽസിനു് ഗവണ്മെൻറിൽനിന്നും കൊടുക്കേണ്ടി വന്നതു്. ശ്രീ. പനമ്പിള്ളി

ഗോവിന്ദമേനോൻ മുതലായവർ അവിടെ വന്നു നടത്തിയ ചില കൂടിയാലോചനകളുടെ ഫലമായിട്ടാണ് ൫൦ ലക്ഷം രൂപാ അളകപ്പാ ടെക്സ്റ്റയിൽസിന് കൊടുത്തതു്. ഈവക സ്ഥാപനങ്ങൾക്ക് സംഖ്യ കൊടുത്തതുകൊണ്ടു് തൊഴിലാളികൾക്ക് യാതൊരു ഗുണവുമില്ലെന്നു പറയുന്നതു കേട്ടാൽ അവരുടെ ആവശ്യപ്രകാരമല്ലാ, അവരുടെ ആഗ്രഹപ്രകാരമല്ലാ ഗവണ്മെൻറിൽനിന്ന് ഈ സംഖ്യ കൊടുത്തിട്ടുള്ളതു് എന്നു തോന്നും. അതുപോലെതന്നെ ഫർട്ടിലൈസേഴ്സ് കമ്പനിക്ക് ഗവണ്മെൻറിൽനിന്നും ധനസഹായം ചെയ്തിട്ടുണ്ടു്. ഈ കമ്പനി തിരുവിതാംകൂർ-കൊച്ചിയിൽ വന്നതു് വളരെ ഭാഗ്യമാണ്. അവിടെയുണ്ടാക്കുന്ന വളംകൊണ്ടു് ഇവിടത്തെ വിളവു വർദ്ധിപ്പിക്കാം. ഈ ഫാക്ടറിയിൽ ൭൫ ശതമാനം ഷെയർ എടുത്തതിനുശേഷം അതിനു കുറെ പണവുംകൂടി കൊടുക്കുന്നതായാൽ അതു് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും നമ്മുടെ വിളഭൂമികൾ പുഷ്ടിപ്പെടുത്തുന്നതിനും ഉപകരിക്കുന്നതാണെന്നും തൊഴിലാളിനേതാക്കന്മാർ മനസ്സിലാക്കാത്തതിൽ ഞാൻ ഖേദിക്കുന്നു.

കഴിഞ്ഞ സമ്മേളനത്തിൽ നാലുലക്ഷത്തിൽചില്വാനം രൂപ മിച്ചമുള്ള ഒരു ബഡ്ജററു് അവതരിപ്പിക്കുകയും ഇപ്പോൾ ഏഴുലക്ഷത്തിൽ ചില്വാനം രൂപക്കുള്ള ഒരു കമ്മിബഡ്ജററായി അവതരിപ്പിക്കുകയും ചെയ്ത ധനകാര്യമന്ത്രിയെ യഥാർത്ഥത്തിൽ ഞാൻ അഭിനന്ദിക്കുകയാണ് ചെയ്യുന്നതു്. കാരണം നമ്മുടെ സാമ്പത്തികനിലയെ സംബന്ധിച്ചിടത്തോളവും പൊതുജനനന്മക്കുവേണ്ടി മൊത്തം വരവിൻെറ ൯൭ ശതമാനം നീക്കിവച്ചിരിക്കുകയാണ്. അതുതന്നെ അനുമോദനാർഹമാണ്. എൻെറ ചില സ്നേഹിതന്മാർ ഇവിടെ പറയുന്നതുകേട്ടു ഭൂനയത്തെപ്പററിയുള്ള സ്കീം, ഹൗസിംഗ് സ്കീം ഇവയെപ്പററി കാര്യമായി യാതൊന്നും ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലായെന്നു്. നൂററിനു ൯൭ ശതമാനം പൊതുജനങ്ങൾക്കുവേണ്ടി പല പ്രവർത്തനങ്ങൾക്കുമായി നീക്കിവച്ചിരിക്കെ മുൻ പറഞ്ഞ സ്കീമുകൾക്കുവേണ്ടി തുക കുറഞ്ഞുപോയിയെന്നും ബഡ്ജററിൽ ടി നീക്കിവെപ്പു് മല എലിയെ പ്രസവിച്ചതുപോലെയാണെന്നും അപലപിക്കുന്നതു് ശരിയല്ല. ഹൗസിംഗ് സ്കീമിനുവേണ്ടി പന്ത്രണ്ടുലക്ഷം രൂപ നീക്കിവച്ചിരിക്കുകയാണ്. ഗവണ്മെൻറിൻെറ വരവു മുഴുവൻ അതായതു് നൂററിനു നൂറു് ശതമാനവും ഹൗസിംഗ് സ്കീം ചിലവിനങ്ങൾക്ക് മാത്രംമാററിവച്ചാൽ മററുകാര്യങ്ങൾ എങ്ങനെ നടക്കുമെന്നു് ബഹുമാനപ്പെട്ട മെംബറന്മാർ ഓർക്കേണ്ടതാണ്. ഗവണ്മെൻറിൻെറ ശക്തികൊണ്ടു് പ്രവർത്തിച്ചുകൊണ്ടിരിക്കയാണെന്നുള്ളതു് മറന്നു് ഈവിധം സ്ഥാനത്തും അസ്ഥാനത്തും കുററപ്പെടുത്തുന്നതുകൊണ്ടു് യാതൊരു ഫലവുമില്ല. എതിർപക്ഷത്തെ ഒരു സ്നേഹിതൻ പറഞ്ഞതു് ഹൌസിംഗ് സ്കീം എസ്റ്റിമേററുകൾ മല എലിയെ പ്രസവിച്ചപോലെയാണെന്നത്രെ. എന്നാൽ എലി മലയെ പ്രസവിക്കണമെന്നു പറഞ്ഞാൽ ഭവിഷ്യത്തു് എന്തായിരിക്കുമെന്നു് ഞാൻ പറയാതെതന്നെ അറിയാം. പ്രസവപരാക്രമത്തിൽ എലി ചത്തുപോയേക്കും. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ ചെലവാക്കുന്നതിനായിട്ടുള്ള തുക ഓരോ സ്ഥലങ്ങളിലും അതാതു സ്ഥലങ്ങളുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുവേണ്ടി വീതിക്കുന്ന വിഷയത്തിൽ എല്ലാ സ്ഥലത്തും ഒരുപോലെ വീതിച്ചു കൊടുത്തുയെന്നു് വരികയില്ല. ചില സ്ഥലത്തു് ആവശ്യാനുസരണം കൂടുതൽ തുക ചിലവാക്കേണ്ടിവന്നേക്കും.

[ശ്രീ. വാറുണ്ണി പുളിക്കൽ]

അതേ സമയത്തു് അതിനടുത്ത സ്ഥലത്തു് കുറഞ്ഞേന്നും വന്നേക്കും. ഡിപ്പാർട്ടുമെൻറുകളിലേക്കു് നീക്കിവച്ചിരിക്കുന്ന തുകകൾ വിനിമയം ചെയ്യുന്ന കാര്യത്തിൽ ഇങ്ങനെയുള്ള തകരാറുകൾ ഉണ്ടെങ്കിൽതന്നെ അവയൊക്കെ ക്ഷന്തവ്യങ്ങളാണു്. സർ, എനിക്കു് മറെറാരു കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ടു്. അതായതു് നാഷണൽ ഹൈവേ സ്കീമിനെക്കുറിച്ചാണു് ഇതിലേക്കുവേണ്ടി കേന്ദ്രഗവണ്മെൻറിൽനിന്നും ഒരു സഹായധനം വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ടു് എന്നും അറിയുന്നു. ഈ ഹൈവേയിൽ പെട്ടതാണു് ത്രിശ്ശൂർ എറണാകുളം ഹൈവറോഡു് എന്നും അറിയുന്നു. തൃശ്ശൂർ എറണാകുളം റോഡിൻെറ സ്ഥിതിയെപ്പററി നോക്കുകയാണെങ്കിൽ വളരെ ശോചനീയമായ നിലയിലാണു് അതിൻെറ കിടപ്പു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ ഏകദേശം ൫൬൨ മൈലോളം റോഡു ടാറിട്ട റോഡുകളായി ഉണ്ടു്. എന്നാൽ അതിൽ കൊച്ചീസംസ്ഥാനത്തിൽ ടാറിട്ട റോഡുകളായി വെറും ൫൨ മൈയിൽ മാത്രമാണു് ഉള്ളതു്. മാത്രമല്ല ഈ ടാറിടൽ പ്രവർത്തനം തുടങ്ങേണ്ടതു് നമ്മുടെ സംസ്ഥാനത്തിൻെറ തെക്കേ അററത്തുനിന്നും വടക്കേ അററത്തു് നിന്നും ഒരേസമയത്തു തുടങ്ങണമെന്നു് ഒരു പരസ്പരധാരണ ഉണ്ടായിരുന്നതായും അറിയുന്നു. സർ, തെക്കേ അററത്തുനിന്നുതന്നെ തുടങ്ങുന്നതിൽ എനിക്കു വിരോധമില്ല. എന്നാലും പണി തുടങ്ങുന്നതിനെ സംബന്ധിച്ചിടത്തോളം പക്ഷഭേദം കൂടാതെ രണ്ടററത്തുനിന്നും പണിതുടങ്ങേണ്ടതാണെന്നാണു് എൻെറ അപേക്ഷ. എന്നാൽ മേൽ പറഞ്ഞ കണക്കനുസരിച്ചുള്ള ഭവിഷ്യത്തു വരികയില്ലായിരുന്നു. മറെറാരുകാര്യം ഈ സംസ്ഥാനത്തിൻെറ വടക്കേ അററത്തു് നിവസിക്കുന്ന ഞങ്ങൾക്കു് ഗവണ്മെൻറുമായുള്ള എഴുത്തുകുത്തുകൾക്കു യഥാസമയത്തു് മറുപടി കിട്ടുന്നതിനു താമസം നേരിടുന്നു എന്നുള്ളതാണു്. ഇതിനു ഒരു പ്രതിവിധിയായി ഞാൻ പറയുന്നതു ഹെഡ്ആഫീസുകളിൽപകുതിആഫീസുകളെങ്കിലും പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചു് തൃശ്ശൂർ ഡിസ്ട്രിക്ടിലേക്കു മാറേറണ്ടതാണു് എന്നാണു്. ഇതു പറയുമ്പോൾ ഈ സഭയിലെ എൻെറ ചില സ്നേഹിതന്മാരുടെ മുഖം കറക്കുമെന്നും എനിക്കറിയാം. ഒരു കൊച്ചീക്കാരനു ഇതിൽ അതിശയമില്ല. കൊച്ചുകൊച്ചിയിൽ ജനങ്ങളുടെ സൗകര്യാർത്ഥം പകുതി ആഫീസുകൾ എറണാകുളത്തും പകുതി തൃശ്ശൂരും ഉണ്ടായിരുന്നു. പൂർത്തിയാകാതെ ഇട്ടിരിക്കുന്ന മരാമത്തുജോലികൾക്കു് അനുവദിക്കപ്പെട്ടിട്ടുള്ള തുക ലാപ്സാക്കാതെ അവകൾ കഴിയുന്നിടത്തോളം വേഗം പൂർത്തിയാക്കേണ്ടതാണു്. ഇൻകംപ്ലീററ് വർക്കിനുവേണ്ടി ഒരു വലിയ തുക ആണ്ടോടാണ്ടു് നീക്കിവയ്ക്കുകയും അതിൽ ഏതാനും ഭാഗം ചിലവാക്കുകയും ചെയ്യുന്ന രീതിയാണു് നിലവിലിരിക്കുന്നതു്. സർ, ഈ കൂട്ടത്തിൽ ഇരിങ്ങാലക്കുട ഷൺമുഖംതോടു് പൂർത്തിയാകാതെ ഇട്ടിരിക്കുകയാണു്. അതിൻെറ ഇരുവശങ്ങളിലുംമണ്ണു ഇടിഞ്ഞുവീണു് നികന്നിരിക്കുകയാണു്. കോന്തിപുലംറോഡിൻെറ ഇരുവശങ്ങളിലുമുള്ള സ്ഥലം ഭീമമായ സംഖ്യ ചിലവു ചെയ്തു സർക്കാരിൽനിന്നു അക്വയർ ചെയ്തിട്ടു ൩ കൊല്ലമായി. ഇതുവരെ അതിനുശേഷം യാതൊരു പണിയും ചെയ്തിട്ടില്ല. അതുകൊണ്ടു് ഇതിലേക്കു് നീക്കിവച്ചിരിക്കുന്ന പണം വിനിയോഗിച്ചു് അപൂർണ്ണനിലയിൽ ഇട്ടിരിക്കുന്ന അവിടത്തെ ജോലികൾ തോടു്, പാലം, കലുങ്കു്

മുതലായവ എത്രയുംവേഗത്തിൽ പണി തീൎത്തുതരണമെന്ന് അപേക്ഷിച്ചു കൊണ്ട് ഈ ബഡ്ജററിനെ പിൻതാങ്ങുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഡ്ജററ അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി നടത്തിയ പ്രസംഗത്തെ എതിർപക്ഷത്തുനിന്നും വിമർശിച്ചപ്പോഠം അദ്ദേഹത്തിൻെറമറുപടിപ്രസംഗത്തിൽ പറയുകണ്ടായി, തങ്ങഠം അധികാരത്തിൽ വന്നിട്ട് രണ്ടു ആഴ്ചക്കാലം മാത്രമേ ആയിട്ടുള്ളുവെന്നും ഈ ചുരുങ്ങിയ ദിവസങ്ങഠംക്കുള്ളിൽ തങ്ങഠം ചെയ്യിട്ടില്ലാത്ത കാര്യങ്ങഠംക്കുകൂടി കുററം പറഞ്ഞു വിമർശിക്കുന്നതു സങ്കടമാണെന്നും അതുകൊണ്ട് തങ്ങഠംക്കു കുറച്ചു കൂടി സമയം നൽകുകയും തങ്ങളോടു കുറച്ചുകൂടി സഹിഷ്ണുത കാണിക്കുകയും സഹകരണബുദ്ധ്യാ പെരുമാറുകയും ചെയ്യേണ്ടതാണെന്നും. അതു മാത്രമല്ല, ദേശാഭിമാനവും തൊഴിലാളിപ്രേമവുമെല്ലാം ഒരു കക്ഷിയുടെ കുത്തകയല്ലെന്നും അവ എല്ലാം തങ്ങഠംക്കും വേണ്ടുവോളം ഉണ്ടെന്നും മന്ത്രി അവകാശപ്പെട്ടു. സർ, അതുകഴിഞ്ഞു വളരെ ദിവസം കഴിഞ്ഞില്ല, പാറക്കെട്ടുകളുടേയും പാലങ്ങളുടേയും അടിയിൽക്കൂടിയും ചാലക്കുടിപുഴയിൽ കൂടി തന്നെയും അധികജലം ഒഴുകിയില്ല, അതിനുമുമ്പിൽ കാൺഗ്രസ്സിൻെറ തൊഴിലാളിപ്രേമവും ദേശാഭിമാനവും ശരിയായ രൂപത്തിൽ തന്നെ പൊതുജനങ്ങഠംക്കു മനസ്സിലാക്കാൻ കഴിഞ്ഞു. അധികാരം ഏറെറടുത്ത ഒരു മാസത്തിനുള്ളിൽ ഈ രാജ്യത്തെ മൂന്നു തൊഴിലാളിസന്താനങ്ങളെ പത്തുമലയുടെ താഴ്‌വാരത്തിൽവച്ചു വെടിവച്ചുകൊന്നുകൊണ്ടാണ് കാൺഗ്രസ്സുമന്ത്രിസഭ അവരുടെ തൊഴിലാളിപ്രേമം പ്രകടമാക്കിയത്. ഈ രാജ്യത്തെ സാമ്പത്തികമായും സാംസ്കാരികമായും സാമൂഹ്യമായും അധഃപതിപ്പിച്ച ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഒരു മുതലാളിയുടെ താൽപ്പൎയ്യങ്ങളെ സംരക്ഷിക്കാൻവേണ്ടിയാണ് ഈ വെടിവയ്പ്പ നടത്തിയതു്. തിരുവിതാംകൂർ-കൊച്ചിയിലെ എസ്റ്റേററുകളിൽ ബ്രിട്ടീഷ് മുതലാളിമാക്കു ഒരു വലിയ മുതൽ മുടക്കുണ്ട്. ആ മുതൽ മുടക്കിൻെറ പേരിൽ നമ്മുടെ നാട്ടിലെ പാവപ്പെട്ട തൊഴിലാളികളെ ചൂഷണം ചെയ്തു ധാരാളം പണം അവർ തട്ടിയെടുക്കുന്നു. ബ്രിട്ടീഷുകാരുടെ മുതൽമുടക്കിനെ സംരക്ഷിക്കാൻ ഈ ഗവണ്മെൻറ് ബാദ്ധ്യസ്ഥരാണെന്നു വ്യക്തമാക്കുകയാണ് പത്തുമല വെടിവയ്പുമൂലം ചെയ്യിരിക്കുന്നതു്. സർ, ഈ ക്രൂരസംഭവത്തിൽ അകാലമൃത്യുവിനു ഇരയായ ആ രക്തസാക്ഷികളുടെ പാവപ്പെട്ട വിധവകഠംക്കും, അനാഥരാക്കപ്പെട്ട അവരുടെ പിഞ്ചു കുഞ്ഞുങ്ങഠംക്കും ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ തൊഴിലാളിപ്രേമത്തെപ്പററി വളരെ കഥകഠം പറയാനുണ്ടാകും. എന്നാൽ പത്തുമല എസ്റ്റേററിലെ ഈ അനിഷ്ടസംഭവംകൊണ്ടുമാത്രം അതവസാനിച്ചില്ല. ആലുവായിൽ സമാധാനപരമായി പിക്കററിങ്ങ് നടത്തിയ തൊഴിലാളികളുടെ നേരെ മൃഗീയമായ വിധത്തിൽ പോലീസുകാർ ലാത്തിചാർജ്ജ് ചെയ്തു. മണലിയിലും, കൊല്ലത്തും, തിരുവനന്തപുരത്തും, കായംകുളത്തും എല്ലാം ഈ മർദ്ദനങ്ങഠം ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ആവൎത്തിക്കപ്പെട്ടു. കഴിഞ്ഞ ദിവസം, തൊഴിൽ മന്ത്രികൂടിയായ ധനകാര്യമന്ത്രിയുടെ ഒരു പ്രസംഗം പത്രത്തിൽ ഞാൻ വായിക്കുകയുണ്ടായി. അതു് തിരുവനന്തപുരത്തെ പച്ചത്തൊണ്ടു തൊഴിലാളി സമരത്തെപ്പററിയായിരുന്നു. അദ്ദേഹം പറയുകയാണ്, താൻ ജീവിതത്തിൽ ഒരു നാളികേരം പൊതിച്ചിട്ടില്ലെന്നും, തൊണ്ടുകച്ചവടം ചെയ്യിട്ടി

[ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ]

ല്ലെന്നും. അതുകൊണ്ടു ഈ തൊഴിലാളികൾ തന്റെ പടിക്കൽ സത്യഗ്രഹം അനുഷ്ഠിക്കുന്നതിന്റെ അർത്ഥം അദ്ദേഹത്തിനു മനസ്സിലാകുന്നില്ലത്രെ! സർ, അദ്ദേഹം നാളികേരം പൊതിച്ചിട്ടുണ്ടോ എന്നോ പച്ചത്തൊണ്ടു് കച്ചവടം ചെയ്തിട്ടുണ്ടോ എന്നോ ആരും ചോദിക്കുകയുണ്ടായിട്ടില്ല. എന്നാൽ ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഈ നാട്ടിലെ ലക്ഷക്കണക്കിനുള്ള തൊഴിലാളികളുടെ ഭാഗധേയം കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു മന്ത്രിയെന്ന നിലയിൽ ഈ സമരത്തിൽ ഇടപെടണമെന്നും പരിഹാരമുണ്ടാക്കണമെന്നുമാണു് നാട്ടുകാർ ആവശ്യപ്പെടുന്നതു്. എതിരാളികൾക്കു് മറുപടി നൽകുന്ന കാര്യത്തിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രകടിപ്പിക്കാറുള്ള പ്രത്യേകമായ കഴിവിനെപ്പററി എനിക്കു പലപ്പോഴും മതിപ്പുതോന്നിയിട്ടുള്ളതാണു്. എന്നാൽ ഈ കാര്യത്തിൽ അദ്ദേഹം പുറപ്പെടുവിച്ച വാദമുഖങ്ങൾ ഇത്രയും ബാലിശമായിപ്പോയതിൽ എനിക്കു് ലജ്ജ തോന്നുകയാണു്.

ഈ ബഡ്ജററവതരിപ്പിച്ചുകൊണ്ടു് ധനകാര്യമന്ത്രിയും അദ്ദേഹത്തെ തുടർന്നു ബഡ്ജററിനെ അനുകൂലിച്ചു പ്രസംഗിച്ച എതിർപക്ഷത്തിരിക്കുന്ന പല മെമ്പറന്മാരും അവകാശപ്പെടുകയുണ്ടായി ഇതിലെ ഏറിയ ഭാഗവും ദേശോദ്ധാരണസംരംഭങ്ങൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുകകളാണെന്നു്. ഈ ദേശോദ്ധാരണപദ്ധതിയുടെയെല്ലാം ഉള്ളുകള്ളികൾ പലരും പ്രതിപാദിച്ചുകഴിഞ്ഞതാണു്. വിദ്യാഭ്യാസത്തിനും, റൂറൽ ഡെവലപ്പ്മെൻറിനും, പബ്ലിക്ക്ഹെൽത്തിനുംമററുമായി വളരെ തുക ചിലവഴിക്കുന്നുണ്ടെന്നു പറയുന്നു. റൂറൽ ഡെവലപ്പ്മെൻറു് ഇനത്തിൽ വർക്ക്സ് ആൻഡു് കാൺട്രിബ്യൂഷനിൽ ഒരു വലിയ തുക കൊള്ളിച്ചിട്ടുണ്ടു്. ബഡ്ജററു് എസ്റ്റിമേററിൽ കൊള്ളിച്ചിരുന്നതു് ൪൦ ലക്ഷത്തിൽപ്പരമാണെങ്കിൽ റിവൈസ്ഡു് എസ്റ്റിമേററിൽ അതു് ൩൦ ലക്ഷമായി കുറച്ചിരിക്കയാണു്. അതിന്റെ ആക്ച്വൽസ് കിട്ടുന്നില്ല. റിവൈസ്ഡു് ബഡ്ജററു് എന്തിനെ അടിസ്ഥാനമാക്കിയുള്ളതാണെന്നു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഈ റൂറൽ ഡെവലപ്പ്മെൻറു് എന്നു പറയുന്നതു് അധികാരസ്ഥാനങ്ങളിലിരിക്കുന്നവർക്കു താല്പര്യമുള്ള കുറെ ആളുകൾക്കു മൊത്തത്തിൽ കുറെ പണം എഴുതി തള്ളുന്നതിനുള്ള ഒരു ഏർപ്പാടായിട്ടാണു് അനുഭവപ്പെട്ടിട്ടുള്ളതു്.

സർ, എനിക്കു് പ്രധാനമായി വിദ്യാഭ്യാസകാര്യത്തെപ്പററിയാണു് പറയാനുള്ളതു്. വിദ്യാഭ്യാസത്തിനു് മൂന്നു കോടിയിലധികം രൂപാ ബഡ്ജററിൽ 25 ശതമാനത്തോളം, ചെലവഴിക്കുന്നുവെന്നു് അധികാരസ്ഥാനത്തിരിക്കുന്നവർ അഭിമാനിക്കുന്നു. എന്നാൽ എന്താണു് ഈ രാജ്യത്തെ വിദ്യാഭ്യാസത്തിന്റെ ഇന്നത്തെ സ്ഥിതി? വിദ്യാഭ്യാസത്തെ എത്രമാത്രം പരോഗമിപ്പിക്കാൻ ഇവർക്കു കഴിഞ്ഞിട്ടുണ്ടെന്നു നമുക്കു പരിശോധിക്കാം. ഇന്നു നാട്ടിൽ വിദ്യാഭ്യാസത്തിന്റെ നേരെ ഒരു വലിയ വെല്ലുവിളിതന്നെ കാൺഗ്രസ്സ്സർക്കാർ നടത്തിക്കൊണ്ടിരിക്കയാണു്. ഹൈസ്കൂളുകളിലേയും കാളേജുകളിലേയും ഫീസ് വർദ്ധിപ്പിച്ചിരിക്കയാണു്. മാസത്തിൽ അഞ്ചേകാൽ രൂപയായിരുന്ന ഹൈസ്കൂൾ വിദ്യാർത്ഥി

യുടെ ഫീസ് ലൈബ്രറി ഫീസടക്കം ഇപ്പോൾ എഴര രൂപയായിരിക്കുന്നു. കൊട്ടങ്ങല്ലൂർ ഹൈസ്കൂൾവിദ്യാർത്ഥികളിൽ 80 ശതമാനത്തിനുപോലും ആദ്യത്തെ ദിവസം ഫീസ് കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ കാളേജുവിദ്യാർത്ഥികളുടെ എക്സാമിനേഷൻ ഫീസും ഹോസ്റ്റൽ ഫീസും കണ്ടമാനം വർദ്ധിപ്പിക്കയാണ് ചെയ്തിരിക്കുന്നതു്. ഇത്തരം ഫീസ് വർദ്ധിപ്പിക്കുന്നതിനെതിരായി ഇൻഡ്യയിൽ ആകമാനം ഒരു പ്രക്ഷോഭണം ഇളകി വരികയാണ്. അഹമ്മദബാദിലെ വിദ്യാർത്ഥികൾ ഇതിനെതിരായി ഒരു പണിമുടക്കുപോലും നടത്തുകയുണ്ടായി. അതിനെ നയിച്ചതു് സൗരാഷ്ട്രയിലെ ഒരു റിട്ടയാർഡു്ജഡ്ജിയാണെന്നു പത്രത്തിൽ വായിക്കുകയുണ്ടായി. നാട്ടുകാരാകമാനം സാമ്പത്തികമായ തകർച്ച അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ ഫീസ് വർദ്ധിപ്പിക്കുന്നതിനും മററും എതിരായി വിദ്യാർത്ഥികൾ നടത്തുന്ന പ്രക്ഷോഭണം വെറുതെ കുട്ടികൾ കുഴപ്പമുണ്ടാക്കുകയാണെന്നു പറയുന്നവരുടെ നേരെയുള്ള ഒരു വെല്ലുവിളിയാണ് അഹമ്മദബാദിൽ നടന്നതു്. ഇവിടെയാണെങ്കിൽ ഇപ്പോൾ വിദ്യാർത്ഥികളെ കണ്ടമാനം ഡീറെറയിൻ ചെയ്തിരിക്കയാണ്. ഡിററൻഷൻെറപേരിൽ നാനൂറോളം വിദ്യാർത്ഥികൾ ഇപ്പോൾ തെരുവുകളിൽ അലഞ്ഞുതിരിയുകയാണ്. ഹാത്തിമാമാതാവിൻെറ മുമ്പിൽ മുട്ടു കുത്തുന്നവർക്കുമാത്രമേ കാളേജിൽ പ്രവേശനം അനുവദിക്കുകയുള്ളു എന്നു വരുന്നതു വളരെ പരിതാപകരമായ ഒരവസ്ഥയാണ്.

ശ്രീ. സി. സി. അയ്യപ്പൻ: സർ, ഒരു ബഹുമാനപ്പെട്ട മെംബർ ഇന്നലെ പറഞ്ഞതുപോലെ ഞാനും വളരെ പ്രത്യാശയോടുകൂടിയാണ് ഈ ബഡ്ജററസമ്മേളനത്തിൽ പങ്കുകൊള്ളാൻ വന്നതു്. പക്ഷെ ആ ആശകളെല്ലാം ഇന്നു് അസ്ഥാനത്തായിരിക്കുകയാണ്. കാരണം ഇന്നു് നീറുന്ന പ്രശ്നങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഈ ബഡ്ജററ് ഒരു ചോദ്യചിഹ്നമായിരിക്കുകയാണ്. ആ വക പ്രശ്നങ്ങൾക്കു ഒരു പരിഹാരം കാണാൻ ഈ ബഡ്ജററ് തീരെ ഉതകുന്നില്ല എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇന്നു് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് പട്ടിൽപൊതിഞ്ഞ തീക്കൊള്ളിയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇന്നു നാടിനെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അടിയന്തിരമായ കാര്യങ്ങളിൽ മുഖ്യമായവ ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ, കുടികിടപ്പില്ലായ്മ ഇവയാണ്. ഞാൻ വടക്കാഞ്ചേരിമുതൽ ഈ സ്ഥലംവരെ പലടത്തും തരിശുഭൂമികൾ കാണുകയുണ്ടായി. യഥാർത്ഥ കൃഷിക്കാർക്കു ഒരിഞ്ചു ഭൂമിപോലും ഇവിടെ കൃഷിക്കുകൊടുക്കുന്നില്ലെന്നുള്ള കാര്യം വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ആളുകൾ ഭക്ഷ്യസാധനങ്ങളുടെ ദുർഭിക്ഷതകൊണ്ടു് നട്ടംതിരിയുന്ന ഈ സമയത്തു് എത്രയോ ഏക്കർ നിലങ്ങളാണ് തരിശായികിടക്കുന്നതെന്നു ഗവണ്മെൻറിനു് അറിവുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഭക്ഷണസാധനങ്ങളുടെ പേരിൽ ചുമതലകണ്ണീർ പൊഴിക്കുന്നവർ ആ തരിശുഭൂമികൾ കൃഷിക്കായി വിട്ടുകൊടുക്കാൻ തയാറുണ്ടോ. ഇന്നു് നാട്ടിൽ വേലയില്ലാതെ വേലയ്ക്കുവേണ്ടി എന്തുചെയ്യണമെന്നറിയാൻ പാടില്ലാതെ റോഡിൽ അലഞ്ഞുതിരിയുന്ന തൊഴിലാളികൾ തരിശായി കിടക്കുന്ന ഭൂമികളെ നോക്കി കണ്ണീർവാർക്കുകയാണു ചെയ്യുന്നതു്.

Mr. Speaker: All these matters have been discussed, and the Member was given a preferential treatment because he belongs to the backward community and therefore he would have something to speak on matters relating to them.

ശ്രീ. സി. സി. അയ്യപ്പൻ: സർ, ഞാൻ അക്കാര്യത്തിലേയ്ക്കു കടക്കുകയാണു്. കഴിഞ്ഞകൊല്ലം അധഃകൃതോദ്ധാരണ ഡിപ്പാർട്ടുമെൻറിലേയ്ക്കു് ൧൨ ലക്ഷത്തിലധികം രൂപ നീക്കിവച്ചിരുന്നു. എന്നാൽ ഇക്കൊല്ലം അതു ൧൧ ലക്ഷമായി കുറഞ്ഞിരിക്കുകയാണു്. ഇവിടെ അധഃകൃതരുടെ ഉന്നമനത്തിനായി കൊള്ളിച്ചിരിക്കുന്ന—

ശ്രീ. കൊച്ചുകുഞ്ഞു്. സർ, ഒരു പോയിൻറു് ഓഫ് ഓർഡർ. അധഃകൃതർ എന്നു പറയുന്നതു ശിക്ഷാർഹമല്ലേ?

Mr. Speaker: The hon. Member is free to choose any other word.

ശ്രീ. സി. സി. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർക്കു് ആ വാക്കു് രുചിക്കുന്നില്ലെങ്കിൽ അവശസമുദായമെന്നാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഈ അവശസമുദായ ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തിനു് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്. ഈ ഡിപ്പാർട്ടുമെൻറു് അദ്ദേഹത്തിൻെറ കയ്യിൽ ഏൽപ്പിച്ചതു ഏതുപോലെയെന്നുവച്ചാൽ കുറുക്കൻെറ കയ്യിൽ കോഴിയെ വളർത്താൻ കൊടുത്തതുപോലെയാണു്. വേറൊരുതരത്തിൽ പറഞ്ഞാൽ കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി എന്നതുപോലെയാണു് ആ ഉദ്യോഗസ്ഥൻ പ്രവർത്തിക്കുന്നതു്. അവശസമുദായക്കാർക്കു വേണ്ടി നീക്കിവച്ചിരുന്ന തുക ചെലവാക്കാതെ ആ ഉദ്യോഗസ്ഥൻ തിരിച്ചടയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. സർ, ഏതു പരിതഃസ്ഥിതിയിലാണു് ആ ഉദ്യോഗസ്ഥൻ ഇത്ര ഭീമമായ ഒരു സംഖ്യ ചെലവഴിക്കാതിരുന്നതെന്നു നാം ആലോചിക്കേണ്ടിയിരിക്കുന്നു. അവശസമുദായത്തിൽപ്പെട്ട കാളേജ്‌വിദ്യാർത്ഥികൾ ജീവിക്കുന്നതിനു തക്ക സംഖ്യ അവർക്കു കിട്ടാതെ തിരുവനന്തപുരത്തും എറണാകുളത്തും കഷ്ടപ്പെട്ടപ്പോൾ, താമസിക്കാൻ വീടില്ലാതെയും കുടിക്കാൻ വെള്ളമില്ലാതെയും കാളനിയിൽ താമസിക്കുന്നവർ വിഷമിക്കുമ്പോൾ, പഠിക്കുന്നതിനുള്ള പുസ്തകം വാങ്ങുന്നതിനു പണമില്ലാതെയും വിദ്യാർത്ഥികൾ വളരെ വിഷമിക്കുന്ന ഒരു പരിതഃസ്ഥിതിയിലാണു് ഇതിനൊന്നും പണംകൊടുക്കാതെ ഇത്രയും സംഖ്യ മിച്ചം പിടിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട മെംബർ ശ്രീ. താണുപിള്ള പറഞ്ഞതു പോലെ അവസാനം ഇതൊരു സർപ്ലസ് ബഡ്ജററായി തീരാനുള്ള കാരണം ഇതെല്ലാമാണു്. ആ ഉദ്യോഗസ്ഥനെ ആ ഡിപ്പാർട്ടുമെൻറിൽ നിന്നും മാററി അവിടെ ഒരു അവശസമുദായത്തിൽപ്പെട്ട ആളെ നിയമിക്കുന്നതു വെറും ന്യായംമാത്രമാണു്. ഗവണ്മെൻറു അതിന് ഓരോ കാരണംപറഞ്ഞു കഴിക്കുകയാണു ചെയ്യുന്നത്. ഗവണ്മെൻറ് അതിനെല്ലാം ഒരുങ്ങി എന്നു കേട്ടിരുന്നു. എന്നാൽ ഇപ്പോൾ യാതൊന്നുംതന്നെ കേൾക്കുന്നില്ല. ഈ ഡിപ്പാർട്ടുമെൻറിൽ അവശസമുദായോദ്ധാരണത്തിനു വേണ്ടി പല പരിപാടികളും സ്വീകരിച്ചിരുന്നു. സംയോജനത്തിനു ശേഷം ആവക യാതൊരു കാര്യങ്ങളും അവിടെ നടക്കുന്നില്ല. അവശസമുദായക്കാർക്കു് വീടുവയ്ക്കുന്നതിനുവേണ്ടി ഗവണ്മെൻറിൽ നിന്നും ഒരു

ദുർഘടംപിടിച്ച പദ്ധതിയുണ്ടാക്കിയിട്ടുണ്ട്. വളരെ ബുദ്ധിപൂർവ്വമാണ് ആ പദ്ധതി ഉണ്ടാക്കിയിട്ടുള്ളതെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. കാരണം ആ പദ്ധതിയനുസരിച്ച് ഒരൊറ്റ വീടുപോലും അവശസമുദായക്കാരന് ഉണ്ടാകയില്ല. ആ പദ്ധതിപ്രകാരം ൪൫൦ രൂപയ്ക്കു് ഒരു വീടുണ്ടാക്കണമെന്നാണ് ഗവണ്മെൻറ വച്ചിട്ടുള്ളത്. ഈ ൪൫൦ രൂപയിൽ ൧൦൦ രൂപ അപേക്ഷകനുണ്ടാക്കണം. ൩൫൦ രൂപ ഗവണ്മെൻറ കൊടുക്കും. സർ, ഇതിൻെറ അർത്ഥമെന്താണ്. ഇതിൻെറ ഫലമായി യാതൊരാൾക്കും വീട് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

കാളേജിൽ പോകുന്ന കുട്ടികൾക്ക് സ്റ്റൈപ്പൻറ് സമയത്തു കിട്ടാതെ വിഷമിക്കുന്നു. സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ സമയാസമയങ്ങളിൽ ലഭിക്കാതെ പഠിപ്പു നിറുത്തിപ്പോരുന്നതായും കാണുന്നുണ്ട്. ഇൻഡ്യൻഭരണഘടനയനുസരിച്ച് അവശസമുദായക്കാർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ നിശ്ചയിച്ചിട്ടുള്ളത് ൧൦ കൊല്ലത്തേയ്ക്കാണ്. ഇപ്പോൾതന്നെ അതിൽ രണ്ടുകൊല്ലം കഴിഞ്ഞിട്ടുണ്ട്. ഇനി ൮ കൊല്ലം മാത്രമേ ശേഷിക്കുന്നുള്ളു. മററുള്ള സമുദായക്കാരോടൊപ്പം തന്നെ ഈ സമുദായവും വളർന്നുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ആനുകൂല്യങ്ങൾ വച്ചിട്ടുള്ളതെങ്കിൽ ഗവണ്മെൻറിൻെറ ഈ കടലാസ്സു് പദ്ധതികൾകൊണ്ടു എന്തുന്നമനമാണ് ഈ സമുദായത്തിനു് ഉണ്ടാകാൻ പോകുന്നതെന്നു ഞാൻ ചോദിക്കുന്നു. ഈ രാജ്യം പുരോഗമിച്ചു എന്നും ഈ രാജ്യത്തിനു് എല്ലാ സ്വാതന്ത്ര്യങ്ങളും കിട്ടിയെന്നും പറയുന്നതിൻെറ അർത്ഥമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഞങ്ങൾ വെറുതേ കെഞ്ചുകയല്ല ചെയ്യുന്നതു്. ഇതെല്ലാം ഞങ്ങളുടെ തലയിലെഴുത്താണോ എന്നു ഞാൻ എൻെറ ലീഗൽ അഡൈ്വസറായ ഒരാളോടു ചോദിച്ചപ്പോൾ അദ്ദേഹം അതു ശരിയാണെന്നാണു പറഞ്ഞതു്. ബ്രഹ്മാവു സൃഷ്ടിച്ചശേഷം തലയിൽ ഒന്നും എഴുതാതെയാണു വിട്ടതു്. ഞങ്ങളുടെ തലയിൽ ബ്രഹ്മാവു് എഴുതേണ്ട. ഞങ്ങളുടെ ഭാവി ഭാഗധേയങ്ങൾ നിശ്ചയിക്കുന്നതിനു് ഞങ്ങളെല്ലാം തയാറാണെന്നു അറിയിച്ചുകൊള്ളുന്നു. ഈ രാമരാജ്യത്തിൻേറതായ ഗവണ്മെൻറ് ഓരോകൊല്ലം കഴിയുംതോറും അവശസമുദായക്കാരെ അടിമത്വത്തിലേയ്ക്കു് വീണ്ടും വലിച്ചിഴക്കാനുള്ള ഒരു പ്ലാനാണിട്ടിരിക്കുന്നതെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. അതിനു പല ഉദാഹരണങ്ങളും ഉണ്ടു്. ഒന്നാമതായി ഈ ബഡ്ജററു പരിശോധിച്ചാൽതന്നെ അതു് തെളിഞ്ഞുകാണാൻ കഴിയും. കഴിഞ്ഞകൊല്ലം അനുവദിച്ചതിനെക്കാൾ കുറവായിട്ടേ ഇപ്പോൾ തുക കൊള്ളിച്ചിട്ടുള്ളു. കഴിഞ്ഞകൊല്ലം അനുവദിച്ച തുകതന്നെ മുഴുവൻ ചെലവുചെയ്തുമില്ല. ഇക്കൊല്ലവും ഈ രീതിയിലാണെങ്കിൽ കുറെ തുക ചെലവാക്കാതിരിക്കാൻ സാധിക്കും.

സർ, ഒരു സംഗതികൂടി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. കാളേജ് തുറന്നുകഴിഞ്ഞു. ഹോസ്റ്റൽ നിറുത്തൽചെയ്തിരിക്കയാണ്. ഒരു കെട്ടിടംമാത്രമേ കൊടുത്തിട്ടുള്ളു. അതിനുതന്നെയും വാടക അവരിൽനിന്നു വസൂലാക്കുകയും ചെയ്യും. നാൽപ്പത്തിയഞ്ചോ, അൻപതോ രൂപ സ്റ്റൈപ്പൻറ് അനുവദിച്ചിട്ടുണ്ടെന്നു പറയുന്നു. അതുകൊണ്ടു് സാധാരണ ഹോസ്റ്റലിൽ പോയാൽ അവർക്കു താമസിക്കാൻ സാദ്ധ്യമല്ല. ഈ നാൽപ്പത്തിയഞ്ചും, അൻപതും

[ശ്രീ. സി. സി. അയ്യപ്പൻ]

രൂപ സ്റ്റൈപ്പൻറുതന്നെ കിട്ടാൻ എത്രമാസം വേണ്ടിവരുമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചുകൊള്ളുന്നു. ഇവർ എത്രനാളാണു് തെരുവുതെണ്ടികളായി കഴിഞ്ഞുകൂടേണ്ടതെന്നു് അറിയുന്നില്ല.

ഇന്നു കാളേജുവിദ്യാഭ്യാസം നടത്തുന്ന അവശസമുദായവിദ്യാർത്ഥികൾക്കു് ഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടുള്ളതിൽ ഒരു തുക അഡ്വാൻസായി കൊടുക്കണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്. വേറെ ഒന്നു പറയുവാനുള്ളതു് പുസ്തകങ്ങളുടെ കാര്യത്തെപ്പററിയാണു്. ഇന്നു് ഇതുസംബന്ധിച്ചു് ചുമതലപ്പെട്ടവർ വളരെ കുററകരമായ അനാസ്ഥയാണു കൈക്കൊള്ളുന്നതു്. ഇതിനു മുമ്പിലത്തെ ഒരുകൊല്ലം പുസ്തകം വാങ്ങിയ്ക്കാനുള്ള പണം പണമായിത്തന്നെ കൊടുത്തിരുന്ന ഒരു ഏർപ്പാടുണ്ടായിരുന്നു. എങ്ങിനെയോ ആ പതിവു് ഇക്കൊല്ലം നിറുത്തലാക്കിയതായികേട്ടു. കുട്ടികൾക്കു് അവരുടെ മാതാപിതാക്കന്മാർ പുസ്തകങ്ങൾ പതിവനുസരിച്ചു് എവിടെനിന്നെങ്കിലും, അവരുടെ കഞ്ഞിക്കിണ്ണം പണയംവച്ചെങ്കിലും പണമുണ്ടാക്കി പുസ്തകം വാങ്ങിക്കൊടുത്തു കഴിഞ്ഞു. എന്നാൽ കഴിഞ്ഞകൊല്ലം പണമായി കൊടുത്തിരുന്നതിനെതിരായി ഇക്കൊല്ലം പുസ്തകങ്ങളായിട്ടാണു് വാങ്ങിക്കൊടുക്കുന്നതെന്നു കേട്ടു. അങ്ങിനെയാണെങ്കിൽ വിവരം സ്കൂളുകൾവഴി വിദ്യാർത്ഥികളെ അറിയിച്ചിട്ടില്ല. അങ്ങിനെ ഒരു മാററം വരുത്തുന്നതുകൊണ്ടു് ഗവൺമെൻറിനു എന്തു ഗുണമാണുണ്ടാകാൻ പോകുന്നതു് എന്നു ഞാൻ ചോദിക്കുന്നു. ആ മുൻപതിവു തുടന്നുകൊണ്ടുപോകുന്നതിനു് ഗവൺമെൻറിനു എന്തു തടസ്സമാണുള്ളതു്. അതുകൊണ്ടു് പുസ്തകം ഇതിനകം വിദ്യാർത്ഥികൾ വാങ്ങിച്ചിരിക്കുമെന്നുള്ളതുകൊണ്ടു് അതിനുള്ള തുക പണമായി കൊടുക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Shri A. K. Chelliah: On a point of information, Sir. *“பாக்வேர்ட் கம்யூனிட்டி” மெம்பர்கள் பொதுவிஷயங்களைப் பற்றி பேசக்கூடாது என்று இந்த அசெம்பிளியில் எதாவது சட்டம் இருக்கின்றதா ?*

Mr. Speaker: There is no such prohibition. He can talk anything on any subject that might interest anybody, I now call upon the Minister for Finance to reply.

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:) സർ, കഴിഞ്ഞ മൂന്നുദിവസമായിട്ടു് എൻെറ ബഹുമാന്യസ്നേഹിതന്മാർ, ഈ സഭയുടെ നാനാഭാഗത്തുനിന്നുമുള്ള സ്നേഹിതന്മാർ, ഈ ബഡ്ജററിൻെറയും ഗവൺമെൻറിൻെറ നയപരിപാടികളുടേയും വിഷയത്തിൽ ചെയ്ത നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും ഞാൻ ആദ്യമായി നന്ദിപറഞ്ഞുകൊള്ളുന്നു. ഈ നിർദ്ദേശങ്ങളും വിമർശനങ്ങളും എനിക്കും ഗവൺമെൻറിനും വളരെ പ്രയോജനപ്പെട്ടിട്ടുണ്ടെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. അതെല്ലാം നമ്മുടെ നാട്ടിലെ ജനങ്ങളുടെ ശ്രേയസ്സിനെ ഉദ്ദേശിച്ചുമാത്രം പറഞ്ഞിട്ടുള്ളതാണു്; എന്നിരുന്നാൽ തന്നെയും ചില സംഗതികളിൽ ഞാൻ വിയോജിച്ചുകൊണ്ടു സമ്മതി

ക്കാനും തയാറണ്ട്. മുപ്പതിൽപ്പരം അംഗങ്ങളാണ് ഈ ബഡ്ജററിനെക്കറിച്ചു സംസാരിച്ചത്. അവർ എല്ലാ സംഗതികളേയും സ്പർശിക്കകയുണ്ടായി. അതേപ്പററിയെല്ലാം പറയുവാൻ എനിക്ക സമയവുമില്ല. അതിന സാദ്ധ്യതയുമില്ല. എന്നാൽ ഇനിയും ഈ സമ്മേളനത്തിൽതന്നെ പല സന്ദർഭമുണ്ടാകമെന്നുള്ളതുകൊണ്ട് എല്ലാ കാര്യങ്ങളേയുംപററി ഈ അവസരത്തിൽ പറയാതെ കഴിക്കാമെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് ബഡ്ജററിനെപ്പററിയും ധനകാര്യങ്ങളെപ്പററിയും ഉണ്ടായ വിമർശനങ്ങൾക്ക മാത്രമേ പ്രധാനമായി ഞാൻ മറുപടി പറയാൻ ആഗ്രഹിക്കുന്നുള്ളു. അതിന ഞാൻ തുടങ്ങുന്നതിനമുമ്പ് എനിക്ക മൂന്നു കാര്യങ്ങൾ ഉപക്രമമായി പറയാനുണ്ട്.

ആലപ്പുഴ മെംബർ ശ്രീ. തോമസ്സ് അവർകളും തൃശ്ശൂർ മെംബർ ശ്രീ. അച്ചുതമേനവനവർകളും വേറെ ഒന്നോ രണ്ടോ സ്നേഹിതന്മാരും ഒരു കാര്യത്തെപ്പററി എന്നെയും ഗവണ്മെൻറിനെയും ആക്ഷേപിക്കുകയുണ്ടായി. ഫൈനാൻസ്കമ്മിഷൻ ഇവിടെവന്ന സന്ദർഭത്തിൽ അവരുമായി ചർച്ചകൾ നടത്താൻ അനുവദിച്ചില്ല എന്നാണ് അവരുടെ ആക്ഷേപം. ആ വിധത്തിലുള്ള ഒരു പരിഗണനയും എനിക്കോ ഗവണ്മെൻറിനോ ഉണ്ടായിട്ടില്ല. ഫൈനാൻസുകമ്മിഷന് ഗവണ്മെൻറ കൊടുക്കേണ്ടതായ ഒരു മെമ്മോറാണ്ടം തയ്യാറാക്കിക്കൊടുത്തതു് ഫെബ്റവരിമാസം ഫ-ാംതീയാണ്. അതു ഞാനോ എൻെറ സഹപ്രവർത്തകന്മാരോ അധികാരത്തിൽ വരുന്നതിനമുമ്പാണ്. പിന്നീട് ഫൈനാൻസുകമ്മിഷൻ ജൂൺമാസത്തിൽ ഇവിടെവന്ന സന്ദർഭത്തിൽ ഇവിടത്തെ ഗവണ്മെൻറ പ്രതിനിധികളുമായി സംഭാഷണം നടത്തേണ്ട കാര്യം ഉണ്ടായിരുന്നു. അന്നു മന്ത്രിമാരുമായും, ഗവണ്മെൻറ് സെക്രട്ടറിമാരുമായും, ഡിപ്പാർട്ടുമെൻറ് ഹെഡ്കളുമായും, മററുദ്യോഗസ്ഥന്മാരുമായും അവർ സംഭാഷണം നടത്തുകയുണ്ടായി. ധനകാര്യങ്ങളെപ്പററി ധനകാര്യമന്ത്രിയുമായി സംഭാഷണം നടത്തുകയുണ്ടായി. അക്കൂട്ടത്തിൽ മന്ത്രിമാരുമായി സംഭാഷണം നടത്തിയ അവസരത്തിൽ തിരുവിതാംകൂർ ഗവണ്മെൻറിൻേറയും കൊച്ചി ഗവണ്മെൻറിൻേറയും പഴയ കാര്യങ്ങളെപ്പററിയും അവർ ചോദിച്ചു. ഈവക എല്ലാ കാര്യങ്ങളെപ്പററിയും നല്ല വിവരമുള്ള ആളല്ല ഞാൻ. എന്നാൽ ധനകാര്യമന്ത്രി എന്ന നിലയ്ക്കു് ആവക കാര്യങ്ങളെപ്പററി മറുപടി പറയുന്നതിന് ചുമതലപ്പെട്ട ആളുമാണ് ഞാൻ. എന്നാൽ ഈവക കാര്യങ്ങളെപ്പററി, പൂർവ്വകാലങ്ങളിലെ സംഗതികളെക്കുറിച്ച് അറിവുള്ളവരായ ചില സ്നേഹിതന്മാരുമായി സംഭാഷണം നടത്തുകയുണ്ടായിട്ടുണ്ട്. ഫൈനാൻസുകമ്മിഷൻെറ ചുമതലകളെപ്പററിയും ഫൈനാൻസുകമ്മിഷൻ പ്രതീക്ഷിക്കുന്ന കാര്യങ്ങളെപ്പററിയും വേണ്ടിടത്തോളം അറിയാൻ കഴിവില്ലാത്തതുകൊണ്ടായിരിക്കണം ഈ ആക്ഷേപം ഉണ്ടായതെന്നു ഞാൻ വിചാരിക്കുന്നു. ഫൈനാൻസുകമ്മിഷൻെറ അടുത്തു് നിവേദനം നടത്താൻ ആർക്കും അവകാശമുണ്ട്. അങ്ങിനെ നിവേദനങ്ങൾ കൊടുത്തതായിട്ടും എനിക്കറിയാം. ഈ സഭയിൽ തങ്ങളുടെ നിലപാടു വച്ചുകൊണ്ടു പ്രത്യേകമായി എന്തെങ്കിലും നിവേദനങ്ങൾ കൊടുക്കണമെന്നുണ്ടായിരുന്നെങ്കിൽ തന്നെയും അതിനും യാതൊരു തടസ്സവും ഇല്ലായിരുന്നു. അതിന യാതൊരു പ്രേരണയും ഗവണ്മെൻറ നൽകിയിട്ടുമില്ല. ഗവണ്മെൻറ കൊടുക്കുന്ന മെമ്മോറാണ്ടത്തെപ്പററിയാണെങ്കിൽ അതെത്രയോമുമ്പു തയാറാക്കി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

യതാണ്. ഫൈനാൻസുകമ്മീഷൻ അടുത്തകാലത്തു ഇവിടെ വന്നപ്പോൾ അവക്ക് പ്രത്യേകമായി ഒരു (ടെക്ക പായിൻറ്) മെമ്മോറാണ്ടം തയാറാക്കിയിട്ടുണ്ട്. അതു ആരോടും ചോദിച്ചു തയാറാക്കിയിട്ടുള്ളതല്ല. ഫൈനാൻസു കമ്മീഷൻെറ ഈ സന്ദർശനങ്ങളെപ്പററി ചില സ്നേഹിതന്മാർ ധ്വനിപ്പിച്ച അഭിപ്രായത്തിനു എനിക്കു പറയാനുള്ള മറുപടി, ഇതു ഫെഡറൽ ഫൈനാൻസു കമ്മീഷൻ അല്ല, ഈ കമ്മീഷൻ ഇൻഡ്യയിലെ സ്റ്റേററുകളിൽനിന്നും ലഭിക്കുന്നതായ ആദായനികുതി, സ്റ്റേററുകൾ തമ്മിൽ എങ്ങിനെയാണ് പങ്കുവെയ്ക്കേണ്ടതു്, എന്നും മററുമുള്ള കാര്യങ്ങളെപ്പററി ഇൻഡ്യൻ പ്രസിഡൻറിനെ ഉപദേശിക്കാനായി ഇൻഡ്യൻ കോൺസ്റ്റിററ്യൂഷനിലെ ൨൭൦-ാം വകുപ്പനുസരിച്ചുണ്ടാക്കിയിട്ടുള്ളതാണെന്നാണ്. പ്രസ്തുത കമ്മിററിക്ക് നമ്മുടെ ഗവണ്മെൻറിനോടു പ്രത്യേക താൽപ്പര്യങ്ങളൊന്നുമില്ല. ഈ ഫൈനാൻസു കമ്മീഷനു് മററു രണ്ടു സംഗതികൾക്കുകൂടി ഇൻഡ്യാഗവണ്മെൻറിനു ഉപദേശം കൊടുക്കേണ്ടതുണ്ട്. അതായതു്, ഗ്രാൻറുകൾ കൊടുക്കേണ്ടതു് ഏതെല്ലാം തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം. പാർട്ടു (ബി) സ്റ്റേററുകളും ഇൻഡ്യാഗവണ്മെൻറും തമ്മിലുള്ള കരാറുകൾ സംബന്ധിച്ചു വല്ല ഭേദഗതികളും ചെയ്യേണ്ടതുണ്ടോ എന്നെല്ലാമാണ്, എന്നാൽ ൨൯൩-ാം വകുപ്പിൽ പറയുന്നതു് ഇങ്ങനെയുള്ള എഗ്രിമെൻറുകൾ അഞ്ചു കൊല്ലക്കാലത്തേയ്ക്കു ഫൈനാൻസുകമ്മീഷനു തൊടുവാൻ പാടില്ലെന്നാണ്. ഇങ്ങനെയിരിക്കുന്ന സ്ഥിതിക്ക് ഈ ഫൈനാൻസുകമ്മീഷൻ മുമ്പാകെ നിവേദനം നടത്തുന്ന കാര്യത്തിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളെ വേർതിരിച്ചു നിറുത്തുകയോ ഭേദബുദ്ധി കാണിക്കുകയോ ചെയ്തിട്ടുണ്ടെന്നു ധാരണയുണ്ടായിട്ടുണ്ടെങ്കിൽ അതു മാററുവാൻ ഞാനപേക്ഷിക്കുന്നു.

രണ്ടാമതെനിക്കു് പറയുവാനുള്ളതു്, വടക്കാഞ്ചേരി മെംബർ ശ്രീ. ബാലകൃഷ്ണമേനോനവർകളോടാണ്. അദ്ദേഹത്തിൻെറ പേരിൽ എനിക്ക് അതിയായ സ്നേഹവും ബഹുമാനവുമാണുള്ളതു്. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറയുകയുണ്ടായി ഈ ഗവണ്മെൻറ ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യുന്ന അവസരത്തിൽ ആ സമയത്തെല്ലാം അദ്ദേഹത്തിൻെറയും, അദ്ദേഹത്തിൻെറ പാർട്ടിയുടേയും ആനുകൂല്യങ്ങളും സഹായങ്ങളും ഈ ഗവണ്മെൻറിനുണ്ടാകുമെന്നു്. ഇങ്ങനെയുള്ള പാർട്ടികളുടെ സഹായങ്ങൾ ആവശ്യമാണെന്നു കാണുന്ന അവസരങ്ങളിൽ തീർച്ചയായും അദ്ദേഹത്തിൻെറയും പാർട്ടിയുടെയും സഹായങ്ങൾ ഞങ്ങൾ ആവശ്യപ്പെടുന്നതാണ്. ഈ വിധത്തിലുള്ള അഭിപ്രായപ്രകടനങ്ങൾക്ക് ഞങ്ങൾ അദ്ദേഹത്തോടും അദ്ദേഹത്തിൻെറ കൂട്ടരോടും അതീവ നന്ദിയുള്ളവരാണ്.

മൂന്നാമതെനിക്കു് പറയുവാനുള്ളതു് സോഷ്യലിസ്ററ പാർട്ടിയുടെ നേതാവായ ശ്രീ. താണുപിള്ള അവർകൾ ആരോഗ്യകരമായി പുറപ്പെടുവിച്ച ചില കാര്യങ്ങളെക്കുറിച്ചാണ്. അദ്ദേഹം ൩൭൧-ാം വകുപ്പിൽനിന്നും തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഒഴിവാക്കി നിറുത്തേണ്ട ആവശ്യത്തെപ്പററി പറഞ്ഞു. ൩൭൧-ാം വകുപ്പിനെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ള മറെറാരഭിപ്രായം ശരിയാണ്. ഇൻഡ്യൻ കോൺസ്റ്റിററ്യുവെൻറ് അസംബ്ലിയിൽ അദ്ദേഹവും ഞാനും അംഗങ്ങളായിരുന്ന അവസ

രത്തിൽ, ഈ ൩൭൧-ാം വകുപ്പു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ബാധകമാകാതിരിക്കത്തക്കവിധം, ആ അസംബ്ലിയിൽ ഒരു സ്വതന്ത്ര അംഗമെന്ന നിലയിൽ അദ്ദേഹവും, അന്നു് ഈ രാജ്യത്തെ ഒരു മന്ത്രിയെന്ന നിലയിൽ ഞാനും, ശക്തിയായി നാട്ടുരാജ്യവകുപ്പുമന്ത്രിയായിരുന്ന സർദാർ പട്ടേലവർകളോടു നിവേദനം നടത്തി. അതിന്റെ ഫലമായിട്ടാണു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തേയും മൈസൂർ സംസ്ഥാനത്തേയും ഈ ൩൭൧-ാം വകുപ്പിൽപ്പെടുത്താൻ ഉദ്ദേശിച്ചു് ഇതു നടാക്കിയതല്ലെന്നു പരസ്യമായി പ്രസ്താവിച്ചതു്. അതിനുശേഷം ഒരു കൗൺസിലർ നിയമനം നമ്മുടെ രാജ്യത്തുണ്ടാകാൻ പോകുന്നു എന്നു പറയുകയുണ്ടായി. അന്നും ആ നിയമനത്തിനെതിരായി നേതൃത്വം നൽകിയതു് ഈ തിരുവനന്തപുരം മെംബറായ ശ്രീ. പട്ടം താണുപിള്ള അവർകളുണ്ടു്. ഈ വക വിഷയങ്ങളിലൊക്കെ ഇതേ നിലയാണു്, ഈ ഗവൺമെന്റു എടുത്തിട്ടുള്ളതു്. ഇതേവിധത്തിലുള്ള നില ഗവൺമെന്റു എടുത്തിട്ടുള്ളതിന്റെ ഫലമായിട്ടാണെന്നു് ഞാൻ വിശ്വസിക്കുന്നു, നാലു ദിവസത്തിനു മുമ്പു പാർലമെന്റിൽ മന്ത്രിയായിരിക്കുന്ന കൈലാസനാഥകട്ജു, 'ഏതെങ്കിലും പാർട്ട (ബി) സ്റ്റേററിനു കൗൺസിലറെ ആവശ്യമില്ലെന്നു അവർ പറയുകയാണെങ്കിൽ, ഞങ്ങൾ നിയമിക്കുവാൻ പോകുന്നില്ല' എന്നു പറഞ്ഞതു്. ആ പ്രസ്താവന എങ്ങിനെയോ അറിഞ്ഞതുകൊണ്ടായിരിക്കാം ആലപ്പുഴ മെംബർ ശ്രീ. തോമസ്സു് വല്ലായു്മയോടുകൂടി അദ്ദേഹത്തിന്റെ കൗൺസിലർ നിയമനത്തെ സംബന്ധിച്ചുള്ള പ്രസംഗം തുടങ്ങിയതു്. ഇങ്ങനെയുള്ള ആക്ഷേപങ്ങൾ വിലപ്പോകുന്നതായി ഞാൻ കാണുന്നില്ല.

പിന്നീടെനിക്കു് പറയാനുള്ളതു്, ഈ ൩൭൧-ാം വകുപ്പിനെ സംബന്ധിച്ചുള്ള അഭിപ്രായം പുറപ്പെടുവിക്കുന്നതിനു ഈ നാട്ടിലെ ജനങ്ങൾക്കും ഈ സഭയിലെ അംഗങ്ങൾക്കും അധികാരമുണ്ടെന്നാണു്. ഇതിനെ സൂചിപ്പിച്ചതന്നെയായിരിക്കണം മിനിസ്റ്റർ ശ്രീ. കൈലാസനാഥകട്ജു പ്രസ്താവിച്ചതു്. 'ഈ സ്റ്റേററമിനിസു്ട്രിതന്നെ ആചിരേണ ഇല്ലാതാകാൻ പോകുകയാണു്', എന്നു്. അതിനാൽ തിരുവനന്തപുരം മെംബർ ശ്രീ. പട്ടം താണുപിള്ള ഇവിടെ പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. ആ കാര്യത്തിൽ ഗവൺമെന്റു ഈ നാട്ടിലെ ജനങ്ങളുടെ അഭിമതത്തിനും അഭിലാഷത്തിനും വിരുദ്ധമായി ഒന്നും ചെയ്തിട്ടില്ലെന്നും ഒന്നും ചെയ്യുകയില്ലെന്നും ഉറപ്പു പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

സർ, ഞാൻ ഇനി വിമർശനങ്ങൾക്കു് മറുപടി പറയുവാൻ പോകുകയാണു്. ഇവിടെ ഇതിനു മുമ്പു് ൩൦ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗിച്ചു കഴിഞ്ഞു. ൩൧-ാമനായി ഞാൻ പ്രസംഗിക്കുവാൻ ശ്രമിക്കുകയാണു്. ഓരോ അംഗവും ചെയ്ത പ്രസംഗത്തിനു് ഒരു മറുപടി പത്രിക എഴുതിയുണ്ടാക്കി എന്റെ പ്രസംഗം അവസാനിപ്പിക്കുവാനല്ല ഞാൻ ഉദ്ദേശിക്കുന്നതു്. ഈ മുപ്പതു് ബഹുമാനപ്പെട്ട മെംബറന്മാരും നിന്നിരുന്ന സ്ഥാനത്തുനിന്നു് അതായതു് അവർ പ്രസംഗിച്ചു നിറുത്തിയ സ്ഥാനത്തുനിന്നും അൽപ്പം മുൻപോട്ടുപോയി എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഈ മുപ്പതു് ആളുകളും പറഞ്ഞതു് "പരമാബദ്ധം, ഇതൊക്കെ തെററാണു്" എന്നു് സ്ഥാപിക്കുവാനല്ല എന്റെ ശ്രമം.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

അതുകൊണ്ടു് ഈ ൩൦ അംഗങ്ങളുടെയും പുറകെ ൩൧-ാമനായി ഞാൻ അവസാനിപ്പിക്കുവാൻ പോകുകയാണു്. ഈ ൩൦ ആളുകളേയും ഇടയ്ക്കു് തിരിഞ്ഞുനോക്കി ഇവർക്കു് വേണ്ടുവോളം വിവരങ്ങൾ കിട്ടാഞ്ഞിട്ടോ, അല്ലെങ്കിൽ ശരിയായ വിധത്തിലുള്ള വിമർശനങ്ങൾക്കു് വഴിയില്ലാത്തതുകൊണ്ടോ ഏതു രീതിയിലാണു് അവർ പ്രസംഗിച്ചതു് എന്നു മനസ്സിലാക്കി വേണ്ടത്ര വിവരങ്ങൾ നൽകുവാനാണു് എന്റെ ഉദ്ദേശം. അങ്ങനെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടു് ഈ ബെഞ്ചിലിരിക്കുന്ന ആളുകളും കാൺഗ്രസ്സ് പക്ഷത്തുള്ള ആളുകളും എതിർപക്ഷക്കാരും എല്ലാവരും കൂടിയിരുന്നു ആലോചിച്ചു നോക്കുകയാണെങ്കിൽ ഞാൻ പറയുന്നതു് സത്യമാണെന്നു് എല്ലാവരും സമ്മതിക്കും.

ഈ വാദപ്രതിവാദങ്ങളിൽ പ്രധാനമായി ഉന്നയിച്ച ഒരു കാര്യം ഫെഡറൽ ഫിനാൻഷ്യൽ എഗ്രിമെന്റാണു്. അതുകൊണ്ടു് അതിനെ സ്പർശിക്കാതെ മുൻപോട്ടു പോകുകയാണെങ്കിൽ ഈ ഗവണ്മെന്റിനെക്കുറിച്ചും ഈ നാട്ടിലെ ജനങ്ങളെക്കുറിച്ചും ഈ സഭയെക്കുറിച്ചും തെറ്റിദ്ധാരണയുണ്ടാകാൻ ഇടയുണ്ടു്. ഫിനാൻഷ്യൽ ഇന്റഗ്രേഷന്റെ കാര്യത്തിൽ ഈ ഗവണ്മെന്റ പലവിധത്തിലുള്ള അവകാശങ്ങളും അവഗണിച്ചു, ഈ ഗവണ്മെന്റിനു വലിയ തെറ്റുപറ്റി എന്നൊക്കെ ചിലർ വളരെ സാങ്കേതികമായ ഭാഷയിലും ചിലർ കുറ്റം പറയാൻ വേണ്ടി മാത്രവും പറഞ്ഞു. കുറ്റം പറഞ്ഞതിനു് ഞാൻ മറുപടി പറയാൻ പോകുന്നില്ല. ഈ കാര്യങ്ങൾ പറയുമ്പോൾ, ഫെഡറൽ ഫിനാൻഷ്യൽ ഇന്റഗ്രേഷനെപ്പറ്റി ഈ സഭയിൽ ചർച്ചകൾ നടന്ന അവസരത്തിൽ അതിൽ പങ്കുകൊള്ളാൻ സാധിക്കാതിരുന്ന ചിലരുടെ അറിവിനായിട്ടു ചിലതു പറയേണ്ടതുണ്ടു്. ൧൯൪൯ അക്ടോബറിൽ ഈ സഭ ഇതിനെക്കുറിച്ചു് വാദപ്രതിവാദം നടത്തുകയുണ്ടായിട്ടുണ്ടു്. അന്നു് ഏകദേശം പൂർണ്ണരൂപത്തിൽ എത്തിക്കഴിഞ്ഞിരുന്ന ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷൻ ഈ സഭ സ്വീകരിക്കണമോ വേണ്ടയോ എന്നുള്ളതായിരുന്നു അന്നത്തെ പ്രധാന വാദമുഖങ്ങൾ. അന്നു ഈ സഭയുടെ ആലോചനയ്ക്കു വച്ചിരുന്ന പ്രമേയം ഞാൻ ഇവിടെ വായിക്കാം:

> "This Legislative Assembly of the United State of Travancore and Cochin, by virtue of its constituent powers hereby resolves;
>
> (1) that Travancore-Cochin State shall be one of the States in the Union of States, India, that is Bharat;
>
> (2) that a separate constitution for the Travancore-Cochin State is inconsistent with the aspirations of the people of the State and the status of the State as a Unit of the Indian Union;
>
> (3) that the provisions of the constitution for the governance of the State shall as far as possible be the same as those for the Units now known as Provinces; and
>
> (4) that the constitution of India framed by the Constituent Assembly of India shall be the constitution which will apply to this State, with the modifications suggested by this Assembly."

വളരെക്കാലമായി തിരുവിതാംകൂറിലെയും കൊച്ചിയിലേയും ജനങ്ങൾ ആശിച്ചുകൊണ്ടിരുന്നതും അവരുടെ ആശയങ്ങൾക്കും, അഭിലാഷങ്ങൾക്കും അനുയോജ്യമായതും ആയ മാററങ്ങളാണ് ഇവയെന്നും തിരുവിതാംകൂറിനും കൊച്ചിക്കും പ്രാവിൻസുകളുടെ സ്ഥാനമാണ് ഉണ്ടാകേണ്ടതെന്നും ഈ സഭ, ഇതനുസരിച്ച് അന്നു തീരുമാനിച്ചു. അത്, തെററായിരിക്കാം, ശരിയായിരിക്കാം. ഭരണിക്കാവുമെമ്പർ ശ്രീ. എം. എൻ. ഗോവിന്ദൻനായർ അദ്ദേഹത്തിൻെറ ഒരു പ്രസംഗത്തിൽ തിരുവിതാംകൂറും കൊച്ചിയും ഇൻഡ്യൻ യൂണിയൻെറ ഒരു സ്വതന്ത്രഘടകമായിരിക്കണമെന്ന് പറഞ്ഞിട്ടുള്ളതായി ഞാൻ ഓക്കുന്നു. ശ്രീ. പട്ടം താണുപിള്ളയും, ശ്രീ. നടരാജപിള്ളയും അതേ അഭിപ്രായം തന്നെയാണ് പറഞ്ഞത്. ഭരണിക്കാവു മെമ്പർ ശ്രീ. എം. എൻ. ഗോവിന്ദൻനായർ അന്നു ഈ സഭയിലെ അംഗമായിരുന്നെങ്കിൽ ഈ പ്രമേയത്തിനു അനുകൂലമായി വോട്ടു ചെയ്യുമായിരുന്നു. ഈ പ്രമേയം പാസ്സായാൽ ഇൻഡ്യൻ ഭരണഘടന രാജ്യത്തിനു ബാധകമാകും. ഈ പ്രമേയം സംബന്ധിച്ചു ശ്രീമാൻ നടരാജപിള്ള അന്ന് ഈ സഭയിൽ ഉജ്വലമായി വളരെ അഭിമാനപൂർവ്വം ചെയ്ത പ്രസംഗം ഞാൻ ഓക്കുന്നുണ്ട്. അന്ന് അദ്ദേഹം വാദിച്ചത് നമുക്ക് ഒരു സംസ്ഥാനത്തിൻെറ നില അതായത് ഒരു പ്രാവിൻസിൻെറ നില വേണമെന്നായിരുന്നു. അങ്ങനെയാണെങ്കിൽ നമുക്ക് ബാക്കി കൂടുതലായിട്ടുള്ളത് ഈ ൩൭൧-ാം വകുപ്പു മാത്രമാണ്. പാർട്ട് ഏ. സ്റ്റേററിൻെറ നില പൂർണ്ണമായി ലഭിക്കുന്നതിന് തടസ്സമായിരിക്കുന്നത് ൩൭൧-ാം വകുപ്പാണ്. Federal Paramountcy എന്നു പറയുന്ന അധികാരം പാർട്ടു ഏ-യ്ക്കും പാർട്ടു ബി-യ്ക്കും ബാധകമാണ്. അത് ൩൭൧-ൽ ഒന്ന് ആവർത്തിച്ചിരിക്കുന്നുവെന്നേയുള്ളു. ഞാൻ അതിനെക്കുറിച്ചു അധികം പ്രസംഗിക്കണം എന്നു വിചാരിക്കുന്നില്ല. ൩൭൧-ാം വകുപ്പു ഒഴിച്ചാൽ നമുക്കു പാർട്ടു 'ഏ' സ്റ്റേററിൻെറ നിലയാണുള്ളത്. ഭരണഘടന നാം അംഗീകരിച്ചു എങ്കിൽ ഉണ്ടാകുന്നതെന്താണ്? ൧൯൫൦ ജനവരി ൨൬-ാംനു മുതൽ നമ്മുടെ രാജ്യത്തുണ്ടാകുന്ന ആദായനികുതികൾ നമുക്കു നഷ്ടപ്പെടും. കയററുമതിച്ചുങ്കം നമുക്കു കിട്ടുകയില്ല. എന്നാൽ ഏ സ്റ്റേററിൻെറ നിലയിൽ പോകുമ്പോൾ സംഭവിക്കുന്നത് എന്താണെന്നു നോക്കുക. ഇൻഡ്യൻ യൂണിയനിൽ നിന്നുള്ള കയററുമതിച്ചുങ്കത്തിൽ ചെലവു കഴിച്ചിട്ടുള്ള ആദായത്തിൻെറ പകുതി സെൻറർ എടുക്കുകയും ബാക്കിയുള്ളതിൻെറ ഒരു ഓഹരി പ്രാവിൻസുകൾക്കു വീതിക്കുകയുമാണ് ചെയ്യുന്നത്. അതായിരിക്കും ജനവരി ൨൬-ാംനു മുതൽ വന്നുചേരാമായിരുന്ന അവസ്ഥ. ഇതുപോലെതന്നെയാണ് ലാൻഡു കസ്റ്റംസ്, കൊച്ചിൻ ഹാർബർ, ആലപ്പുഴ ഹാർബർ മുതലായ സ്ഥലങ്ങളിലെ ഡ്യൂട്ടി ഇവ നമുക്കു കിട്ടുകയില്ല. അങ്ങനെയുള്ള അവസ്ഥ ഉണ്ടാകുകയാണെങ്കിൽ നമ്മുടെ ബഡ്ജററു വളരെ ശോഷിച്ചുപോകും. ചെലവു നടത്താൻ സാധിക്കുകയില്ല. അങ്ങനെ ഉണ്ടാകാതിരിക്കാൻ വേണ്ടി ഇവിടത്തെ ഗവണ്മെൻറും ഇൻഡ്യാഗവണ്മെൻറും കൂടി ആലോചിച്ചു ചില മാററങ്ങൾ നടപ്പിൽ വരുത്തി. ഈ മാററങ്ങൾ നടപ്പിൽ വരുത്തക്കവിധത്തിലുള്ള എഗ്രിമെൻറാണ് ഫെഡറൽ ഫിനാൻഷ്യൽ എഗ്രിമെൻറ്. ഈ എഗ്രിമെൻറു ഗൂഢമായി ചെയ്തതല്ല. അത് മേശപ്പുറത്ത് വച്ചിട്ടുണ്ട്. അന്ന് വാദപ്രതിവാദം ചെയ്ത അവസരത്തിൽ ഈ കാര്യത്തെക്കുറിച്ചു നല്ലവണ്ണം വാദിച്ചിട്ടുണ്ട്. ഇതെല്ലാം മനസ്സിലു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ക്കിയതിനു ശേഷവും എൻെറ സ്നേഹിതന്മാർ, ഇവിടത്തെ മന്ത്രിമാർ രാജ്യത്തിൻെറ അവകാശങ്ങളെ നശിപ്പിച്ചുകളഞ്ഞു എന്നും മററും പറയുകയാണെങ്കിൽ എനിക്ക് അതിനെക്കുറിച്ചു ഒന്നും പറയുവാനില്ല.

ശ്രീ. പി. രവീന്ദ്രൻ: മന്ത്രിമാരല്ല. കാൺഗ്രസ്സ് പാർട്ടി ചെയ്തുവെന്നാണ് പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ, പാർട്ടി ചെയ്തു. അതായതു് മന്ത്രിമാർ ചെയ്തുവെന്നാണ്. ഈ കാര്യങ്ങറം തീരുമാനിക്കാനുള്ള അവകാശം പ്രായപൂത്തി വോട്ടവകാശത്തിൽ നടന്ന നിയമസഭയ്ക്കുള്ളതാണ്. അങ്ങനെയാണ് നടത്തിയതു്.

ശ്രീ. ടി. വി. താമസ് : ഇതിൽ നിയമപരമായി തെററ ഉണ്ടെന്നല്ല പറഞ്ഞതു്, പക്ഷെ ചെയ്തതു തെററാണെന്നാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തെററല്ലെന്നു് പറയുവാൻ ഞാൻ ശ്രമിക്കുകയാണ്. ഈ വസ്തുതകറം മനസ്സിലാക്കുന്നതിനു മുൻപു ഒരു കാര്യംകൂടി നാം ഓർമ്മിക്കുന്നതു് നന്നായിരിക്കും. ൧൧൨൩-ലും ൧൧൨൪-ലും നമുക്കു കിട്ടിക്കൊണ്ടിരുന്ന ആദായനികുതി ൫ കൊല്ലക്കാലത്തേക്ക് തിരിച്ചുകിട്ടുവാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. അങ്ങനെ വ്യവസ്ഥ ചെയ്തില്ലായിരുന്നെങ്കിൽ ബംഗാറം, ബീഹാർ, മദ്രാസ്, ബാംബെ മുതലായ പ്രാവിൻസുകളെപ്പോലെ നമുക്കും ആദായത്തിൻെറ ഒരു ചെറിയ ഓഹരിമാത്രമേ ലഭിക്കുമായിരുന്നുള്ളു. നമ്മുടെ ഭാഗ്യംകൊണ്ടു് ൧൧൨൩-ലും ൧൧൨൪-ലും ഉണ്ടായിരുന്നതിനെക്കാറം കളക്ഷൻ കുറഞ്ഞുവെങ്കിലും എഗ്രിമെൻറ അനുസരിച്ചുള്ള തുക നമുക്ക് കിട്ടുന്നുണ്ട്. ഇതുപോലെതന്നെ മററ ഇനങ്ങളിലുള്ള വരവ് കുറഞ്ഞുവെങ്കിലും അഞ്ചുകൊല്ലക്കാലത്തേയ്ക്കു് നമുക്ക് ലഭിച്ചുകൊണ്ടിരുന്ന തുകതന്നെ കിട്ടുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. ദിവാകരനും, ശ്രീ. പട്ടം താണുപിള്ളയും ചോദിച്ചു, എക്സ്പോർട്ടു ഡ്യൂട്ടി വർദ്ധിപ്പിച്ചതു് അനുസരിച്ചു നമുക്കു കൂടുതൽ കിട്ടാൻ അവകാശം ഇല്ലേയെന്നു്. അതോടുകൂടി ഒരു കാര്യം ഓർമ്മിക്കുന്നതു നന്നായിരിക്കും. ൧൮൦൫-ൽ ഇൻറർപോർട്ടൽ കൺവെൻഷൻ അനുസരിച്ചു് തിരുവിതാംകൂർ ഗവണ്മെൻറിനു ഒരു കണ്ടി കുരുമുളകിനു് ൧൫ രൂപ മാത്രമേ ഡ്യൂട്ടി ചുമത്താൻ അവകാശമുള്ളൂ. എന്നാൽ അതിനുശേഷം ഇൻഡ്യാഗവണ്മെൻറിനു് ഇതിൻെറ അവകാശം കൊടുത്തപ്പോറം അവർ ചുങ്കം കൂട്ടുകയും നമുക്ക് അതിൻെറ ഒരു ഓഹരി തരികയും ചെയ്യുന്നുണ്ട്. ഇൻഡ്യാഗവണ്മെൻറിനു് അവകാശം കൊടുത്തില്ലായിരുന്നുവെങ്കിൽ നമുക്ക് ഒരു കണ്ടിക്ക് പതിനഞ്ചു രൂപയ്ക്കുമേൽ തീർച്ചയായും കിട്ടുകയില്ല. ഇൻഡ്യാഗവണ്മെൻറ സ്വല്പം കൂട്ടിയിട്ടുണ്ട്. അവിടെനിന്നും നമുക്കു ലഭിക്കുന്ന ഓഹരി, കണ്ടിയ്ക്കു പതിനഞ്ചു രൂപവച്ചു് നമുക്കു കിട്ടുമായിരുന്നതിനേക്കാറം കുറവല്ലതാനും. ഇതൊക്കെയാണ് വസ്തുതകറം. ഏതായാലും എഗ്രിമെൻറിൽ ഇനി മാററംവരുത്തുവാൻ സാദ്ധ്യമല്ല. ഇനി നാം ആലോചിക്കേണ്ടതു ഇൻഡ്യാഗവണ്മെൻറിൽനിന്നും കൂടുതൽഗ്രാൻറ കിട്ടാൻ അവകാശം ഉണ്ടോ എന്നാണ്. ഭരണഘടനയിലെ ൨൭൫-ാം വകുപ്പ് അനുസരിച്ചു് നമ്മുടെ രാജ്യത്തിനു് ഗ്രാൻറ കിട്ടാൻ അവ

കംശം ഉണ്ട്. അതു കിട്ടണമെന്നു് ഈ ഗവണ്മെന്റു ഇൻഡ്യാഗവണ്മെന്റിനെറ അടുക്കൽ ശക്തിയായി വാദിച്ചിട്ടുണ്ട്. പത്തനാപുരം മെംബർ മി. രാജഗോപാലൻനായർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു, ബംഗാളിനും മററും ജൂട്ട് എക്സ്പോർട്ടു കിട്ടുന്നമാതിരി നമുക്കും കിട്ടുവാൻ അവകാശമില്ലേയെന്നു്. ഞാൻ അദ്ദേഹത്തോടു ൨൭൩-ാംവകുപ്പു നോക്കാൻ പറയുന്നു. ജൂട്ട് എക്സ്പോർട്ടു ഡ്യൂട്ടി ബംഗാളിൽ ഇല്ല. അതു് നിറുത്തൽചെയ്തിരിക്കുകയാണു്. ൧൯൩൫-ലെ ഭരണഘടന അനുസരിച്ചു് അതിന്റെ ഒരു ഭാഗം കൊടുക്കുവാൻ പ്രൊവിഷൻ ഉണ്ടായിരുന്നു. എന്നാൽ ഭരണഘടന വന്നതിനുശേഷം ഫെഡറേഷൻ എന്ന നിലയിൽ ഉയർന്നിട്ടുള്ള സംസ്ഥാനങ്ങൾക്കു് അതു് നിറുത്തലാക്കുകയും അതിന്റെ സ്ഥാനത്തു് ഒരു ഗ്രാന്റു എട്ടോ പത്തോ കൊല്ലത്തേയ്ക്കു് നൽകുവാൻ ഏർപ്പാടു ചെയ്യുകയും ആണു് ചെയ്തിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഗ്രാന്റു നൽകുന്നതു് ൨൭൩-ാംവകുപ്പ് അനുസരിച്ചോ ൨൭൮-ാംവകുപ്പു അനുസരിച്ചോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെക്ഷൻ ൨൭൩ ജ്യൂട്ടിനെ സംബന്ധിച്ചുള്ളതാണു്. സെക്ഷൻ ൨൭൫ ഗ്രാന്റിനെ കുറിക്കുന്നതാണു്. ൨൭൮ കേന്ദ്രത്തിൽനിന്നും റവന്യൂ എടുത്തിട്ടുള്ളതിനു കോമ്പൻസേഷൻ എന്ന നിലയിൽ തരുന്ന തുകയെ സംബന്ധിച്ചുള്ളതാണു്.

അതിനാൽ ഞാൻ പറയുന്നതു്, ൨൭൩-ാംവകുപ്പു അനുസരിച്ചു ബംഗാൾ മുതലായ സംസ്ഥാനങ്ങളിലേയ്ക്കു് ഉള്ള എക്സ്പോർട്ടു ഡ്യൂട്ടി എടുത്തു കളഞ്ഞിരിക്കും എന്നാണു്. അതിന്റെ സ്ഥാനത്തു് ഒരു സംഖ്യ കുറെക്കാലത്തേയ്ക്കു് കൊടുക്കണമെന്നാണു് ഇൻഡ്യാഗവണ്മെന്റു വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

ഇതിൽ എനിക്കു പറയുവാനുള്ളതു ഈ ഗവണ്മെന്റു ഫിനാൻസു കമ്മിഷന്റെ അടുത്തു നിവേദനം ചെയ്യുകയും, അതിന്റെ ഫലമായി നമുക്കു ഗ്രാന്റു കിട്ടുകയും ചെയ്തിട്ടുണ്ടെന്നാണു്. അതുകൊണ്ടു ഈ വക കാര്യങ്ങളിൽ ബഹുമാനപ്പെട്ട മെംബറും ഈ ഗവണ്മെന്റും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു ധരിക്കരുതു്. ഇതിനെപ്പററി എത്രവേണമെങ്കിലും വാദങ്ങൾ പുറപ്പെടുവിക്കാം; കുറെക്കൂടി കാര്യമായി വാദിക്കാം; പക്ഷെ, അബദ്ധംകൂടാതെ പറയാൻ സാധിക്കുമെങ്കിൽ ഈ ഗ്രാന്റുകൾ കിട്ടുവാനായിട്ടു വളരെ നിവേദനങ്ങൾ ഈ ഗവണ്മെന്റു് നടത്തുന്നുണ്ടു്. എന്നുതന്നെയല്ല, ൧൯൫൦ ജനുവരി ൨൬-ാംതീയതിക്കു ശേഷം പലേ ഇനങ്ങളിലായി ൩൭.൮൨ കോടിരൂപാ നമുക്കു ഗ്രാന്റു കിട്ടിയിട്ടുണ്ടു്. ഈ ഗ്രാന്റു കിട്ടുവാൻ നമുക്കു് അവകാശമുണ്ടായതു് ഈ ഫെഡറൽ ഫൈനാൻഷ്യൽ ഇൻറിഗ്രേഷൻമൂലമാണു്. അതില്ലായിരുന്നുവെങ്കിൽ നാം "കുരുമുളകു്, കുരുമുളകു്," എന്നു പറഞ്ഞിരിക്കുകയല്ലാതെ, ഒരു സ്വതന്ത്രരാഷ്ട്രം ഇൻഡ്യയിലുണ്ടായതിനു ശേഷം അവിടെയുണ്ടാകുന്ന ഭാഗധേയത്തിൽ പങ്കുകാരായി മുന്നോട്ടുപോകുവാൻ സാധിക്കാതെ കഷ്ടപ്പെട്ടമായിരുന്നു.

ശ്രീ. ടി. വി. താമസ്: ഈ സംഖ്യ കിട്ടിയിട്ടുള്ളതു് ഗ്രാന്റായിട്ടോ, ലോണായിട്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗ്രാൻറായിട്ടുതന്നെ കിട്ടിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെംബറന്മാർ ഇത്രവളരെ ആക്ഷേപങ്ങളൊക്കെ പറഞ്ഞതിനുശേഷം അതു വിശ്വസിക്കുവാൻ കുറെ ബുദ്ധിമുട്ടുണ്ടായിരിക്കുമെന്ന് എനിക്കറിയാം. മി. നടരാജപിള്ള ൧൯൪൯ ഒക്ടോബർമാസത്തിൽ ചെയ്ത പ്രസംഗത്തിലെ ചില ഭാഗങ്ങൾ ഈ കാര്യത്തിൽ യോജിക്കുന്നതുകൊണ്ട് ഇവിടെ ഉദ്ധരിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

"All that I would suggest is to fall in line with the Provinces of India and take our lot with them. We must be satisfied with the resources we will have, and must model our administration according to the resources we have got. Therefore, what I feel is that in the conditions in which we are, we have no other option. We have been forced by the accident of history or by the impact of events that occurred recently all over the world to adopt ourselves to a new situation by which we have lost all our old resources. Therefore, there is no reason for arguing or thinking or hoping that we are going to get any special favour special sources of revenue as exceptions. We have to fall in line with the Provinces on the definite understanding that the provincial revenues alone are available to us, and that from the provincial sources of revenue alone we will have to meet our demands. Whatever might have been our past, however much our administration might have advanced, in future we have no other source but to be satisfied with the new structure which can be built up with the limited finances we have at our disposal. If that position is granted, then there is no necessity for making any detailed study of this Constitution."

x x x x x

"Our destinies we will have to work up along with the others. All these safeguards, I feel, illusory. I do not believe, Sir, in the existing circumstances we will be able to get adequate financial help from the Centre to meet our demand. We have lost them. There is no meaning in still thinking that we will be able to make provision here or enter into an agreement there and so on. In the circumstances I for one would prefer that all the Articles relating to the Provinces to be made applicable to the States as well."

x x x x x

Then he says, "If we have to accept that position, let us accept it with goodwill and be a part of the Union in all respects without distinction. Let our State be a democratic part of the democratic Republic which has been accepted by the Objective Resolution of the Constituent Assembly. The provisions of the Con-

> stitution are such that they will affect our individuality, but not our prosperity. That being the case, I for one would say as Mr. Menon has said"—that is myself—"that the policy should be implicitly to fall in line with the Provinces."

ഇതിൽ രണ്ടു കാരണങ്ങൾ പറഞ്ഞിട്ടുണ്ടു്. ഇതുകൊണ്ടു ഇൻഡിവിഡ്യുവാലിററിപോകും, പക്ഷെ പ്രോസ്പരിററി പോകുകയില്ല. അതുപോലെതന്നെ ചരിത്രപരമായ ചില അവകാശങ്ങൾ പോകും, പക്ഷെ നമ്മുടെ പ്രോസ്പരിററി പോകുകയില്ല. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം ഇൻഡ്യയിൽ ലയിച്ചതുകൊണ്ടുണ്ടായ പരമാധികാരത്തിൻെറ ഫലമായിട്ടു് ചുങ്കം ചുമത്താനുണ്ടായ അധികാരം ഇൻഡ്യാഗവണ്മെൻറിനു സിദ്ധിച്ചു. അതുകൊണ്ടാണു ചുങ്കം കൂടിയതു്. അതുകൊണ്ടാണു് നമുക്കു കൂടുതൽ കൂടുതൽ ഗ്രാൻറു കിട്ടുന്നതു്. ൧൧൨൬-൨൭ കൊല്ലത്തിൽ ആകെ ഇൻഡ്യാ ഗവണ്മെൻറ് രണ്ടിനങ്ങളിലായി ൩ കോടിരൂപാ ഫെഡറൽ ഫിനാൻഷ്യൽ ഇൻറിഗ്രേഷൻ എഗ്രിമെൻറു് അനുസരിച്ചു് നമുക്കു തന്നിട്ടുണ്ടെന്നാണു എൻെറ ഓർമ്മ. നമുക്കു തീർച്ചയായും സെൻട്രൽ ഗവണ്മെൻറിൻെറ സഹായം കൂടുതൽവേണം. ഈ രാജ്യത്തിലെ ഗണ്മെൻറുകൾ അനേകകാലമായി തുടർച്ചയായി അവലംബിച്ചുപോന്ന പുരോഗമനപരമായ മാറ്റങ്ങൾ നോക്കിയാലും ബുദ്ധിമുട്ടുകൾ നോക്കിയാലും ഈ രാജ്യത്തെ ജനസംഖ്യയുടെ തോതുവച്ചുനോക്കിയാലും നമുക്കു കൂടുതൽ ഗ്രാൻറു കിട്ടണം. അതിനു ൨൭൫-ാംവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. അങ്ങനെ കൂടുതൽ ഗ്രാൻറു കിട്ടുന്നതിനു ഈ ഗവണ്മെൻറു ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി വളരെ ശക്തിയായി വാദിച്ചിട്ടുണ്ടു്. അതിനു ഫലവുമുണ്ടായിട്ടുണ്ടു്. ഫലമുണ്ടാകുന്നില്ലെങ്കിൽ പിന്നെയും വാദിക്കും. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ശ്രീ. പട്ടം താണുപിള്ള പറഞ്ഞതുപോലെ ഈ രാജ്യത്തിൻെറ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി ഇൻഡ്യാഗവണ്മെൻറിനോടു സംഘടിച്ചുനിന്നു് വാദിക്കുവാനും, അവകാശവാദങ്ങൾ നടത്തുവാനും തീർച്ചയായും നമുക്കു് അവകാശമുണ്ടു്. അതു് ചെയ്യുകയും ചെയ്യും. ബഹുമാനപ്പെട്ട ആര്യനാടു മെംബറും കൊല്ലം മെംബറും പറഞ്ഞമാതിരി ചെയ്താൽ ബുദ്ധിമുട്ടാണു്. ഫെഡറൽ ഫിനാൻസ്യ ഇൻറിഗ്രേഷൻ എഗ്രിമെൻറുപ്രകാരമാണു് നമുക്കു് ഗ്രാൻറു കിട്ടുന്നതു്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സെക്ഷൻ ൨൭൫ അനുസരിച്ചു് മൂന്നുകോടി അഞ്ചര ലക്ഷം രൂപാ കിട്ടി എന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൨൭൫-ാം വകുപ്പനുസരിച്ചാണു്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ബഡ്ജററു കോപ്പിനോക്കിയാൽ കാണുന്നതു് ൨൭൮-ാംവകുപ്പു് അനുസരിച്ചാണു് ഗ്രാൻറുകിട്ടിയിട്ടുള്ളതെന്നാണു്. പ്രസംഗത്തിൽ ൨൭൫–ാംവകുപ്പെന്നും പറഞ്ഞിരിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൨൭൫ എന്നുള്ളതിനു പകരം ൨൭൮ എന്നാണെങ്കിൽ അതു് മാററാം. അതു് തെററാകണമെന്നു മില്ല. ൨൭൮ എന്നു പറഞ്ഞാലും തെററില്ല. ൨൭൫-ാംസെക്ഷൻ പ്രകാരം മൂന്നുകോടിയും, ൨൭൮-ാംസെക്ഷൻ പ്രകാരം മൂന്നുകോടിയും ഇങ്ങനെ ആറുകോടിയാണു നമുക്കു് ഗ്രാൻറുകിട്ടിയിട്ടുള്ളതു്. ഞാൻ ഫെഡറൽ ഫൈനാൻഷ്യൽ എഗ്രിമെൻറിനെപ്പററി ഇത്ര വിസ്തരിച്ചു പറഞ്ഞതു് മുൻമന്ത്രിസഭയുടെ പേരിലുള്ള കേവലമായ ഒരാരോപണമായിട്ടല്ല. ഈ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു വിഷയമായതുകൊണ്ടും അതിനെക്കുറിച്ചു ബഹുമാനപ്പെട്ട അംഗങ്ങൾ കൂടുതൽ വ്യഗ്രത കാണിച്ചതുകൊണ്ടും ആണു് ഞാൻ ഇത്രയും വിസ്തരിച്ചു പറഞ്ഞതു്.

സർ, ഞാൻ ഇനി ബഡ്ജററിലുള്ള കാര്യങ്ങളെക്കുറിച്ചു പറയാം. എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. സി. അച്ചുതമേനോൻ ചെയ്ത ഒരാരോപണത്തിനു മറുപടി പറയാം. ഇവിടെയുള്ള അംഗങ്ങളെല്ലാം കഴുതകളാണെന്നു വിചാരിച്ചതുകൊണ്ടായിരിക്കാം ഫൈനാൻസു മിനിസ്റ്ററുടെ പ്രസംഗം ഇത്ര ചെറുതായിപ്പോയതെന്നും, അതെൻെറ ഔദ്ധത്യം കൊണ്ടായിരുന്നുവെന്നും അദ്ദേഹം പറയുകയുണ്ടായി. ഈ നിയമസഭയിൽ കഴുതകളില്ലെന്നു വിചാരംകൊണ്ടാണു് എൻെറ പ്രസംഗം ചുരുക്കിയതു്. ബഡ്ജററു് മാർച്ചിൽ അവതരിപ്പിച്ചു. ആ ബഡ്ജററിൽ ഭേദഗതികൾ ഉള്ളതു സപ്ലിമെൻററി ഗ്രാൻറായി കൊണ്ടുവരുന്നു എന്നുപറഞ്ഞു. അതുകൊണ്ടു് രണ്ടാമതും ഒരു പ്രസംഗം ചെയ്തു് ഈ സഭയെ മുഷിപ്പിക്കേണ്ടാ എന്നു കരുതി എൻെറ പ്രസംഗം ചുരുക്കിയതാണു്. വീണ്ടും ഒരു ബഡ്ജററു പ്രസംഗം ഇവിടെ ഉണ്ടാകുമെന്നു വിചാരിച്ചിരുന്നതുകൊണ്ടായിരിക്കണം അദ്ദേഹം ഇങ്ങനെ പറയുവാൻ ഇടയായതെന്നു ഞാൻ വിശ്വസിക്കുന്നു. അല്ലെങ്കിൽ, പരമശാന്തനായ അദ്ദേഹം ഒരു പഴയ സുഹൃത്തായ എന്നെപ്പററി ഇങ്ങനെ പറയുമായിരുന്നില്ല.

ഈ ബഡ്ജററിനെപ്പററി മററുള്ളവരുടെ ആക്ഷേപം ഉണ്ടായതു്, ഈ ബഡ്ജററു് ദിവാൻജിമാരുടെ കാലത്തു് ഉണ്ടാക്കിയിട്ടുള്ള ബഡ്ജററുപോലെയാണു്, ഇതിൽ ഒരു നയവുമില്ല, ഒരു പോളിസിയുമില്ല, ഒരു ചുക്കുമില്ല എന്നൊക്കെയായിരുന്നു. ഞാനും അങ്ങനെ പറഞ്ഞിട്ടുണ്ടു്. വിവരമില്ലാത്ത കാലത്തു ബഡ്ജററുകളെപ്പററി ഞാനും അങ്ങനെ പറഞ്ഞിട്ടുണ്ടു്. ഇനി ബഡ്ജററിൻെറ യാഥാർത്ഥ്യങ്ങളിലേക്കു നമുക്കു കടക്കാം. ഒരു ബഡ്ജററുണ്ടാക്കുന്നതു എങ്ങനെയാണെന്നു ആദ്യം നോക്കാം. ബഡ്ജററിൽ രണ്ടുഭാഗങ്ങളുണ്ടു്. സർ. സി. പി. യുടെ കാലത്തും, ഷൺമുഖംചെട്ടിയുടെ കാലത്തും ഇങ്ങനെയൊക്കെത്തന്നെയാണു ബഡ്ജററുണ്ടാക്കിയിട്ടുള്ളതു്; ബഡ്ജററിൽ മൗലികമായ ചിലകാര്യങ്ങൾ നോക്കേണ്ടതുണ്ടു്. ബഡ്ജററു ആരുണ്ടാക്കിയതായാലും ആ വക കാര്യങ്ങളിൽ വ്യത്യാസമുണ്ടാവുക സാദ്ധ്യമല്ല. സർ. സി. പി. യുടെതായാലും, എൻേറതായാലും, ശ്രീ. സി. അച്ചുതമേനോൻേറതായാലും ബഡ്ജററിലെ വരവിനങ്ങളെല്ലാം ഒന്നുപോലെയിരിക്കും. ഈ വർഷം വരവിനത്തിൽ ഒരു പ്രത്യേകതയുള്ളതു നികുതി കൂട്ടിയിട്ടില്ലെന്നുള്ളതാണു്. നികുതി കൂട്ടിയിരുന്നുവെങ്കിൽ ഇവിടെ എന്തെല്ലാം കേൾക്കേണ്ടിവരുമായിരുന്നു? അഗ്രികൾച്ചറൽ ഇൻകംടാക്സിനത്തിൽ ൮൫ ലക്ഷം രൂപാ വരവു ചേർത്തിട്ടുള്ളതിനെപ്പററി പത്തനാപുരം മെംബർ പറഞ്ഞതു്, അതു ഗവൺമെൻറു സാധാരണ ജനങ്ങളുടെ

നേരേ ചൂണ്ടിയിരിക്കുന്ന ഒരു നിറതോക്കാണെന്നാണ്. അഗ്രികൾച്ചറൽ ഇൻകംടാക്സ് വലിയ ജന്മികളുടെ പക്കൽനിന്നും ഈടാക്കുന്ന ഒരു നികുതിയായിട്ടുപോലും, സാധാരണക്കാക്കുവേണ്ടി അതിനെ എതിർത്തു കാണുന്നതു, ഗവണ്മെൻറു കൊണ്ടുവരുന്ന ഏതിനേയും എതിക്കണമെന്നുള്ള എതിർപക്ഷത്തിൻെറ ഒരു നയമായതുകൊണ്ടായിരിക്കാം. ഇവിടെ നികുതിയൊന്നും കൂട്ടിയിട്ടില്ല. ചില നികുതികൂടി അഗ്രിക്കൾച്ചറൽ ഇൻകംടാക്സിൽ ചേത്തുകൊണ്ടാണ് ഈ തുക വർദ്ധിച്ചതു്. സെയിൽ ടാക്സ് ൨൩൯ ലക്ഷവും, ഫാറസ്റ്റ് ഇനത്തിൽ ൧൦൦ ലക്ഷവും ഇങ്ങനെ ഓരോ ഇനങ്ങളിലുമുള്ള വരവു വിവരങ്ങളായി ചേർത്തിട്ടുണ്ടു്. ഈ വരവിനങ്ങളെപ്പററി ആക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഇത്രയും കിട്ടുമോ, ഇത്രയും ഉണ്ടാകുമോ എന്നൊക്കെ ചോദിക്കാമെന്നല്ലാതെ ഈ നയം ശരിയല്ലെന്നു പറയുവാൻ കാരണമില്ല. പുതിയതായി യാതൊരുസംഖ്യയും വരവിനത്തിൽ കൂട്ടിയിട്ടില്ല. അതുകൊണ്ടു് ഈ കാര്യത്തിൽ ഗവണ്മെൻറിനെ കുററം പറയാൻ നിവൃത്തിയില്ല. അതുപോലെതന്നെയാണു ചെലവിനങ്ങളിലും കാണിച്ചിട്ടുള്ളതു്.

എനിക്കു ഒരുകാര്യം പ്രത്യേകം ധരിപ്പിക്കുവാനുണ്ടു്. ൩൬൨, ൩൭൦ ലക്ഷം രൂപയോളം വിദ്യാഭ്യാസത്തിനുവേണ്ടി ഇതിൽ ചേർത്തിട്ടുണ്ടു്. ഇതൊരു നല്ല സംഖ്യയാണു്. ഇതു് നമ്മുടെ വരവിനത്തിൽ ഏകദേശം നാലിലൊന്നോളം വരും. ഈ ൮൭൦ ലക്ഷം ചേർക്കാതെ ൨൯൦ ലക്ഷം ചേർത്തിരുന്നുവെങ്കിൽ ഗവണ്മെൻറു വിദ്യാഭ്യാസത്തിനു വേണ്ടി പണം ചെലവാക്കുന്നില്ല, ഗവണ്മെൻറു പിന്നോക്കംപോയിരിക്കുന്നു എന്നു പറയുമായിരുന്നു. ഈ ൩൭൦ ലക്ഷം രൂപാ ചേത്തിട്ടുള്ളതു ന്യായമായ വിധത്തിൽ ആണെങ്കിലും അതിനെപ്പററി ഒന്നും പറയുവാനില്ലാത്തതുകൊണ്ടാണു് വേറെ ചില കാരണങ്ങൾ പറഞ്ഞു ഇതിനെ എതിക്കുന്നതു്. ശ്രീ. പട്ടം താണുപിള്ള അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടാത്തതെന്തുകൊണ്ടാണെന്നു് ചോദിച്ചു. അദ്ദേഹത്തോടും മററാളുകളോടും ഞാൻ പറയുന്നു, അതു് ഉടനെ നടപ്പിൽ വരുത്തുന്നതാണെന്നു്. ബഹുമാനപ്പെട്ട പെരുമ്പാവൂർ മെംബറും മററു ചിലരും പറയുകയുണ്ടായി വിദ്യാഭ്യാസത്തിൻെറ സ്റ്റാൻേറർഡ് കുറഞ്ഞുപോയിരിക്കുന്നുവെന്നു്. ഇന്നും ഇന്നലെയും മിനിയാന്നും നടന്ന പ്രസംഗങ്ങളിൽ വിദ്യാഭ്യാസകാര്യത്തെപ്പററി പറഞ്ഞ കൂട്ടത്തിൽ കുട്ടികളുടെ ഫീസു കൂട്ടിയതിനെ സംബന്ധിച്ചു പറയുകയുണ്ടായി. കുട്ടികളുടെ ഫീസുകൂട്ടിയാൽ അതിനു സമരം നടത്തുന്നതിൽ തെററുണ്ടോ എന്നാണു ചോദിക്കുന്നതു്. കാൺഗ്രസ്സുണ്ടാക്കിയ കാൺസ്റ്റിററ്യൂഷൻപ്രകാരം ൧൮ വയസ്സുവരെ വിദ്യാഭ്യാസം ചെയ്യുവാൻ സ്വാതന്ത്ര്യമുണ്ടു്. അങ്ങിനെയിരിക്കെ ഫീസു കൂടുതൽ കൊടുക്കണമെന്നുവന്നാൽ അതു വിദ്യാഭ്യാസത്തിനു തടസ്സമാകുകയില്ലേ, അതു ന്യായമാണോ, എന്നാണു് ചോദിക്കുന്നതു്. ഫീസുകുറവിനുവേണ്ടി കുട്ടികൾ സമരംചെയ്യുന്നതു് ന്യായമാണെന്നു പറയുന്നതിൽ എനിക്കു വളരെ അത്ഭുതമുണ്ടു്. ഫീസു കൂട്ടിയതായി യാതൊരു ഉത്തരവുകളും ഈ ഗവണ്മെൻറു പുറപ്പെടുവിച്ചിട്ടില്ല. ഫീസു കൂട്ടാതെയിരിക്കെ ഫീസുകൂട്ടി എന്നു പറയുന്നതിൻെറ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. സമരം വേണമെന്നുവിചാരിച്ചു, അതിനു കാരണം കണ്ടുപിടിച്ചതു തെററായിപ്പോയി.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഈ കൊല്ലത്തിൽ വിദ്യാർത്ഥികളുടെ പക്കൽനിന്നും കൂടുതൽ ഫീസു വാങ്ങിയിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വാങ്ങിയിട്ടുണ്ടെങ്കിൽ തെററാണ്. ഫീസു കൂട്ടിയിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഫീസ് വർദ്ധിപ്പിച്ചിട്ടില്ലെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് അസ്ഥാനത്താണെന്നു ഞാൻ പറയുന്നു. ഫീസു കൂട്ടിയിട്ടില്ലെന്നു പറയുന്നതു് ശരിയല്ല, ഞാൻ വെല്ലുവിളിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇനി വെല്ലുവിളികൊണ്ടു മാത്രമേ എതിർക്കാൻ സാദ്ധ്യമുള്ളു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഫീസുകൂട്ടിയിട്ടില്ലെന്നു മന്ത്രി പറഞ്ഞതു് നുണയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ രാജ്യത്തെ ബഡ്ജററിനെപ്പററിയുണ്ടായ വിമർശനങ്ങൾക്കു് ഈ രാജ്യത്തെ ധനകാര്യമന്ത്രി തികഞ്ഞ ഉത്തരവാദിത്വത്തോടുകൂടി മറുപടി പറയുകയാണ്, ഈ ഗവണ്മെൻറ ഫീസു കൂട്ടിയിട്ടില്ലാ എന്നു്.

ശ്രീ. എം. എം. അബ്ദുൽഖാദർ : കുട്ടികൾ കൂടുതൽ ഫീസുകൊടുക്കുന്നുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൂടുതൽ കൊടുക്കരുതു്.

Mr. Speaker: I have repeatedly pointed out that when a responsible Minister makes a statement, Members should not counter-assert, but that they will have to accept that statement and proceed on that basis.

ശ്രീ. ടി. കെ. കൃഷ്ണൻ : സർ, ഒരു പോയിൻറ ഓഫ് ഓർഡർ. വാസ്തവവിരുദ്ധമായ പ്രസ്താവനകൾ മന്ത്രിമാർ ചെയ്യുകയാണെങ്കിൽ അതു വിശ്വസിക്കണമെന്നാണോ അങ്ങു പറയുന്നതു് ?

Mr. Speaker : A point of order relates only to the procedure in this House. Anything at random cannot be put as a point of order.

ശ്രീ. ടി. വി. താമസ് : സർ, ഇങ്ങനെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതു് അദ്ദേഹം ധരിക്കുവാൻ വേണ്ടിയാണ്.

Mr. Speaker: I did not expect such a remark from the Leader of the Opposition.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, മൂന്നുദിവസമായിട്ടു ഈ നിയമസഭയിൽ ബഡ്ജററിനെപ്പററി നടന്നിട്ടുള്ള വാദപ്രതിവാദങ്ങൾക്കു മറുപടി പറയേണ്ടതായിട്ടുള്ള ഈ രാജ്യത്തെ ധനകാര്യമന്ത്രി ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ് ഫീസു കൂട്ടുവാനുള്ള ഉത്തരവുകളൊന്നും ഗവണ്മെൻറ പുറപ്പെടുവിച്ചിട്ടില്ല എന്നു്. വിദ്യാർത്ഥിസമരത്തിനു് ഒരു ന്യായം തേടിപിടിക്കുവാനാണു എൻെറ സ്നേഹിതൻ ഫീസു

കൂട്ടിയെന്നുള്ള വാദം പുറപ്പെടുവിപ്പിച്ചതെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിദ്യാർത്ഥി ബഹളത്തെസംബന്ധിച്ചു് തുറവൂർ മെംബർ ഗൗരിയും, പത്തനാപുരം മെംബറും, കൊടുങ്ങല്ലൂർ മെംബറും പറയുകയുണ്ടായി.

ശ്രീ. എൻ. രാജഗോപാലൻനായർ: സമയമില്ലാത്തതുകൊണ്ടു് വിദ്യാഭ്യാസകാര്യത്തെപ്പററി ഞാൻ പറഞ്ഞില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബറുടെ പ്രസംഗശൈലിയിൽ ഞാൻ രസിച്ചുപോയതുകൊണ്ടു് അക്കാര്യം കൂടി ഉൾപ്പെട്ടിട്ടുണ്ടാവുമെന്നു വിചാരിച്ചുപോയതാണു്. വിദ്യാഭ്യാസത്തെപ്പററി പറയുകയാണെങ്കിൽ വളരെയധികം സംഖ്യ അതിലേയ്ക്കു കൊള്ളിച്ചിട്ടുണ്ടു്. മുൻകൊല്ലങ്ങളെക്കാളും വളരെയധികം സംഖ്യ അതിനു കൂട്ടിയിട്ടുണ്ടു്.

വിദ്യാഭ്യാസം കഴിഞ്ഞാൽ വൈദ്യസഹായമാണു് ജനങ്ങൾക്കു് ആവശ്യമായിട്ടുള്ളതു്. ദിവാൻജിമാരുടെകാലത്തുണ്ടായിരുന്ന മരുന്നുകൾ തന്നെ ഇപ്പോഴും ഉപയോഗിക്കുവാൻ നിവൃത്തിയുള്ളു. ദിവാൻജിമാരുടെ കാലത്തു് മാഗ്സൾഫ് വയറിളക്കാൻ ഉപയോഗിച്ചിരുന്നു, മന്ത്രിമാരുടെ കാലത്തും അതുതന്നെ ഉപയോഗിക്കുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ദിവാൻഭരണകാലത്തു് വയറിളക്കാനുള്ള മരുന്നു കിട്ടുമായിരുന്നു, മന്ത്രിമാരുടെകാലത്തു് അതുപോലും കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പിന്നെ ഒരാക്ഷേപമുണ്ടായതു് ഈ രാജ്യത്തെ തൊഴിലില്ലായ്മക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നാണു്. തൊഴിലില്ലായ്മ ഇല്ലാതാക്കുന്നതിനുവേണ്ടി ഈ ബഡ്ജററിൽ യാതൊന്നും ഇല്ലെന്നു് തുറവൂർ മെംബറും പറയുകയുണ്ടായി. പലവിധത്തിലുള്ള പ്രവൃത്തികളും നടത്തി ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഗവമ്മെൻറ നോക്കുകയാണു്. അതു് ഒരു നിമിഷംകൊണ്ടു് സാധിച്ചുവെന്നുവരികയില്ല. സിവിൽവർക്സിനു് ഈ രാജ്യത്തിൻെറ ചരിത്രത്തിൽ ഇതേവരെ കൊള്ളിച്ചിട്ടില്ലാത്ത അത്രതുക കൊള്ളിച്ചിട്ടുണ്ടു്. ഈ രാജ്യത്തു് തൊഴിലുണ്ടാക്കുവാനും സുഖസൗകര്യങ്ങൾ ഉണ്ടാക്കുവാനുമാണു് സിവിൽവർക്കിൽ ഇത്രയധികം സംഖ്യകൊള്ളിച്ചിട്ടുള്ളതു്. നാലുലക്ഷംരൂപാ മിച്ചമായിരുന്ന ബഡ്ജററു് ഏഴുലക്ഷംരൂപാ കമ്മിയായതു ജനങ്ങൾക്കു ഗുണമുള്ള കാര്യങ്ങൾക്കുവേണ്ടി കൂടുതൽസംഖ്യ കൊള്ളിച്ചതുകൊണ്ടാണു്.

ശ്രീ. പട്ടം താണുപിള്ള ഓരോ ഡിപ്പാർട്ടുമെൻറിലേയ്ക്കും അനുവദിച്ചിട്ടുള്ള തുക ലാപ്പാകാതെ ചെലവാക്കാൻ നോക്കണമെന്നു പറഞ്ഞു. അതു നോക്കാം. ആദ്യം കമ്മിയാകുന്ന ബഡ്ജററു് കൊല്ലാവസാനത്തിൽ മിച്ച ബഡ്ജററാകുമെന്നും ചിലപ്പോൾ മിച്ചമായിരുന്ന ബഡ്ജററ്കമ്മിയാകുമെന്നും അങ്ങിനെ വരുന്നതു ബഡ്ജററുണ്ടാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. നമ്മുടെ ബഡ്ജററുകൾക്കു കുറേനാളായി സ്ഥിരതയില്ലാതെ ഇരിക്കുകയാണു്. ഇൻഡ്യാ ഗവമ്മെൻറിൽനിന്നു കിട്ടുമെന്നു പ്രതീക്ഷിക്കുന്ന സംഖ്യ വരവിനങ്ങളിൽ ചേർക്കുന്നുണ്ടു്. മററ ചില കാരണങ്ങളെക്കൊണ്ടു് ആ സംഖ്യ ചിലപ്പോൾ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

കിട്ടാതെ വരും. ചിലപ്പോൾ പ്രതീക്ഷിച്ചതിൽ കൂടുതൽ കിട്ടിയെന്നു വരും. ഈവക കാരണങ്ങൾകൊണ്ടൊക്കെയാണ് ആദ്യം കമ്മിയാകുന്ന ബഡ്ജററ മിച്ചബഡ്ജററാകുന്നതും മിച്ച ബഡ്ജററ് കമ്മിയാകുന്നതും. പിന്നെ തിരുവിതാംകൂർ-കൊച്ചി സംയോജനം കഴിഞ്ഞതിനുശേഷം ഇത്രയും കാലമായിട്ടും സർവീസ് ഇൻറിഗ്രേഷൻ കഴിഞ്ഞിട്ടില്ല. അതിനെപ്പററി പല മെംബർമാരും പറഞ്ഞു. അതു ഗവണ്മെൻറിനും അറിയാം. അതിനെപ്പററി ബഹുമാനപ്പെട്ട മെംബർമാർ പറഞ്ഞ ന്യായം ഗവണ്മെൻറു സ്വീകരിക്കുന്നുണ്ടു്. ചെലവിനങ്ങളിൽ കൂടുതൽ സംഖ്യ കൊള്ളിച്ചു് ആ സംഖ്യ ചെലവാക്കി ഈ നാട്ടിലെ ജനങ്ങൾക്കു വേണ്ട സുഖസൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് ഗവണ്മെൻറിൻെറ ആത്മാർത്ഥമായ വിചാരം. പിന്നെ ഒരു പ്രധാനപ്പെട്ട കാര്യം ഇവിടെ പറഞ്ഞതു് കയറിൻെറ കാര്യമാണ്. തൃശ്ശൂർ മെംബറും വടക്കാഞ്ചേരി മെംബറും വേറെ ചില കാര്യങ്ങളും പറഞ്ഞു. ലെപ്രസിയുടെ കാര്യം പറഞ്ഞു. കുഷ്ഠരോഗികൾക്കു സുഖമായിട്ടു ജീവിക്കുവാനുള്ള സൌകര്യം ചെയ്തുകൊടുക്കണം. അതിനു സംഖ്യ കൊള്ളിച്ചിട്ടുണ്ടു്. ൨,൫൦,൦൦൦ രൂപ കുഷ്ഠരോഗികളുടെ സഹായത്തിനും ഉപയോഗത്തിനും വേണ്ടി ചെലവഴിക്കാനാണ് തീരുമാനിച്ചിരിക്കുന്നതു്. നമ്മുടെ ബഡ്ജററിൽ ൨,൫൦,൦൦൦ രൂപ ഒരു നിസ്സാരമായ സംഖ്യയാണോ? കയറിൻെറ കാര്യത്തെക്കുറിച്ചു് ആദ്യമായി തുറവൂർ മെംബർ പറഞ്ഞ കാര്യത്തിലേയ്ക്കു പ്രവേശിക്കാം. ൩൨ ലക്ഷം രൂപ ഇൻഡ്യാ ഗവണ്മെൻറു ധനസഹായം ചെയ്യാമെന്നു പറഞ്ഞു. അതു ഈ ഗവണ്മെൻറിൻെറ അപ്രാപ്തിമൂലം കിട്ടാതെപോയി എന്നു പറഞ്ഞു. അതു ഇനിമേൽ ആവർത്തിക്കരുതു് എന്നു ഞാൻ അപേക്ഷിക്കുന്നു. അതു പ്രചരണയോഗങ്ങളിൽ പറയാൻ കൊള്ളാം. നിയമസഭയിൽ പറയാൻ കൊള്ളുകയില്ല. കാരണം അതു നേരല്ല. ൬൪ ലക്ഷം രൂപ ചെലവുള്ള ഒരു പദ്ധതി ഈ ഗവണ്മെൻറ് പ്ലാനിംഗ് കമ്മിഷനു അയച്ചിട്ടു് ഈ വിധത്തിലുള്ള പദ്ധതി സ്വീകരിക്കാൻ നിവൃത്തിയില്ലെന്നു പ്ലാനിംഗ് കമ്മിഷൻ പറഞ്ഞു എന്നു പറയുകയുണ്ടായി. ഇങ്ങിനെയുള്ള വാർത്തകൾ കിട്ടുമ്പോൾ അതു നേരാണൊ എന്നന്വേഷിച്ചു് പറയുകയാണെങ്കിൽ കുറേക്കൂടി നന്നായിരിക്കും. കയർ ഇൻഡസ്ട്രിയുടെ കാര്യത്തിൽ ആലപ്പുഴ മെംബറും അതുപോലെ ഒരു കാര്യം പറഞ്ഞു. ഇൻഡ്യൻ ഫൈനാൻസ് മിനിസ്റ്റർ ശ്രീ. ദേശ്മുഖ് കയർ വ്യവസായത്തിനു ഇവിടെ ആവശ്യമുള്ളതിൻെറ പകുതി സംഖ്യ ചെലവു ചെയ്യാമെന്നു പറഞ്ഞിട്ടുണ്ടെന്നു പ്രസ്താവിക്കുകയുണ്ടായി.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ൬൪ ലക്ഷം ഉരുപ്പടികളുടെ പണികൾ ഇൻഡ്യാ ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി പറയാം. നേരു പറയുന്ന ആളെ നിങ്ങൾ വിരുതൻ എന്നു പറയും. ഫൈനാൻസ് മിനിസ്റ്റർ അപ്രകാരം പറഞ്ഞിട്ടില്ല എന്നു ഞാൻ പറയുകയാണെങ്കിൽ അതു പൂർണ്ണ സത്യമായിരിക്കും. കയർ ഇൻഡസ്ട്രിയുടെ കാര്യത്തിൽ നമ്മുടെ ഗവണ്മെൻറ് പല പദ്ധതികളും ആലോചിച്ചുവരുന്നുണ്ടു്. ഇൻഡ്യാഗവണ്മെൻറിൻെറ സഹായം കൂടാതെ അതു ചെയ്യുവാൻ സാദ്ധ്യമല്ല.

കയർ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ഇൻഡ്യാഗവണ്മെൻറിനോട്ട് ആലോചിക്കാതെ ഒന്നുംതന്നെ ചെയ്യാൻ നിവൃത്തിയില്ല. കാരണം, ഇൻഡ്യാഗവണ്മെൻറിനു ഇതിലേയ്ക്കു ഒരു പരിപാടിയുണ്ട്. നമ്മുടെ കയറ് ലോകത്തുള്ള എല്ലാ വിപണികളിലും ചിലവാകണമെങ്കിൽ ഇൻഡ്യാഗവണ്മെൻറിൻെറ സഹായം അത്യന്താപേക്ഷിതമാണ്. മാത്രമല്ല, നമ്മുടെ കയർവ്യവസായത്തെ സംബന്ധിച്ചിടത്തോളം ആ ഗവണ്മെൻറിൽനിന്നും സഹായധനവും ആവശ്യമാണ്. ആ സഹായധനത്തെ സംബന്ധിച്ചിടത്തോളം എഴുത്തുകുത്തുകഠം നടത്തിക്കൊണ്ടിരിക്കുന്നു. ഇവയെപ്പററി ഒരു പ്രസ്സ്നോട്ടും ഈ ഗവണ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒരു പക്ഷേ ഇങ്ങനെ പ്രസിദ്ധപ്പെടുത്തുന്ന പ്രസ്സുനോട്ടുകളൊന്നും ഈ പ്രശ്നത്തിനു പൂണ്ണമായ പരിഹാരം നേടുമെന്നു ഞാൻ വിചാരിച്ചിട്ടില്ല. എങ്കിലും ഇൻഡ്യാഗവണ്മെൻറ ഈ പ്രശ്നം ഏറെറടുക്കാൻ പോകുന്നതിനേയും തൻമൂലം ഈ വ്യവസായത്തിൽ ഉണ്ടാകാൻ ഇടയുള്ള അഭിവൃദ്ധികളെയുംപററി പ്രസ്സ്നോട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രധാനമന്ത്രി അവർകഠം ചേത്തല സന്ദർശിച്ചപ്പോഠം കയർതൊഴിലാളികളുടെ ദുരിതാശ്വാസത്തിനുവേണ്ടി സൗജന്യറേഷൻ വിതരണം ചെയ്യണമെന്നു് ആ നാട്ടുകാർ പറഞ്ഞതായി കേട്ടു. എന്നാൽ സൗജന്യറേഷൻ വിതരണം ചെയ്യാതെതന്നെ പലതരത്തിലുള്ള രാജ്യക്ഷേമകരമായ പ്രവത്തനങ്ങഠംകൊണ്ടു് ഈ ദുരിതം ദൂരീകരിക്കാൻ സാധിക്കുന്നതാണ്. ഗവണ്മെൻറ് അതിലേയ്ക്കു പ്രവത്തിച്ചുവരികയുമാണ്. ചേത്തലയിലെ അതായതു് ചേത്തലതാലൂക്കിലെ കുഞ്ഞുങ്ങഠംക്ക് ഉച്ചക്കഞ്ഞി കൊടുക്കുന്നതിനുവേണ്ടി ഗവണ്മെൻറ് ഒരു കമ്മററിയെ നിയമിച്ചു പ്രവത്തിച്ചുവരുന്നതായ വിവരം ഒരു ബഹുമാനപ്പെട്ട മെംബറും ഇവിടെ ഉന്നയിച്ചുകാണുന്നില്ല. സൗജന്യറേഷൻ കൊടുക്കണമെന്നു പറഞ്ഞു് ഗവണ്മെൻറിനെ അലട്ടിക്കൊണ്ടിരിക്കുന്ന എൻെറ ബഹുമാന്യമെമ്പറന്മാർ അറിയേണ്ടതാണ് ചേത്തലതാലൂക്കിനെ സംബന്ധിച്ചിടത്തോളം ക്ഷേമകരമായ പല പ്രവത്തനങ്ങളും ഗവണ്മെൻറ് നിവ്വഹിക്കാൻ പോകുന്നുവെന്നു്. തൊഴിലാളികളേയും പട്ടിണിയേയും കയറിനേയുംപററി പറഞ്ഞു് ഗവണ്മെൻറിനെ അലട്ടിക്കൊണ്ടിരിക്കുന്നതല്ലാതെ ഗവണ്മെൻറ ചെയ്യുന്ന നന്മകളെപ്പററി ഒരു നേരിയ ശബ്ദംപോലും ഇക്കഴിഞ്ഞ മൂന്നുദിവസത്തിനിടയിൽ ഞാൻ കേട്ടില്ല. ഈ ബഡ്ജററിൽ അമ്പലപ്പുഴ ചേത്തല ഈ താലൂക്കുകളിൽ ചിലവാക്കുന്നതിനുവേണ്ടി ഒരു വലിയ തുക നീക്കിവച്ചിട്ടുണ്ട്. ഈ താലൂക്കുകളിലേയ്ക്കാണ് ഇതരതാലൂക്കുകളെക്കാഠം കൂടുതൽ പണം അനുവദിച്ചിട്ടുള്ളതു്. അവിടെയുള്ള രണ്ടു തോടുകളുടെ പണി പൂത്തിയാക്കുന്നതിന് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ തുക കൊള്ളിച്ചിട്ടുണ്ട്. അതായതു് ഏകദേശം ൩൫ ലക്ഷം രൂപയുടെ പണിയാണ് അവിടെ തുടങ്ങാൻപോകുന്നതു്. അരൂർപാലം പണി, തോടുപണി, ഇവയെല്ലാം താമസംവിനാ പൂത്തിയാകുമെന്നുള്ളതു തീർച്ചയാണ്. കഴിഞ്ഞ മൂന്നുദിവസമായിട്ടു കയർ പ്രശ്നത്തെപ്പററി തീവ്രമായ പ്രസംഗങ്ങഠം നടത്തിയ എൻെറ ബഹുമാന്യസ്നേഹിതന്മാർ അവർ യഥാത്ഥകയർപ്രശ്നപ്രേമികളാണെങ്കിൽ നിമ്മാണപരമായ വല്ല നിർദ്ദേശങ്ങളും സഭയിൽ പ്രസ്താവിക്കുമായിരുന്നു.

ശ്രീ. പി. ടി. അവിരാത്തരകൻ: പ്രധാനമന്ത്രി ചേർത്തല വന്നപ്പോൾ ഈ കാര്യത്തെപ്പററി വേണ്ട ഉറപ്പു നൽകിയതുകൊണ്ടാണ് മററു നിർദ്ദേശങ്ങൾ സമർപ്പിക്കാഞ്ഞതെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉറപ്പു നൽകിയിട്ടുണ്ടെങ്കിൽതന്നെയും ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് ഗവണ്മെൻറിനെ കുററം പറയുന്നതോടുകൂടി ഈ നിർദ്ദേശങ്ങളും പുറപ്പെടുവിക്കാമായിരുന്നു. കഴിഞ്ഞ മാർച്ച് മാസം ൨൮-ാംതീയതിക്കുശേഷം അല്പകാലത്തിനുള്ളിൽ ഗവണ്മെൻറ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കണം എന്നു പറഞ്ഞാൽ, ബഹുമാനപ്പെട്ട മെമ്പറിന്റെ ഭാഷയിൽ, "നീറുന്ന പ്രശ്നങ്ങൾക്കെല്ലാം" എങ്ങനെ സാധിക്കുമെന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നേടാൻ ബഡ്ജററിൽ ഇപ്പോൾ വഴി കണ്ടില്ലെങ്കിൽതന്നെ അല്പംകഴിഞ്ഞു് പരിഹാരം ഉണ്ടാകുമെന്നു പരിപൂർണ്ണമായി വിശ്വസിക്കാം. അത്യാവശ്യം പ്രവർത്തിക്കേണ്ട കാര്യങ്ങൾക്ക് പണം വേണ്ടിവന്നാൽ ഒരു സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവന്ന് പാസ്സാക്കിയാൽ മതിയെന്ന് ഇൻഡ്യാഗവണ്മെൻറിന്റെ ഒരു നിർദ്ദേശം ഉള്ളതുകൊണ്ടാണ് ഈ പ്രകാരം ചെയ്തിട്ടുള്ളതു്. കഴിഞ്ഞ രണ്ടുമൂന്നുദിവസങ്ങൾക്കുള്ളിൽ നടന്ന വാദപ്രതിവാദങ്ങൾക്കെല്ലാം ഒരു പത്രിക എഴുതുന്ന രീതിയിൽ ഒരു മറുപടി പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. കയർ വ്യവസായമാന്ദ്യം മാത്രമല്ല മറെറല്ലാ മാന്ദ്യങ്ങളും തീർക്കുന്നതിനുള്ള പോംവഴി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു് സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകും.

ശ്രീ. ടി. വി. താമസ്: ആലപ്പുഴ-ചേർത്തലയിലെ ദുരിതാശ്വാസത്തിന് ശ്രീ. നെഹ്റു സംഭാവന ചെയ്ത ൧൦൦൦൦ രൂപായിൽ ൫൦൦൦ രൂപാ മാത്രം ചെലവാക്കാനുള്ള കാരണമെന്താണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൫൦൦൦ രൂപയെ ചിലവാക്കിയിട്ടുള്ളുവെങ്കിൽ അതുപോലെയുള്ള എത്രയോ ൫൦൦൦ രൂപാ ഈ ഗവണ്മെൻറിൽനിന്നും ചെലവാക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നുള്ള സംഗതികൂടി മെംബർ ഓർത്തിരിക്കേണ്ടതാണ്. അഥവാ ൫൦൦൦ രൂപാ ഉണ്ടെങ്കിൽതന്നെ അതു് ഞങ്ങളാരും എടുത്തിട്ടില്ല. ഒരു കമ്മ്യൂണിസ്ററുപാർട്ടിയുടെ നേതാവു് എന്നഭിമാനിക്കുന്ന എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ടി. വി. താമസ് ഇതുപോലുള്ള കാര്യങ്ങളിൽ ഗവണ്മെൻറിനെ കുററപ്പെടുത്തുന്നതു കാണുമ്പോൾ എനിക്കു് ലജ്ജ തോന്നുന്നു.

ശ്രീ. ടി. വി. താമസ്: എനിക്കതിൽ ഖേദമുള്ളതുകൊണ്ടാണ് ഞാൻ അതു പറഞ്ഞതു്. കാരണം ചേർത്തല താലൂക്കിൽ ൫൦൦൦ രൂപാ കൊടുത്തപ്പോൾ ആലപ്പുഴയിലെ ദുരിതാശ്വാസത്തിന് ഒന്നും കൊടുത്തില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, മദ്രാസ് നിയമസഭയിൽ അവിടത്തെ പ്രധാനമന്ത്രി പറഞ്ഞതുപോലെ "നിങ്ങൾ പറയുന്നതുപോലെയെല്ലാം ചെയ്താലും പിന്നെയും നിങ്ങൾ, നിങ്ങളുടെ നയം മാററുകയാണ്" ചെയ്യുന്നതു്. ഈ പദപ്രയോഗം വളരെ അർത്ഥവത്തു

തന്നെ. സർ, ൩൫൦ ലക്ഷം രൂപാ വിദ്യാഭ്യാസത്തിനുവേണ്ടി നീക്കി വച്ചപ്പോൾ ഫീസു കൂട്ടിയിരിക്കയാണ് എന്നു പരാതി പറഞ്ഞു. സെയിൽസ്ടാക്സിൽ ഏതാനും കുറവു വരുത്തിയപ്പോൾ വരവു കുറഞ്ഞുപോകുന്നുവെന്നു പറയുന്നു. ഇതു് പാലുള്ള അകിടിലും ചോര ഊററുന്ന സമ്പ്രദായമാണു്. സർ, കഴിഞ്ഞ മാർച്ചുമാസത്തിൽ അവതരിപ്പിച്ച ബഡ്ജററിനെക്കാൾ ഈ ബഡ്ജററിൽ പുരോഗമനപരമായ പല കാര്യങ്ങൾക്കും തുക കൊള്ളിച്ചിട്ടുണ്ടെന്നും കൊള്ളിച്ചിട്ടുള്ളതുകകൊണ്ടു് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ സാധിച്ചില്ലെങ്കിൽ കൂടുതൽ അതിലേക്കുവേണ്ടി ചെലവഴിക്കാൻ ഗവണ്മെൻറ തയ്യാറാണെന്നും ഫെഡറൽ ഫിനാൻഷ്യൽ ഇൻറിഗ്രേഷൻകൊണ്ടു് രാജ്യത്തിനോ രാജ്യനന്മയ്ക്കോ അതായതു് കാർഷികമോ വ്യാവസായികമോ ആയ യാതൊന്നിനുംതന്നെ ദൂഷ്യം സംഭവിക്കാൻ പോകുന്നില്ലെന്നു മാത്രമല്ല നമ്മുടെ സാമ്പത്തികഭദ്രതയെ സുശക്തമാക്കുകയാണു് ചെയ്തിട്ടുള്ളതെന്നും എൻെറ ബഹുമാന്യമെമ്പറന്മാർ അറിഞ്ഞിരിക്കേണ്ടതാണു്. ബഡ്ജററിനെപ്പററി ഞാൻ ഇത്രയും പറഞ്ഞതു് എൻെറ ഒരു മറുപടിപ്രസംഗമായി ഞാൻ കണക്കാക്കുന്നില്ല. കഴിഞ്ഞ മൂന്നുദിവസമായിട്ടു് നിയമസഭയിൽ നടന്ന പ്രസംഗങ്ങളുടെ കൂട്ടത്തിൽ ഇതു് ൩൫-ാമത്തെ പ്രസംഗമായിട്ടുമാത്രം നിങ്ങൾ കരുതിയാൽ മതി. നിങ്ങൾക്കു നമസ്കാരം.

The Assembly adjourned at 4-41 P. M. to meet again at 11 A. M. on Friday, the 4th July, 1952.

V. KRISHNAMOORTHI,
Secretary to the Legislative Assembly.

APPENDIX L

[Please see answer to question No. *178 (35).]

Actual output of both Sulphate and Super Phosphate each year and the relation of the same to the rated capacity in FACT.

Ammonium Sulphate			Super phosphate		Remarks.
Actual production		Rated capacity	Actual Production	Rated capacity	
1947	3,329 tons	..	Nil.	..	Trial period Commercial production started only from August 1948.
1948	2,130 ,,	45,000 tons	5,201 tons	10,000 to 12,000 tons	
1949	25,927 ,,	45,000 ,,	11,232 ,,	,,	
1950	95,738 ,,	,,	6,564 ,,	,,	
1951	18,492 ,,	,,	9,511 ,,	30,000 ,,	

APPENDIX II.

[See Answer to Question No. 48 (27)]

List of Industrial Concerns within the State in which Government have taken shares and dividends received during 1951-52,

(Financial year)

S. No.	Name of Company.	Dividend received during 1951-52 Rs.
1	Travancore Ogale Glass Manufacturing Co. Ltd. ..	Nil.
2	Fertilisers and Chemicals (Travancore) Ltd. ..	5,43,750
3	Travancore Electro-Chemical Industries Ltd. ..	Nil.
4	Punalur Paper Mills Ltd. ..	31,387-8-0
5	Aluminium Industries Ltd. ..	37,500
6	Travancore Sugars and Chemicals Ltd. ..	32,250
7	Vijayamohini Mills Ltd. ..	Nil.
8	West Coast Fisheries (Travancore) Ltd. ..	Nil.
9	Travancore Rayons Ltd. ..	Nil.
10	Electrical and Allied Industries Ltd. ..	Nil.
11	Bala Rama Varma Textiles Ltd. ..	Nil.
12	Forest Industries (Travancore) Ltd. ..	Nil.
13	Travancore Cements Ltd. ..	80,000
14	Travancore Enamel Industries Ltd. ..	Nil.
15	Travancore Titanium Products Ltd. ..	Nil.
16	Malabar Timber and Produce Co. Ltd. ..	Nil.
17	Travancore-Cochin Chemicals Ltd. ..	Nil.
18	United Electrical Industries Ltd. ..	Nil.
19	Travancore Steam Navigation Co. Ltd. ..	Nil.
20	Vaniampara Rubber Co. Ltd. ..	Nil.
21	Cochin State Power and Light Corporation Ltd. ..	Nil.
22	Indian Aluminium Co. Ltd. ..	{ 48,675 7,000
23	Indian Rare Earths Ltd. ..	1,01,350